VOL NO: 06 I ISSUE 49
www.nerpatham.com
mail@nerpatham.com
2022 DECEMBER 03 I ₹10

# നേർപഥം
വാരിക

## ആസ്വാദനത്തിന്റെ അതിരടയാളങ്ങൾ; അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും

മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണമേർപ്പെടുത്തി കേന്ദ്രസർക്കാർ നടത്തിയ ഭരണഘടനാഭേദഗതി ശരിവെച്ച സുപ്രീംകോടതി നടപടി ദൂരവ്യാപക പ്രത്യാഘാതങ്ങൾ വിളിച്ചു വരുത്തുന്നതാണെന്ന കാര്യത്തിൽ സംശയമില്ല. ഭരണഘടനാശിൽപികൾ അന്ന് വിഭാവനം ചെയ്ത മൂല്യങ്ങളിൽ എന്തു ന്യൂനതയാണ് ഇപ്പോൾ കണ്ടെത്തിയതെന്ന് വിശദീകരിക്കേണ്ടത് തിരുത്തലിന് നേതൃത്വം നൽകിയവർ തന്നെയാണ്.

# മുന്നാക്ക സംവരണം: അനീതിയുടെ സാമൂഹിക പരിസരം



|| ശിരോവസ്ത്ര നിരോധനം ഭ്രാതൃഭാവം തകർക്കും

|| 'ഒറ്റപ്പെട്ട' സംഭവങ്ങൾ 'തുടർക്കഥ'കളാകുമ്പോൾ

|| ശാരീരിക വളർച്ചയും വിനോദത്തിന്റെ പ്രാധാന്യവും




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

# 0306

# നേർപഥം

വാരിക

2022 ഡിസംബർ 3
1444 ജുമാദുൽ ഊല 8
പുസ്തകം 06 / ലക്കം 49






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**05**
മുഖമൊഴി
ആസ്വാദനത്തിന്റെ അതിരടയാളങ്ങൾ; അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും

**06**
ലേഖനം
രോഗിയുടെ നമസ്കാരം
ഹുസൈൻ സലഫി

**08**
ലേഖനം
മാറ്റമുണ്ടാക്കാൻ ശ്രമിച്ചാലേ മാറാൻ കഴിയൂ
ദുൽക്കർഷാൻ അലനല്ലൂർ

**18**
പാരന്റിംഗ്
ശാരീരിക വളർച്ചയും വിനോദത്തിന്റെ പ്രാധാന്യവും
അഷ്റഫ് എകരൂൽ

**23**
ക്വുർആൻ ദർശനം
അസ്സുഖ്റുഫ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

**26**
ലേഖനം
ശിരോവസ്ത്ര നിരോധനം ഭ്രാതൃഭാവം തകർക്കും
സുഫ്യാൻ അബ്ദുസ്സലാം

**32**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**34**
നമുക്കുചുറ്റും
'ഒറ്റപ്പെട്ട' സംഭവങ്ങൾ 'തുടർക്കഥ'കളാകുമ്പോൾ
ഡോ. ഷഹബാസ് കെ അബ്ബാസ്

# അറിയാതെ പോയ രണ്ട് തണലുകൾ

അല്ലാഹു നമുക്ക് ധാരാളം അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. അവയിൽപെട്ട വലിയ അനുഗ്രഹമാണ് മാതാപിതാക്കൾ. അവരുടെ കൂടെ ജീവിക്കാൻ കഴിയുക എന്നത് വലിയ ഭാഗ്യമാണ്. അവരോട് നല്ല നിലയിൽ പെരുമാറിയാൽ അത് ധാരാളം പ്രതിഫലങ്ങൾ ലഭിക്കാനും സ്വർഗപ്രവേശനം ലഭിക്കാനും കാരണമാകും. ക്വുർആനിൽ ആവർത്തിച്ച് വന്ന വിഷയം കൂടിയാണ് മാതാപിതാക്കളോടുള്ള ബാധ്യത. അല്ലാഹുവും നബിയും കഴിഞ്ഞാൽ പിന്നെ നാം ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടതും പരിഗണിക്കേണ്ടതും നമ്മുടെ മാതാപിതാക്കളെയാണ്. അവർക്ക് വിഷമം തോന്നുന്ന ഒരു സംസാരമോ പ്രവൃത്തിയോ നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ല. അവരോട് കയർക്കരുത് എന്നത് ക്വുർആനിന്റെ അധ്യാപനമാണ്.

“തന്നെയല്ലാതെ മറ്റാരെയും ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ റബ്ബ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽവെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് “ഛെ” എന്ന് പറയുകയോ അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് മാന്യമായ വാക്ക് പറയുക.” (ക്വുർആൻ 17:23)

ഈ ഒരു ആയത്തിൽകൂടി തന്നെ മാതാപിതാക്കളോടുള്ള ബാധ്യതയെകുറിച്ച് നമുക്ക് മനസ്സിലാക്കാം. അവർ ദേഷ്യപ്പെടാനുള്ള സാഹചര്യം ഒരിക്കലുമൊരുക്കരുത്. കാരണം, മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തി. അവരുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപവും. നാം അവർക്ക് വേണ്ടി ധാരാളം നന്മകൾ ചെയ്യുകയും പ്രാർഥിക്കുകയും ചെയ്യണം.

“നിന്റെ കാരുണ്യത്തിന്റെയും വിനയത്തിന്റെയും ചിറകുകൾ നീ അവർക്ക് വേണ്ടി താഴ്ത്തിക്കൊടുക്കുകയും ചെയ്യുക. അല്ലാഹുവെ ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയത് പോലെ നീ ഇവരോട് കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക.” (ക്വുർആൻ 17:24)

നമ്മെ ഒരു നിമിഷം പോലും കാണാതിരിക്കാൻ അവർക്ക് സാധിക്കില്ല. നാം വീട്ടിലേക്കെത്താൻ ഒരൽപം വൈകിയാൽ, എന്നും വിളിക്കുന്ന ഒരു ദിവസം വിളിക്കാതിരുന്നാൽ അവർ അസ്വസ്ഥരായിരിക്കും. നമ്മിൽ പലരും ചില സന്ദർഭങ്ങളിലെങ്കിലും ഉമ്മാന്റെ കണ്ണ് നിറയുന്നത് കണ്ടിട്ടുണ്ടാവും. എന്നാൽ അതിന്റെ അർഥം ഉപ്പാക്ക് നമ്മോട് സ്നേഹമില്ലാ എന്നാണോ? നമ്മളെപ്പറ്റിയുള്ള ചിന്തയില്ലാ എന്നാണോ? അല്ല, ഒരിക്കലും അല്ല. ഉപ്പ എന്ന വ്യക്തി എല്ലാം ഉള്ളിൽ അടക്കിപ്പിടിച്ച് സങ്കടങ്ങൾ കടിച്ച് പിടിച്ച് വെക്കുന്നവരാണ്.

“മാതാപിതാക്കളുടെ വിഷയത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു. പ്രയാസത്തിനുമേൽ പ്രയാസം അനുഭവിച്ച് കൊണ്ടാണ് നിന്റെ മാതാവ് നിന്നെ ഗർഭം ചുമന്നത്. മുലകുടി നിർത്തുന്നതാകട്ടെ രണ്ട് വർഷം കൊണ്ടുമാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക.” (ക്വുർആൻ 31:14)

പുതിയ തലമുറ ലഹരികളിൽ അഭിരമിക്കുന്നതും പ്രണയകൊലപാതകങ്ങളിൽ ഏർപ്പെടുന്നതും ഗെയിമുകൾക്ക് അടിമപ്പെട്ട് ആത്മഹത്യ ചെയ്യുന്നതും സിനിമകളും കൊറിയൻ ഡ്രാമകളും കണ്ട് ബി.ടി. എസ് ഫാനായി തോന്നിയത് പോലെ ജീവിക്കുന്നതും മാതാപിതാക്കളെപറ്റിയുള്ള ബോധ്യമില്ലാത്തത് കൊണ്ടാണ്.

‘ജീവിതം ഒന്നേയുള്ളൂ. അത് കളറാകണം. എന്ത് ഉപയോഗിച്ചാലും ഇല്ലെങ്കിലും മരിക്കുമെന്ന’ മറുപടിക്ക് തിരുത്തലുകൾ വരുത്താൻ നമുക്ക് സാധിക്കണം. ‘ജീവിതം ഒന്നേയുള്ളൂ. അത് റബ്ബിനെ ഭയന്ന് തഖ്‌വയോടെ ആയിരിക്കണം’ എന്ന് അവരെക്കൊണ്ട് പറയിപ്പിക്കാൻ നമുക്ക് കഴിയണം.

അടുക്കളയുടെ നാല് ചുമരുകൾക്കിടയിൽ നിന്ന് നമുക്ക് വേണ്ടി ഭക്ഷണം പാകം ചെയ്യുന്ന ഉമ്മ! രാവും പകലും നമുക്ക് വേണ്ടി ചോര നീരാക്കുന്ന ഉപ്പ! അവരെപ്പറ്റിയുള്ള ചിന്തയുണ്ടെങ്കിൽ തിന്മകളിലേക്ക് പോകാൻ നമുക്ക് ഒരിക്കലും സാധിക്കുകയില്ല. നമ്മെ കാണുന്നതിന് മുമ്പേ നമ്മെ സ്നേഹിക്കാൻ തുടങ്ങിയവരാണ് മാതാപിതാക്കൾ. ഗർഭാശയത്തിലുള്ള സമയം മുതൽ നമുക്ക് വേണ്ടി പ്രാർഥിക്കുന്നവരാണ് നമ്മുടെ മാതാപിതാക്കൾ. ആ രണ്ട് മരങ്ങളുടെ തണലിലാണ് നാം വളർന്നതെന്ന തിരിച്ചറിവ് എന്ന് കൈവരുന്നുവോ അന്ന് മാത്രമെ നമ്മുടെ അറിവ് പൂർണമാവുകയുള്ളൂ.

**മുഹമ്മദ് സ്വാലിഹ്**
ദാറുൽ ഫുർഖാൻ ഹിഫ്ള് സെന്റർ, തളിപ്പറമ്പ്

# ആസ്വാദനത്തിന്റെ അതിരടയാളങ്ങൾ; അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും

കളിക്കളത്തിന് പുറത്തെ ‘കളിനിയമങ്ങൾ’ മാറ്റിയെഴുതിക്കൊണ്ടിരിക്കുകയാണ് കളിലോകത്തെ ഇത്തിരിക്കുഞ്ഞനായ ഖത്തർ. വിനോദങ്ങൾക്കായി തങ്ങളുണ്ടാക്കിയ അഭിനവ കൊളോസിയത്തിന്റെ ഇട്ടാവട്ടങ്ങൾക്കപ്പുറത്തേക്ക് കാര്യങ്ങൾ കടന്നുപോയാൽ മുരടനക്കി തിട്ടൂരങ്ങളിറക്കുന്ന യൂറോപ്യന്മാരുടെ തിരുവായിലേക്കാണ് ഖത്തറെന്ന അറേബ്യൻ രാജ്യം നിയമങ്ങളുടെ മാനവിക മൂല്യങ്ങൾ പകർന്നുനൽകിയത്.

ഉണ്ടും ഉറങ്ങിയും ഭോഗിച്ചും ദ്രോഹിച്ചും, സ്വാതന്ത്ര്യത്തിന്റേതെന്ന് പാശ്ചാത്യർ വിളിക്കുന്ന ‘വിശാലസ്ഥലികളെ’ മുഴുവൻ ഫിഫയുടെ ആശീർവാദത്തോടെ ഫുട്ബാൾ സ്റ്റേഡിയത്തിന്റെ കൽഭിത്തിക്ക് പുറത്ത് നിർത്തിയ ഖത്തർ ഭരണകൂടത്തിന്റെ നടപടികൾ ‘സ്വതന്ത്രവാദി’കളെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്.

പാശ്ചാത്യന്റെ എന്ത് വിഴുപ്പും തക്കവും തരവും നോക്കാതെ തോളിൽകേറ്റുക എന്ന പതിവുരീതി ഫുട്ബാൾ ജ്വരത്തിന്റെ കാര്യത്തിൽ മാത്രം മലയാളികൾ മാറ്റിവെക്കുമെന്ന് പ്രതീക്ഷിക്കുന്നത് അതിമോഹമാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. ഭാഷാവ്യാകരണങ്ങൾക്ക് വഴങ്ങാത്ത പോർവിളികളും പിരടി മടക്കിയാലും കണ്ണിലൊതുങ്ങാത്ത കട്ടൗട്ട് ഗോപുരങ്ങളും ഒരുവേള അവരെപ്പോലും കടത്തിവെട്ടുന്ന രൂപത്തിലേക്ക് നമ്മുടെ ഫുട്ബോൾ ഭ്രാന്തിനെ കൊണ്ടുചെന്നെത്തിച്ചു എന്നത് ജഴ്സി ധരിക്കാത്ത യാഥാർഥ്യമാണ്.

അരവയറൂണിന്റെ ആഹാര ദാരിദ്ര്യത്തിൽനിന്ന് പാലഭിഷേകത്തിന്റെ ധന്യതയിലേക്കും ചോരുന്ന കൂരയുടെ ചതുരക്കള്ളികത്തുനിന്ന് ത്രീ ലെയർ ഫ്ളക്സ് കോഴിക്കൂടിന്റെ വിശാലതയിലേക്കും സമൂഹം നടന്നടുത്തപ്പോൾ സാമാന്യബോധം പേരിനെങ്കിലും ബാക്കിയുള്ള ചിലർ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ കാവൽ ശുനകൻമാരെ പരിഗണിക്കാതെ പ്രതികരിച്ചുപോയത് നിവൃത്തികേടുകൊണ്ടാവണം.

മതത്തിന്റെ കാര്യത്തിലായായും ‘മദ’ത്തിന്റെ കാര്യത്തിലായാലും ഔചിത്യബോധത്തിനായി വിരിച്ച പട്ടുപായയുടെ പുറത്തേ കിടക്കൂ എന്ന് വാശി പിടിക്കാറുള്ള പ്രത്യേക നേതൃത്വം ഇവിടെയും സമുദായത്തിന്റെ മിഅ്റാബിൽ കേറി പ്രതികരിച്ചിട്ടുണ്ട്. പക്ഷേ, അത് മന്ത്രിയും തന്ത്രിയും വരെ ഉന്തിക്കേറി തിട്ടൂരമിറക്കാനും രാജശാസനം കേട്ടയുടനെ വാ പൊത്തി റാൻ മൂളി മാപ്പ് പറയാനുമെല്ലാം നിമിത്തമായ പാതകമാണെന്ന് മനസ്സിലാക്കാനുള്ള വിവേകമൊന്നും തൊട്ടുതീണ്ടാതെ പോയത് സാമൂഹ്യബോധം കൊണ്ട് മാത്രമായിരിക്കില്ല, ‘ജീവജല’ത്തിൽ ഇത്തിരി ശൂരത്വത്തിന്റെ ഉപ്പ് കൂടിയതു കൊണ്ടായിരിക്കണം; തമ്പ്രാന്മാർ ക്ഷമിച്ചേക്കുക.

താരാരാധനയുടെ പേരിൽ നടക്കുന്ന പേക്കൂത്തുകൾ വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്നും അതിൽ കൈകടത്താൻ മതസംഘടനകൾക്കവകാശമില്ലെന്നുമാണ് ബഹു. മന്ത്രിയുടെ പ്രസ്താവന. പാട്ടു കേൾക്കണോ ഫുട്ബോൾ കാണണോ നടക്കാൻ പോണോ എന്നൊക്കെ തീരുമാനിക്കേണ്ടത് വ്യക്തികളാണ്, മത സംഘടനകളല്ല എന്ന് വ്യക്തമാക്കിയ അദ്ദേഹത്തിന് പക്ഷേ, മതനേതാക്കൾ എന്ത് പറയണമെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വകവെച്ച് കൊടുക്കാൻ തോന്നാത്തത് മോശമായിപ്പോയി. അതിനുശേഷം, താൻ പ്രസംഗിക്കുന്ന സദസ്സിൽ വെച്ച് സംസാരിച്ച സ്കൂൾ വിദ്യാർഥിയോട് ക്ഷുഭിതനായി ഇറങ്ങിപ്പോകാൻ ആവശ്യപ്പെട്ട മന്ത്രിയുടെ അഭിപ്രായസ്വാതന്ത്ര്യത്തിന്റെ വിശാലത കണ്ടപ്പോഴാണ് ആശ്വാസമായത്. സ്പീക്കറുടെ ഡയസ്സ് നൃത്തവേദിയാക്കാൻ വിശാല മനസ്കത കാണിച്ചവർക്ക് മന്ത്രിയുടെ സദസ്സ് അടക്കംപറച്ചിലിന്റെ അരങ്ങാക്കിയത് അംഗീകരിക്കാൻ പ്രയാസമൊന്നുമുണ്ടാവില്ലല്ലോ. ദോഷം പറയരുത്; അഭിപ്രായ സ്വാതന്ത്യത്തിന്റെയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും അസീമമായ അർഥതലങ്ങൾ ആത്മജ്ഞാനികൾക്ക് മാത്രമെ പിടികിട്ടൂ.



ലേഖനം

രോഗം: വിശ്വാസികൾ അറിയേണ്ടത് - 7

"നീ നിന്നുകൊണ്ട് നമസ്കരിക്കുക. നിനക്കതിന് സാധ്യമല്ലെങ്കിൽ ഇരുന്നുകൊണ്ട് നമസ്കരിക്കുക. അതിനും സാധ്യമല്ലെങ്കിൽ കിടന്നുകൊണ്ട് നമസ്കരിക്കുക. അതിനും കഴിയില്ലെങ്കിൽ ഒരു വശത്തേക്ക് ചെരിഞ്ഞു കിടന്ന് നമസ്കരിക്കുക"
- നബി(സ്വ)

# രോഗിയുടെ നമസ്കാരം

ഹുസൈൻ സലഫി
: +971 50 634 6963

### മറവി, ഉറക്കം കാരണത്താൽ നമസ്കാരം നഷ്ടപ്പെട്ടവർ എന്തു ചെയ്യണം?

എപ്പോഴാണോ ഓർമ വന്നത്, എപ്പോഴാണോ ഉണർന്നത് അപ്പോൾ തന്നെ നമസ്കാരം നിർവഹിക്കണം. ഏതായാലും സ്വുബ്ഹിയുടെ സമയം തെറ്റി, ഇനി ദുഹ്റിന്റെ സമയത്താകാം എന്നു പറഞ്ഞ് നീട്ടിവെക്കാൻ പാടില്ല. ദുഹ്റിന്റെ സമയത്ത് 'ഖളാഅ് വീട്ടുന്ന്' പരിപാടി ശരിയല്ല.

"ആരെങ്കിലും തന്റെ നമസ്കാരം മറന്ന് പോയാൽ, അല്ലെങ്കിൽ ഉറങ്ങിപ്പോയാൽ ഓർമ വന്നാൽ ഉടൻ അവൻ നമസ്കരിക്കട്ടെ. അതല്ലാത്ത പ്രായശ്ചിത്തമൊന്നും അവന് ചെയ്യാനില്ല."

നാല് ദിവസത്തിൽ ചുരുങ്ങിയ ദിവസം കഴിച്ച് കൂട്ടുമ്പോഴാണ് യാത്രക്കാർക്ക് ഈ ഇളവ് സ്വീകരിക്കാൻ നല്ലത്. ഒരു മാസത്തെ ചികിത്സയുണ്ട്. അകലെയുള്ള ആശുപത്രിയിൽ അഡ്മിറ്റാണ്. അങ്ങനെ വരുമ്പോൾ അയാൾ ഈ ഇളവുകൾ സ്വീകരിക്കാതിരിക്കലാണ് നല്ലത്. അയാൾ പൂർണമായി തന്നെ നമസ്കരിക്കുക. എന്നാൽ ഒരാൾ അഡ്മിറ്റായി. എപ്പോഴാണ് ഡിസ്ചാർജാവുക എന്നറിയുകയുമില്ല. എങ്കിൽ അയാൾ എത്ര കാലമാണോ അങ്ങനെ കിടക്കുന്നത്

അത്രയും കാലം അയാൾക്ക് യാത്രക്കാരന്റെ ഇളവ് ഉപയോഗപ്പെടുത്താം.

**രോഗിയുടെ നമസ്കാരം**

എങ്ങനെയാണ് രോഗി നമസ്കരിക്കേണ്ടതെന്ന് നബി(സ്വ) പറഞ്ഞു:

"നീ നിന്നുകൊണ്ട് നമസ്കരിക്കുക. നിനക്കതിന് സാധ്യമല്ലെങ്കിൽ ഇരുന്നുകൊണ്ട് നമസ്കരിക്കുക. അതിനും സാധ്യമല്ലെങ്കിൽ കിടന്നുകൊണ്ട് നമസ്കരിക്കുക."

പരവശനായ ഒരു രോഗിയോട് നബി(സ്വ) പറഞ്ഞു: "...അതിനും കഴിയില്ലെങ്കിൽ ഒരു വശത്തേക്ക് ചെരിഞ്ഞു കിടന്ന് നമസ്കരിക്കുക" (നസാഈ).

നിൽക്കാനും ഇരിക്കാനും കഴിയുന്നില്ലെങ്കിൽ കിടക്കുന്ന അവസ്ഥയിൽതന്നെ നമസ്കരിക്കുക. കാരണം അല്ലാഹു നമ്മുടെ കഴിവിൽ പെടാത്തത് ചെയ്യാൻ കൽപിച്ചിട്ടില്ല.

"...അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതിനപ്പുറം കൽപിക്കുന്നില്ല..." (സൂറതുൽ ബഖറ:286).

പലരും ചെറിയ പ്രയാസമുണ്ടാകുമ്പോഴേക്കും നമസ്കാരം കസേരയിൽ ഇരുന്നാക്കും. വടിയിൽ ഊന്നിയോ, അല്ലെങ്കിൽ ചുമരിലേക്കോ തൂണിലേക്കോ ചാരിയോ നിൽക്കാൻ കഴിയുമെങ്കിൽ നിൽക്കുക തന്നെയാണ് വേണ്ടത്. നിൽക്കാൻ പരമാവധി ശ്രമിക്കണം. അതിന് കഴിയില്ലെങ്കിലേ ഇരിക്കാവൂ.

സാധ്യമായ ഏതെങ്കിലും രൂപത്തിൽ ഇരിക്കുക. അതിനും കഴിയുകയില്ലെങ്കിൽ കിടന്നുകൊണ്ട് നമസ്കരിക്കുക. മുഖം ക്വിബ്‌ല യിലേക്ക് ആക്കി വലതുവശം ചെരിഞ്ഞ് കിടക്കുക. അതിനും കഴിയുകയില്ലെങ്കിൽ ഇടതുവശം ചെരിഞ്ഞുകിടന്ന് ക്വിബ്‌ലയുടെ ഭാഗത്തേക്ക് തിരിയുക. അതിനും കഴിയില്ലെങ്കിൽ മലർന്നു കിടന്നുകൊണ്ട് രണ്ടു കാലും ക്വിബ്‌ലയുടെനേരെ നീട്ടിവെച്ച്, സാധിക്കുമെങ്കിൽ തല ഒന്ന് ഉയർത്തിവെച്ച് ക്വിബ്‌ലയുടെ ഭാഗത്തേക്ക് മുഖമാക്കിയിട്ട് ആ കിടപ്പിൽ നമസ്കരിക്കണം. ആ കിടപ്പിൽ എല്ലാം അയാൾ മനസ്സിൽ കൊണ്ടുവരികയാണ് വേണ്ടത്. ദുഹ്ർ നമസ്കരിക്കുകയാണെങ്കിൽ അക്കാര്യം മനസ്സിൽ കരുതുക. 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞുകൊണ്ട് കൈ കെട്ടുക. കൈ അനക്കാൻ കഴിയില്ലെങ്കിൽ നീണ്ടുനിവർന്നു കിടന്ന് അതും മനസ്സിൽ കൊണ്ടുവന്നാൽ മതി. തുടർന്ന് പ്രാരംഭ പ്രാർഥന ചൊല്ലി, ഫാതിഹ ഓതി, സൂറത്ത് ഓതി അല്ലാഹു അക്ബർ എന്ന് പറയുക. പിന്നീട് മനസ്സു കൊണ്ട് റുകൂഅ് ചെയ്യണം. അങ്ങനെ നമസ്കാരത്തിലെ ഓരോ കർമവും മനസ്സുകൊണ്ട് ചെയ്യുക. ഓരോ കർമവും ശരീരംകൊണ്ട് ചെയ്യാൻ കഴിയുന്നത്ര ചെയ്യുക. ഈ രൂപത്തിലെങ്കിലും നമസ്കാരം നിർവഹിച്ചേ പറ്റൂ.

ശരീരം അനക്കാൻ കഴിയാത്തയാളുടെ കണ്ണ് മാത്രം ചലിക്കുന്നുവെങ്കിൽ കൺപോളകൾ കൊണ്ട് റുകൂഉം സുജൂദും ചെയ്യണമെന്നാണ് പണ്ഡിതൻമാർ പറഞ്ഞിട്ടുള്ളത്. കൺപോള ഉയർത്തി കണ്ണടച്ച് റുകൂഉം സുജൂദുകളും ചെയ്യുക. ഇങ്ങനെ ആംഗ്യം കാണിച്ചുകൊണ്ടെങ്കിലും കിടന്ന കിടപ്പിൽ അയാൾ നമസ്കരിക്കണം.

ഇരുന്നുകൊണ്ട് നമസ്കരിക്കുമ്പോൾ, എങ്ങനെയാണോ അയാൾക്ക് റുകൂഅ് ചെയ്യാൻ കഴിയുക അങ്ങനെ റുകൂഅ് ചെയ്യണം. നിലത്തിരുന്നുകൊണ്ടാണ് നമസ്കരിക്കുന്നതെങ്കിൽ, നിലത്ത് സുജൂദ് ചെയ്യാൻ കഴിയുമെങ്കിൽ സുജൂദിലേക്ക് അയാൾ പോകണം. നമസ്കരിക്കാൻ കസേരയിൽ ഇരിക്കുമ്പോൾ സുജൂദ് ചെയ്യാൻ മുമ്പിലൊരു ടേബിൾ വെച്ചുകൊടുക്കാറുണ്ട്. അതിന്റെ ആവശ്യമില്ല. നബി(സ്വ) അത് പഠിപ്പിച്ചിട്ടില്ല. ഒരു രോഗിക്ക് സുജൂദ് ചെയ്യാൻ തലയിണ പൊക്കിവെച്ച് കൊടുത്തപ്പോൾ അത് നീക്കാനാണ് റസൂൽ(സ്വ) പറഞ്ഞത്. അങ്ങനെ ഒരു വസ്തുവിൻമേലും സുജൂദ് ചെയ്യേണ്ടതില്ല. എങ്ങനെയാണോ റുകൂഅ് ചെയ്തത്, അതിനെക്കാൾ മുന്നോട്ടാഞ്ഞ് അവൻ സുജൂദ് ചെയ്യണം.

ഒരു രോഗി, അയാൾക്ക് നിന്ന് നമസ്കരിക്കാൻ കഴിയും. പക്ഷേ, അയാൾക്ക് റുകൂഇലേക്ക് മുതുക് വളയുന്നില്ല. സുജൂദിനും കഴിയില്ല. എങ്കിൽ അയാൾ നിന്നുകൊണ്ട് നമസ്കരിക്കണം. റുകൂഇലേക്ക്

**നാലോ അഞ്ചോ മണിക്കൂറെടുത്തു ഓപ്പറേഷൻ തീരാൻ. ബോധം വന്നപ്പോൾ പിറ്റേന്ന് ദുഹ്റായിട്ടുണ്ട്. അതിനിടയിൽ എത്ര വക്വ്ത്ത് നമസ്കാരം അയാൾക്ക് നഷ്ടപ്പെട്ടിട്ടുണ്ടോ അതെല്ലാം ക്രമത്തിൽ നിർവഹിക്കണം. അയാൾക്ക് കൃത്യമായി ഓർമയുണ്ടാകില്ല. പരിചാരകർ അത് പറഞ്ഞുകൊടുക്കണം. 'ഇങ്ങനെയുള്ള അവസ്ഥയിലും നമസ്കരിക്കാൻ പറയുകയോ' എന്നു പറഞ്ഞ് പലരും നെറ്റിചുളിക്കും. എന്നാൽ മനസ്സിലാക്കുക; ഇത് ഗൗരവമുള്ള വിഷയമാണ്. ഹോസ്പിറ്റലിലാണെങ്കിലും വീട്ടിലാണെങ്കിലും ഇത് പറഞ്ഞുകൊടുക്കാൻ ഇന്ന് ആരുമില്ല. സന്ദർശകരൊക്കെ ചികിത്സയെ പറ്റിയും മറ്റും വിശദമായി ചോദിച്ചറിയും. എന്നാൽ നമസ്കാരത്തെ കുറിച്ച് ചോദിക്കില്ല. അയാൾക്ക് സാധിക്കുന്ന രൂപത്തിൽ നമസ്കരിച്ചാൽ മതി. എന്നിട്ടും അത് വലിയ ഭാരമായി ചിലർ കാണുന്നു.**

അൽപം കുനിയാൻ സാധിക്കുമെങ്കിൽ കുനിയുക. അയാൾക്ക് മുന്നോട്ട് കുനിയാൻ എത്ര പറ്റുമോ അങ്ങനെ ഒന്നുകൂടി മുന്നോട്ട് കുനിഞ്ഞ് സുജൂദ് ചെയ്യുക. അങ്ങനെ അയാൾ നമസ്കാരം പൂർത്തിയാക്കണം. നമസ്കാരം ഒഴിവാക്കാൻ ഈ അസൗകര്യങ്ങളൊന്നും കാരണമല്ല. ഇങ്ങനെയാണ് നബി (സ്വ) ഗൗരവത്തോടെ പഠിപ്പിച്ചുതന്നിട്ടുള്ളത്.

**ചില രോഗികൾ ഓപ്പറേഷന് വിധേയരാകും. അനസ്തേഷ്യ കൊടുത്തതിനാൽ ബോധമില്ലാത്ത അവസ്ഥയുണ്ടാകും. ബോധം തെളിയാൻ ചിലപ്പോൾ മണിക്കൂറുകളോ ദിവസങ്ങളോ പിടിച്ചേക്കാം. അപ്പോൾ കുറെ നമസ്കാരങ്ങൾ നഷ്ടപ്പെടും. അയാൾ എന്തുചെയ്യണം?**

അയാൾക്ക് ബോധം തെളിഞ്ഞാൽ ക്രമപ്രകാരം നഷ്ടപ്പെട്ട നമസ്കാരങ്ങൾ നിർവഹിക്കണം. അബോധാവസ്ഥയിൽ രോഗിക്ക് നമസ്കാരം നിർബന്ധമില്ല. കാരണം, ഈ അബോധാവസ്ഥ രോഗിക്ക് സ്വയം ഉണ്ടായതല്ല. ഉറക്കിന്റെ വിധിയാണ് ഇതിനുള്ളത്. ഉറങ്ങുന്നവൻ ഉണർന്നാലാണ് അവന് നമസ്കാരമുള്ളത്. ഉറക്കത്തിൽ നഷ്ടപ്പെട്ട നമസ്കാരം വീണ്ടെടുക്കുന്നതുപോലെ ബോധം നഷ്ടപ്പെട്ടവൻ ബോധം വന്നാൽ നമസ്കരിക്കണം.

നാലോ അഞ്ചോ മണിക്കൂറെടുത്തു ഓപ്പറേഷൻ തീരാൻ. ബോധം വന്നപ്പോൾ പിറ്റേന്ന് ദുഹ്റായിട്ടുണ്ട്. അതിനിടയിൽ എത്ര വക്ത് നമസ്കാരം അയാൾക്ക് നഷ്ടപ്പെട്ടിട്ടുണ്ടോ അതെല്ലാം ക്രമത്തിൽ നിർവഹിക്കണം. അയാൾക്ക് കൃത്യമായി ഓർമയുണ്ടാകില്ല. പരിചാരകർ അത് പറഞ്ഞുകൊടുക്കണം.

‘ഇങ്ങനെയുള്ള അവസ്ഥയിലും നമസ്കരിക്കാൻ പറയുകയോ’ എന്നു പറഞ്ഞ് പലരും



നെറ്റിചുളിക്കും. എന്നാൽ മനസ്സിലാക്കുക; ഇത് ഗൗരവമുള്ള വിഷയമാണ്. ഹോസ്പിറ്റലിലാണെങ്കിലും വീട്ടിലാണെങ്കിലും ഇത് പറഞ്ഞുകൊടുക്കാൻ ഇന്ന് ആരുമില്ല. സന്ദർശകരൊക്കെ ചികിത്സയെ പറ്റിയും മറ്റും വിശദമായി ചോദിച്ചറിയും. എന്നാൽ നമസ്കാരത്തെ കുറിച്ച് ചോദിക്കില്ല. അയാൾക്ക് സാധിക്കുന്ന രൂപത്തിൽ നമസ്കരിച്ചാൽ മതി. എന്നിട്ടും അത് വലിയ ഭാരമായി ചിലർ കാണുന്നു.

മനപ്പൂർവം ഒരു നമസ്കാരം ഒരാൾ ഒഴിവാക്കുകയാണെങ്കിൽ അതിനെ വീണ്ടെടുക്കാൻ കഴിയുകയില്ലായെന്നത് തിരിച്ചറിയുക. അതിനാൽ നമസകാരത്തിന്റെ കാര്യത്തിൽ ജാഗ്രത പുലർത്തുക. ഇസ്‌ലാമിക നിയമങ്ങൾ കാത്തുസൂക്ഷിച്ച് ജീവിക്കാൻ അല്ലാഹു തൗഫീക് നൽകുമാറാകട്ടെ. രോഗം ആർക്കും എപ്പോഴും സംഭവിക്കാവുന്നതാണ്. രോഗിയായിക്കഴിഞ്ഞാൽ ക്ഷമയവലംബിച്ച്, മരുന്ന് കഴിച്ച്, പ്രാർഥനയോടെ, അല്ലാഹുവിൽ ഭരമേൽപിച്ച് കഴിയുക. രോഗം വരാതിരിക്കാൻ നാം അല്ലാഹുവിനോട് നിരന്തരം പ്രാർഥിക്കുക. രോഗികൾക്ക് വേണ്ടി പ്രാർഥിക്കുക. എല്ലാ വേദനകൾക്കും സഹനങ്ങൾക്കും വലിയ പ്രതിഫലമുണ്ടെന്ന് നാം മനസ്സിലാക്കിയല്ലോ. മാരകമായ രോഗങ്ങളിൽ നിന്നും അല്ലാഹു നമ്മെയെല്ലാം സംരക്ഷിക്കുമാറാകട്ടെ.

**(അവസാനിച്ചു)**

**ലേഖനം**


# മാറ്റമുണ്ടാക്കാൻ ശ്രമിച്ചാലേ മാറാൻ കഴിയൂ

**ദുൽക്കർഷാൻ അലനല്ലൂർ**
**: 9447745299**

മനുഷ്യരിൽ ചിലർ സ്വാർഥരാണ്. സമൂഹത്തിൽ എല്ലാവർക്കും ലഭിക്കണമെന്ന ഉദ്ദേശ്യത്തിൽ വിതരണം ചെയ്യപ്പെടുന്ന സാധന സാമഗ്രികൾ തനിക്ക് ഇഷ്ടപ്പെട്ടതാണെങ്കിൽ മറ്റുള്ളവരുടെ നഷ്ടം പരിഗണിക്കാതെ സ്വന്തമാക്കുന്നവരുണ്ട്. ജോലി സ്ഥലത്ത് സഹപ്രവർത്തകരുടെ അനുകമ്പയും സഹായവും ലഭിക്കുന്നതിന് എല്ലാവരെയും സുഖിപ്പിച്ച് തന്റെ കാര്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നവരുണ്ട്. കൂടെയുള്ളവരെ ചൂഷണംചെയ്തും പറ്റിച്ചും സ്വാർഥ താൽപര്യങ്ങളെ നിറവേറ്റുന്നവരും അപരന്റെ നഷ്ടവും ദുഃഖവും തങ്ങളുടെ ലാഭവും സന്തോഷവുമാക്കുന്നവരുമുണ്ട്.

എന്നാൽ ഇത്തരക്കാർക്ക് പരുക്ക് പറ്റുന്നതോ പ്രയാസമുണ്ടാക്കുന്നതോ നഷ്ടം സംഭവിക്കുന്നതോ; തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കോ ആഗ്രഹങ്ങൾക്കോ തടസ്സംനിൽക്കുന്നതോ ആയ വല്ലതുമുണ്ടെങ്കിൽ അത് ഇവരുടെ ഉറക്കം കെടുത്തുകയും പരമാവധി അതിനെ ചെറുക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യും. തങ്ങൾക്ക് നഷ്ടമുണ്ടാക്കുന്ന ഒന്നും ഇവർക്ക് സഹിക്കാനാകില്ല.

മറ്റുള്ളവരുടെ പ്രയാസങ്ങളെയും പ്രശ്നങ്ങളെയും മനസ്സിലാക്കാതെയും കാണാതെയും പോകുക എന്നത് നല്ല മനസ്സിന്റെ



ഉടമകൾക്ക് സാധിക്കുമോ? അപരന്റെ പ്രശ്നങ്ങളെ തിരിച്ചറിഞ്ഞ് പരിഗണനയും സഹായവുമായി വർത്തിക്കുന്നിടത്തല്ലേ മനുഷ്യത്വവും നന്മയും വിജയവും ഉണ്ടാകുന്നത്?

പ്രമുഖ പണ്ഡിതനും പ്രബോധകനും പരിശീലകനുമായ ഡോ. മുഹമ്മദ് അൽഅരീഫി തന്റെ 'ഇസ്തംതിഅ് ബി ഹയാതിക' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'അലിയ്യ് ഇബ്നു ജഹം സാഹിത്യവല്ലഭനായ കവിയായിരുന്നു. മരുഭൂമിയിലെ ജീവിതം മാത്രം അറിയുന്ന പരുക്കനായ ഗ്രാമീണനും. ഒരിക്കൽ അദ്ദേഹം ബാഗ്ദാദ് സന്ദർശിച്ചപ്പോൾ ഖലീഫയായ മുതവക്കിലിനെ പുകഴ്ത്തിപ്പാടുന്നവർക്ക് അദ്ദേഹത്തിന്റെ പ്രീതി നേടാനും സമ്മാനങ്ങൾ ലഭിക്കാനും കഴിയുമെന്ന് ആരോ പറഞ്ഞുകേട്ടു. സന്തോഷഭരിതനായ അലി ഖലീഫയെ മുഖം കാണിച്ചു. കവികൾ കവിതയാലപിക്കുന്നതും സമ്മാനങ്ങൾ നേടുന്നതും അദ്ദേഹം കണ്ടു. അലി ഘനഗംഭീരഭാവത്തിൽ ഖലീഫയെ വർണിച്ചുകൊണ്ട് ഒരു കവിതയാലപിച്ചു.

സാധാരണഗതിയിൽ രാജാവിനെ സൂര്യനോടും ചന്ദ്രനോടും പർവതങ്ങളോടുമാണ് കവികൾ ഉപമിക്കാറ്. എന്നാൽ തനിക്ക് സുപരിചിതമായ നായ, ആട്ടിൻകുട്ടി, കിണർ, വെള്ളം കോരുന്ന പാത്രം എന്നിവയോടൊക്കെയാണ് അലിയ്യ് ഇബ്നു ജഹം ഉപമിച്ചത്.

കേട്ടമാത്രയിൽ ഖലീഫ കോപിച്ചു. അംഗരക്ഷകർ ജാഗരൂകരായി. ആരാച്ചാർ വാൾ ഉറയിൽ നിന്നൂരി തലവെട്ടാൻ തയ്യാറായി നിന്നു. എന്നാൽ മരുഭൂമിയിലെ ജീവിതം അലിയെ സ്വാധീനിച്ചതാണെന്ന് രാജാവ് തിരിച്ചറിഞ്ഞു. ആ പ്രകൃതം മാറ്റിയെടുക്കണമെന്ന് രാജാവിനു തോന്നി. രാജകല്പന പ്രകാരം അദ്ദേഹത്തെ ഒരു ഉന്നതമായ കൊട്ടാരത്തിൽ താമസിപ്പിച്ചു. സർവവിധ സൗകര്യങ്ങളും നൽകി പരിചരിച്ചു. അലി അനുഭൂതികളാസ്വദിച്ചു. ചാരുകട്ടിലുകളിൽ ചാരിയിരുന്നു. ഉന്നത കവികളും സാഹിത്യസമ്രാട്ടുകളുമൊന്നിച്ച് ഏഴുമാസം ചെലവഴിച്ചു.

പിന്നീടൊരു രാത്രി, തന്റെ സദസ്സിലിരിക്കവെ ഖലീഫയ്ക്ക് അലിയെ ഓർമവന്നു. ഉടനെ അദ്ദേഹത്തെ ഹാജറാക്കി. കവിതയാലപിക്കാൻ ആവശ്യപ്പെട്ടു. ആർദ്രമായ വാക്കുകൾകൊണ്ട് വികാരങ്ങൾ ഇളക്കിവിട്ട്, രാജാവിനെ സൂര്യനോടും നക്ഷത്രങ്ങളോടും വാളിനോടുമുപമിച്ച് അദ്ദേഹം കവിതയാലപിച്ചു.

ഖലീഫയ്ക്ക് എങ്ങനെ അലിയ്യ് ഇബ്നു ജഹമിന്റെ പ്രകൃതം മാറ്റിത്തീർക്കാൻ സാധിച്ചു? മക്കളുടെയും സുഹൃത്തുക്കളുടെയും പ്രകൃതം പ്രയാസമുണ്ടാക്കുമ്പോൾ അത് തിരുത്താൻ നാം ശ്രമിക്കാറുണ്ടോ? നമുക്ക് നമ്മുടെ പ്രകൃതം മാറ്റാൻ സാധിക്കണമെന്നതാണ് ഏറ്റവും പ്രധാനം. മുഖം ചുളിക്കുന്നതിനെ പുഞ്ചിരിയാക്കി മാറ്റണം. കോപത്തെ സഹനവും പിശുക്കിനെ ഔദാര്യവുമാക്കി മാറ്റണം. ഇതത്ര പ്രയാസകരമായ കാര്യമൊന്നുമല്ല. നിശ്ചയദാർഢ്യവും പരിശീലനവും വേണമെന്നു മാത്രം.

പ്രവാചകന്റെ ജീവിതം പരിശോധിച്ചാൽ, അവിടുന്ന് പുലർത്തിയ ഉൽകൃഷ്ടമായ സ്വഭാവവൈശിഷ്ട്യത്തിലൂടെ അവരുടെ മനം കവർന്നിരുന്നതായി കാണാം. വീട്ടിൽ തിരിച്ചെത്തിയാൽ സഹനം കോപമായും ആർദ്രത കലഹമായും മാറുന്ന കൃത്രിമമായ മര്യാദ പ്രകടനമായിരുന്നില്ല. അദ്ദേഹത്തിന്റേത്. ജനങ്ങളോട് ചിരിക്കുകയും വീട്ടുകാരോട് മുഖം ചുളിക്കുകയും ചെയ്യുന്ന തരക്കാരനായിരുന്നില്ല. പ്രവാചകൻ(സ്വ). ഭാര്യാസന്താനങ്ങളോടില്ലാത്ത മാന്യത തിരുമേനിക്ക് മറ്റു സൃഷ്ടികളോട് ഉണ്ടായിരുന്നില്ല. പ്രത്യുത, അവിടുത്തെ സ്വഭാവഗുണങ്ങൾ സ്വന്തം പ്രകൃതമായിരുന്നു. ഐഛിക നമസ്കാരം അനുഷ്ഠിക്കുന്നതുപോലെ, അതുമുഖേന ദൈവപ്രീതി കരസ്ഥമാക്കുകയായിരുന്നു അവിടുന്ന്. പുഞ്ചിരിയെ പുണ്യമായും കാരുണ്യത്തെ ആരാധനയായും സഹനത്തെയും ആർദ്രതയെയും നന്മകളായുമാണ് നബിതിരുമേനി(സ്വ) കണ്ടത്.

സൽസ്വഭാവത്തെ അല്ലാഹുവിന്റെ സംതൃപ്തിക്ക് കാരണമായി മനസ്സിലാക്കുന്നവർ അത് എപ്പോഴും പാലിക്കുമെന്നതിൽ സംശയമില്ല. സന്തോഷവേളയിലും സന്താപവേളയിലും ദാരിദ്ര്യാവസ്ഥയിലും സുഭിക്ഷതയിലും രോഗാവസ്ഥയിലും ആരോഗ്യാവസ്ഥയിലുമെല്ലാം അതു പാലിക്കപ്പെടേണ്ടതുണ്ട്.

അപരന്റെ പ്രയാസങ്ങളിൽ പരിഹാരം നിർദേശിച്ചും, ആപൽഘട്ടങ്ങളിൽ കൂടെനിന്ന് ധൈര്യം പകർന്നും, അത്യാവശ്യങ്ങളറിഞ്ഞ് സഹായിച്ചും ജീവിക്കുമ്പോഴാണ് ഒരുമയും സ്നേഹവും ആദരവും ജീവിത വിജയവും ഉണ്ടാകുന്നത്. ■



> മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണമേർപ്പെടുത്തി കേന്ദ്രസർക്കാർ നടത്തിയ ഭരണഘടനാഭേദഗതി ശരിവെച്ച സുപ്രീം കോടതി നടപടി ദൂരവ്യാപക പ്രത്യാഘാതങ്ങൾ വിളിച്ചുവരുത്തുന്നതാണെന്ന കാര്യത്തിൽ സംശയമില്ല. ഭരണഘടനാശിൽപികൾ അന്ന് വിഭാവനം ചെയ്ത മൂല്യങ്ങളിൽ എന്തു ന്യൂനതയാണ് ഇപ്പോൾ കണ്ടെത്തിയതെന്ന് വിശദീകരിക്കേണ്ടത് തിരുത്തലിന് നേതൃത്വം നൽകിയവർ തന്നെയാണ്.

# മുന്നാക്ക സംവരണം: അനീതിയുടെ സാമൂഹിക പരിസരം

**മുജീബ് ഒട്ടുമ്മൽ**
**:9744431890**

തൊഴിൽ, വിദ്യാഭ്യാസ മേഖലയിൽ മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണമേർപ്പെടുത്തിയ കേന്ദ്ര സർക്കാറിന്റെ നടപടി സുപ്രീം കോടതി ശരിവച്ചിരിക്കുകയാണല്ലോ! മുന്നാക്ക വിഭാഗത്തിന് സാമ്പത്തിക സംവരണം നൽകുന്നതിന് കൊണ്ടുവന്ന ഭരണഘടനയുടെ 103ാം ഭേദഗതിക്കെതിരെയുള്ള ഹർജിയിലാണ് സുപ്രീം കോടതിയിലെ ഭരണഘടനാ ബെഞ്ചിന്റെ സുപ്രധാനവിധി വന്നിരിക്കുന്നത്. ഭരണഘടനയുടെ അടിസ്ഥാനഘടനയെതന്നെ മാറ്റുന്നതാണോ മുന്നാക്ക സംവരണം സമ്പന്ധിച്ച ഭേദഗതി എന്നതായിരുന്നു ബെഞ്ച് പരിഗണിച്ചിരുന്നത്.

അഞ്ചംഗ ഭരണഘടനാ ബെഞ്ചിൽ ജസ്റ്റിസ് ദിനേശ് മഹേശ്വരി, ജസ്റ്റിസ് ഭേല എം ത്രിവേദി, ജസ്റ്റിസ് ജെ.ബി പർദിവാല എന്നിവരാണ് മുന്നാക്ക സംവരണത്തെ അനുകൂലിച്ചത്. എന്നാൽ ചീഫ് ജസ്റ്റിസ് യു. യു ലളിത്, ജസ്റ്റീസ് എസ്.രവീന്ദ്രഭട്ട് എന്നിവർ സംവരണത്തെ എതിർത്തു. മുന്നാക്ക സംവരണം ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾക്കും സാമൂഹിക

നീതിക്കും എതിരാണെന്ന ജസ്റ്റിസ് രവീന്ദ്ര ഭട്ടിന്റ വിയോജനവിധിയോട് അനുകൂലിക്കുന്നതായി ചീഫ് ജസ്റ്റിസ് വ്യക്തമാക്കുകയായിരുന്നു. ഭരണഘടന വിലക്കിയ വിവേചനം ഭേദഗതിയിലൂടെ നടപ്പാക്കുകയാണെന്നും ജാതി വിവേചനത്തിന്റ ദുരിതങ്ങളെ നയപരമായി അംഗീകരിക്കുന്നതിന് തുല്യമാണ് മുന്നാക്ക സംവരണമെന്നും ജസ്റ്റിസ് രവീന്ദ്ര ഭട്ട് നിരീക്ഷിച്ചു.

2019 ജനുവരിയിൽ ഭരണഘടനയുടെ 15, 16 അനുച്ഛേദങ്ങൾ ഭേദഗതി ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികളിലും മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിച്ചതിനെതിരെയുള്ള 39 ഹർജികൾ പരിഗണിച്ചു കൊണ്ടാണ് ഇങ്ങനെ ഒരു വിധി പ്രസ്താവിച്ചത്. സംവരണം സാമ്പത്തിക പദ്ധതിയല്ലെന്നും പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിനുള്ള ഉപാധിയാണെന്നും ഹർജിക്കാർ വാദിച്ചു. സാമ്പത്തിക സംവരണത്തിൽനിന്ന് പിന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ ഒഴിവാക്കിയതും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് വാദിച്ചിട്ടും വിധി വിപരീതമായാണ് പ്രസ്താവിച്ചത്.

ഇന്ത്യൻ പൈതൃകത്തെയും വൈവിധ്യത്തെയും പരിഹസിച്ചുകൊണ്ട് നീതിപീഠത്തിൽനിന്ന് ഇങ്ങനെ ഒരു നിരീക്ഷണമുണ്ടാകുമെന്ന് ആരും പ്രതീക്ഷിച്ചതാവാനിടയില്ല. മാറിയ സാഹചര്യത്തിൽ പൊതു സമൂഹത്തിലും ഇതര സ്ഥാപനങ്ങളിലുമെന്നതുപോലെ ഇന്ത്യൻ സുപ്രീം കോടതിയിലും ഭരണഘടനാ വിരുദ്ധരായ വലതുപക്ഷ കാഴ്ചപാട് വളർന്നുവരുന്നുവെന്നത് ആശങ്കാജനകമാണ്. ബാബരി മസ്ജിദ് കേസിലും കോടതി വിധിയെ ബഹുസ്വരസമൂഹം ആശങ്കയോടുകൂടിയാണ് കണ്ടത്.

സവർണ തമ്പുരാക്കൻമാരുടെ കീഴിൽ മുസ്‌ലിംകളടക്കമുള്ള പിന്നാക്ക വിഭാഗങ്ങൾ രണ്ടാം കിട പൗരൻമാരായി കഴിയണമെന്ന സംഘപരിവാർ ലക്ഷ്യങ്ങളുടെ സാക്ഷാൽകാരത്തിനായി ജുഡീഷ്യറി പോലും പ്രവർത്തിക്കുന്നുവെന്ന ധാരണ നൽകുന്നതാണ് ഇത്തരം സമീപനങ്ങൾ. ന്യൂനപക്ഷങ്ങളെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിയിടുന്ന പൗരത്വവിഷയമടക്കമുള്ള കേസുകളുടെ അവസ്ഥകളും ഇത് പോലെയാകുമെന്ന ആശങ്ക ബലപ്പെട്ടുവരികയാണ്. ഓരോ ആനുകൂല്യവും കവർന്നെടുത്ത് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളെ അരികുവൽകരിക്കാനുള്ള നീക്കങ്ങളുടെ ഭാഗമാണിതെല്ലാം എന്ന് കരുതേണ്ടിയിരിക്കുന്നു.

**സംവരണ ലക്ഷ്യം**

മൃഗങ്ങൾക്ക് പോലും സഞ്ചരിക്കുവാൻ സ്വാതന്ത്ര്യമുള്ള വഴിയിലൂടെ പിന്നാക്ക വിഭാഗത്തിലുള്ളവരെ നടന്നുപോകാൻ അനുവദിക്കാത്ത അയിത്തബോധം ഇന്ത്യയുടെ പ്രാചീനകാലം മുതലേയുള്ളതാണ്. സവർണർക്ക് ദാസ്യവേല ചെയ്യാൻ മാത്രം വിധിക്കപ്പെട്ട ദളിതരും പിന്നാക്കക്കാരുമായ ഒരു ജനതയെ മനുഷ്യരായി കാണാൻപോലും വിസമ്മതിച്ച സാമൂഹ്യക്രമമായിരുന്നു ഇന്ത്യയിലേത്.




2019 ജനുവരിയിൽ ഭരണഘടനയുടെ 15, 16 അനുച്ഛേദങ്ങൾ ഭേദഗതി ചെയ്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ജോലികളിലും മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിച്ചതിനെതിരെയുള്ള 39 ഹർജികൾ പരിഗണിച്ചു കൊണ്ടാണ് ഇങ്ങനെ ഒരു വിധി പ്രസ്താവിച്ചത്. സംവരണം സാമ്പത്തിക പദ്ധതിയല്ലെന്നും പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിനുള്ള ഉപാധിയാണെന്നും ഹർജിക്കാർ വാദിച്ചു. സാമ്പത്തിക സംവരണത്തിൽനിന്ന് പിന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ ഒഴിവാക്കിയതും ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾക്ക് വിരുദ്ധമാണെന്ന് വാദിച്ചിട്ടുണ്ടും വിധി വിപരീതമായാണ് പ്രസ്താവിച്ചത്. ഇന്ത്യൻ പൈതൃകത്തെയും വൈവിധ്യത്തെയും പരിഹസിച്ചുകൊണ്ട് നീതിപീഠത്തിൽനിന്ന് ഇങ്ങനെ ഒരു നിരീക്ഷണമുണ്ടാകുമെന്ന് ആരും പ്രതീക്ഷിച്ചതാവാനിടയില്ല. മാറിയ സാഹചര്യത്തിൽ പൊതു സമൂഹത്തിലും ഇതര സ്ഥാപനങ്ങളിലുമെന്നതുപോലെ ഇന്ത്യൻ സുപ്രീം കോടതിയിലും ഭരണഘടനാ വിരുദ്ധരായ വലതുപക്ഷ കാഴ്ചപാട് വളർന്നുവരുന്നുവെന്നത് ആശങ്കാജനകമാണ്.

**ഭരണഘടന നിർമ്മാണസഭയിൽ പ്രധാനമായും ഉയർന്നുവന്ന മൂന്ന് അഭിപ്രായങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ഇന്ന് നാം ഭരണഘടനയിൽ കാണുന്ന സംവരണത്തെ രൂപപ്പെടുത്തിയത് ഡോ. അംബേദ്കറാണ്. അദ്ദേഹം പറഞ്ഞു: "ഈ സഭയിൽ ഉയർന്നുവന്ന മൂന്ന് പ്രധാന അഭിപ്രായങ്ങളിൽ ഒന്ന് എല്ലാ പൗരൻമാർക്കും തുല്യ അവസരം ഉണ്ടായിരിക്കണമെന്നതാണ്. ഈ തത്ത്വം പ്രാവർത്തികമാകണമെങ്കിൽ ഏതെങ്കിലും വർഗത്തിനോ സമുദായത്തിനോ പ്രത്യേകമായി സംവരണം പാടില്ല. പൊതു ഭരണ സംവിധാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം യോഗ്യരാണെങ്കിൽ എല്ലാ പൗരൻമാരെയും തുല്യനിലയിൽ പരിഗണിക്കണം.'' അതോടൊപ്പം തന്നെ ഉയർന്നുവന്ന ശക്തമായ അഭിപ്രായം അവസര സമത്വത്തിനോടൊപ്പം ഇത്രയുംകാലം ഭരണത്തിൽനിന്ന് ഒഴിവാക്കി നിറുത്തപ്പെട്ട സമുദായങ്ങൾക്ക് പ്രവേശനം നൽകുന്നതിന് സംവിധാനം വേണം എന്നതാണ്.**

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ അടിസ്ഥാന മൂല്യങ്ങളിൽ ഭദ്രമായ സാമൂഹ്യ ജനാധിപത്യത്തിന്റ അനിവാര്യതയ്ക്ക് വേണ്ടിയാണ് ഭരണഘടന ശിൽപികൾ നിയമനിർമാണം നടത്തിയത്. ഈതത്ത്വങ്ങൾക്ക് വിഘാതമാകുന്ന ഘടകങ്ങളെന്തൊക്കെയെന്ന് ദീർഘവീക്ഷണത്തോടെ രാഷ്ട്ര ശിൽപികൾ കണ്ടെത്തിയിട്ടുണ്ട്. അതിനെ പ്രതിരോധിക്കാനുള്ള പ്രായോഗിക മാർഗങ്ങളും അവർ രേഖപ്പെടുത്തിയിട്ടുണ്ട്.

എല്ലാവരും തുല്യരാകണമെന്ന തത്ത്വമാണ് യഥാർഥത്തിൽ ജനാധിപത്യത്തിന്റെ കാതൽ. അതുകൊണ്ട് തന്നെ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ തുല്യതയെ നിർവചിച്ചിരിക്കുന്നത് അവസരത്തിന്റയും പദവിയുടെയും തലത്തിലാണ് (Equaltiy of status and opportuntiy). ഇന്ത്യൻ ഭരണഘടനയുടെ 15 മുതൽ 18 വരെയുള്ള അനുഛേദങ്ങൾ പ്രധാനമായും സമത്വം സ്ഥാപിക്കാനാണ് ലക്ഷ്യമാക്കിയിട്ടുള്ളത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17 അയിത്തത്തെയും തൊട്ടുകൂടായ്മയെയും നിരോധിക്കുകയും ഏത് രൂപത്തിലുമുള്ള അതിൻെറ ആചരണത്തെ തടയുകയും ചെയ്യുന്നു. കൂടാതെ തൊട്ടുകൂടായ്മ മൂലം ഏതെങ്കിലും രീതിയിലുള്ള അയോഗ്യത അടിച്ചേൽപിക്കുന്നത് നിയമപരമായി ശിക്ഷയേൽക്കുന്ന കുറ്റവുമാണ്. അടിമത്ത നിരോധനത്തിനായി അമേരിക്കൻ ഭരണഘടനയുടെ പതിമൂന്നാം ഭേദഗതിയോടാണ് ലോകത്ത് ഇതിന് സമാനതയുള്ളത്. തുല്യതയുമായി ബന്ധപ്പെട്ടുതന്നെയുള്ള ഭരണഘടന വകുപ്പുകളായ പതിനഞ്ചിലും പതിനാറിലുമാണ് സംവരണമെന്ന ആശയം ഉൾച്ചേർന്നിരിക്കുന്നത്. ഭരണഘടനാ നിർമാണസഭയിൽ സംവരണത്തെ കുറിച്ച് നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്. ഡോ. ദാമോദർ സേത്ത് സ്വരൂപ് സേത്ത് പറഞ്ഞു: "പിന്നാക്കമെന്ന വാക്ക് കൃത്യമായി നിർവചിക്കുക അസാധ്യമാണ്. അതുപോലെ ഒരു വർഗത്തിന്റയോ സമുദായത്തിന്റയോ പിന്നാക്കാവസ്ഥ നിശ്ചയിക്കുന്നതിനായി ഉചിതമായ ഒരു മാനകം നിർണയിക്കുക എന്നതും എളുപ്പമല്ല. ഇത് ജാതിയതയും പക്ഷപാതിത്തവും വളരാനേ ഇടയാക്കൂ. അവയ്ക്ക് മതേതര രാഷ്ട്രത്തിൽ ഒരു സ്ഥാനവുമില്ല.''

ഭരണഘടന നിർമ്മാണസഭയിൽ പ്രധാനമായും ഉയർന്നുവന്ന മൂന്ന് അഭിപ്രായങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ഇന്ന് നാം ഭരണഘടനയിൽ കാണുന്ന സംവരണത്തെ രൂപപ്പെടുത്തിയത് ഡോ. അംബേദ്കറാണ്. അദ്ദേഹം പറഞ്ഞു: "ഈ സഭയിൽ ഉയർന്നുവന്ന മൂന്ന് പ്രധാന അഭിപ്രായങ്ങളിൽ ഒന്ന് എല്ലാ പൗരൻമാർക്കും തുല്യ അവസരം ഉണ്ടായിരിക്കണമെന്നതാണ്. ഈ തത്ത്വം പ്രാവർത്തികമാകണമെങ്കിൽ ഏതെങ്കിലും വർഗത്തിനോ സമുദായത്തിനോ പ്രത്യേകമായി സംവരണം പാടില്ല. പൊതു ഭരണ സംവിധാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം യോഗ്യരാണെങ്കിൽ എല്ലാ പൗരൻമാരെയും തുല്യനിലയിൽ പരിഗണിക്കണം.'' അതോടൊപ്പം തന്നെ ഉയർന്നുവന്ന ശക്തമായ അഭിപ്രായം അവസര സമത്വത്തിനോടൊപ്പം ഇത്രയുംകാലം ഭരണത്തിൽ നിന്ന് ഒഴിവാക്കി നിറുത്തപ്പെട്ട സമുദായങ്ങൾക്ക് പ്രവേശനം നൽ





കുന്നതിന് സംവിധാനം വേണം എന്നതാണ്.

അങ്ങനെയാണ് ഭരണഘടനയുടെ അനുച്ഛേദം 16 (4)ൽ ഭരണരംഗത്ത് മതിയായ പ്രാതിനിധ്യമില്ലാത്ത പിന്നാക്ക വിഭാഗത്തിൽപെട്ട പൗരൻമാർക്ക് നിയമനങ്ങളിലും തസ്തികകളിലും രാഷ്ട്രത്തിന് സംവരണമേർപ്പെടുത്താമെന്ന് വ്യവസ്ഥ ചെയ്തത്. ഭരണഘടന സഭയിൽ ഉയർന്നുവന്ന മറ്റൊരു അഭിപ്രായം പിന്നാക്കം (Backward) എന്നതിനെ നിർവചിക്കണമെന്നതായിരുന്നു. എച്ച്. എൻ കുൻസ്രു എന്ന അംഗം പറഞ്ഞതിങ്ങനെയാണ്: 'പിന്നാക്കം എന്ന പദം ഭരണഘടനയിൽ എവിടെയും നിർവചിച്ചതായി കാണാൻ സാധ്യമല്ല. ഏതെങ്കിലും വിഭാഗം പിന്നാക്കമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം കോടതികൾക്ക് വിട്ടുകൊടുക്കരുത്. ആ വാക്ക് നിർവചിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.' വരാൻ പോകുന്ന നീണ്ട വ്യവഹാരങ്ങളുടെ ചരിത്രത്തെ അദ്ദേഹം ദീർഘദർശനം ചെയ്തിരുന്നുവെന്ന് പറയാനാകും.

ഭരണഘടനയുടെ അന്തിമമായ ലക്ഷ്യം അവസരസമത്വം ഉറപ്പുവരുത്തുകയും ഇന്ത്യൻ സാമൂഹിക വ്യവസ്ഥയിലെ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ശ്രേണീകൃത അസമത്വമായ ജാതിവ്യവസ്ഥ ഇല്ലാതാക്കുകയുമാണ്. അങ്ങനെ അവസര സമത്വം കൊണ്ടുവരണമെങ്കിൽ അടിച്ചമർത്തപ്പെട്ട, വിവേചനം അനുഭവിച്ചികൊണ്ടിരിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണവും അവകാശവും സംവരണവും ഉറപ്പുവരുത്തണം. അഥവാ സാമൂഹ്യമായും വിദ്യാഭ്യാസപരമായും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവന്ന് അവസര സമത്വം ഉറപ്പാക്കുകയും ഉച്ചനീചത്വങ്ങൾക്ക് അറുതിവരുത്തുകയും ചെയ്യുക എന്നതാണ് സംവരണത്തിന്റെ ലക്ഷ്യവും തത്ത്വവും. പുരാതന കാലത്തെ രാജ്യഭരണം മുതൽ ആധുനിക കാലത്തെ ജനാധിപത്യംവരെ ഇത് നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ടെന്ന് ചരിത്രം സാക്ഷിയാണ്.

**ഭരണഘടന സഭയിൽ ഉയർന്നുവന്ന മറ്റൊരു അഭിപ്രായം പിന്നാക്കം (Backward) എന്നതിനെ നിർവചിക്കണമെന്നതായിരുന്നു. എച്ച്. എൻ കുൻസ്രു എന്ന അംഗം പറഞ്ഞതിങ്ങനെയാണ്: 'പിന്നാക്കം എന്ന പദം ഭരണഘടനയിൽ എവിടെയും നിർവചിച്ചതായി കാണാൻ സാധ്യമല്ല. ഏതെങ്കിലും വിഭാഗം പിന്നാക്കമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അധികാരം കോടതികൾക്ക് വിട്ടുകൊടുക്കരുത്. ആ വാക്ക് നിർവചിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.' വരാൻ പോകുന്ന നീണ്ട വ്യവഹാരങ്ങളുടെ ചരിത്രത്തെ അദ്ദേഹം ദീർഘദർശനം ചെയ്തിരുന്നുവെന്ന് പറയാനാകും.**

### സാമ്പത്തിക സംവരണം നീതിയോ?

ഇന്ത്യൻ ഭരണഘടനയിലെ 15(4) അനുച്ഛേദമനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പുരോഗതിക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള അനുവാദമുണ്ട്. 2019 എട്ടിന് കേന്ദ്ര ഭരണകൂടം അതിന് ഭേദഗതി വരുത്തുന്നതുവരെ സാമ്പത്തികം എന്ന പദം ഭരണഘടനയിൽ ഉണ്ടായിരുന്നില്ല. എന്നാൽ 10 വർഷത്തിലൊരിക്കൽ സോഷ്യോ എക്കണോമിക് കാസ്റ്റ് സർവെ നടത്തി പിന്നാക്ക സമുദായത്തിന് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്നും പ്രാതിനിധ്യക്കുറവ് പരിഹരിക്കണമെന്നും കോടതി നിർദേശവുമുണ്ട്. ഇത്തരമൊരു സർവെ വ്യവസ്ഥാപിതമായി നടത്താൻ അധികാരികൾ തയ്യാറാകാത്തതുതന്നെ സംവരണ രംഗത്തെ വിമുഖതയാണെന്ന് മനസ്സിലാകും.

ഭരണഘടനയുടെ 340ാം വകുപ്പനുസരിച്ച് ഇന്ത്യയിലെ പിന്നാക്കക്കാരെ കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയോഗിക്കാവുന്നതാണ്. 1953 ജനുവരിയിൽ ഭരണഘടന തത്വമനുസരിച്ച് അന്നത്തെ പാർലമെന്റംഗമായിരുന്ന കാക്കാ സാഹിബ് കലേൽക്കർ ചെയർമാനായി കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. രാജ്യത്തെ പട്ടികജാതി പട്ടികവർഗ വിഭാഗത്തിന് പുറമെയുള്ള പിന്നാക്കക്കാരെ കണ്ടെത്തുന്നതിനായി പിന്നാക്ക മാനദ

**1958 ൽ ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഭരണപരിഷ്കാര കമ്മീഷനാണ് സാമ്പത്തിക സംവരണം എന്ന ആശയം മുന്നോട്ടുവച്ചത്. സാമുദായിക സംവരണം ജാതിചിന്ത ശാശ്വതീകരിക്കും, കൂടുതൽ സമുദായങ്ങൾ സംവരണം ആവശ്യപ്പെടും, സിവിൽ സർവീസിന്റെ കാര്യക്ഷമത കുറയും എന്നിവയായിരുന്നു അവരുടെ വിലയിരുത്തൽ. എന്നാൽ  ഇന്ത്യൻ ഭരണഘടന ശിൽപികൾ കണ്ടെത്താത്ത ന്യൂനതകൾ ആരോപിച്ച് സവർണർക്ക് വേണ്ടി സാമ്പത്തികവാദം ഉന്നയിച്ച് ദിശ തിരിച്ചുവിടാനുള്ള ശ്രമമാണുണ്ടായത്. ഇത്തരം ശ്രമങ്ങൾ വിജയം കണ്ടില്ല എന്നതാണ് സത്യം. ജനാധിപത്യത്തിൽ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്ന സംവരണം അട്ടിമറിച്ചുകൊണ്ട് ഭൂരിപക്ഷ വിഭാഗങ്ങളുടെ ഏകാധിപത്യത്തിലേക്ക് രാജ്യത്തെ കൊണ്ടുപോകാനുള്ള ഭൂരിപക്ഷ വർഗീയ ശക്തികളുടെ അഥവാ സംഘപരിവാരങ്ങളുടെ ഗൂഢ നീക്കമാണ് സാമ്പത്തിക സംവരണത്തിന് പിന്നിലെന്നത് നാം അറിയാതെ പോകരുത്.**

ണ്ഡമെന്ന് വിലയിരുത്തി പരിഹാര മാർഗങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കലാണ് ദൗത്യമായിരുന്നത്. സർക്കാർ സർവീസിലും തദ്ദേശ സ്വയംഭരണ സംവിധാനങ്ങളിലും പിന്നാക്കക്കാർക്ക് സംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടാണ് കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. സാമ്പത്തിക സംവരണത്തെക്കുറിച്ച് ഇതിൽ പരാമർശിച്ചതേയില്ല!

1979ൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിലുള്ള ജനത പാർട്ടി ഗവൺമെന്റ് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ തിരിച്ചറിയുന്നതിനായി കമ്മീഷനെ നിയോഗിച്ചു.  പാർലമെന്റംഗമായിരുന്ന ബിന്ദേശ്വരി പ്രസാദ് മണ്ഡൽ ആയിരുന്നു അതിൻെറ ചെയർമാൻ. 52 ശതമാനം വരുന്ന പിന്നാക്ക വിഭാഗത്തിന് 27 ശതമാനം സംവരണം നിർദേശിച്ചുകൊണ്ടും നികത്തപ്പെടാത്ത സംവരണ തസ്തികകൾ മൂന്ന് കൊല്ലത്തേക്ക് ക്യാരി ഓവർ ചെയ്യണമെന്നും നിർദേശിച്ചുകൊണ്ടുമാണ് റിപ്പോർട്ട് സമർപ്പിച്ചത്. വളരെ സമഗ്രമായി തയ്യാറാക്കിയ പഠന റിപ്പോർട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കാണാൻ 10 വർഷത്തിന് ശേഷം വി.പി സിംഗ് മന്ത്രിസഭ തീരുമാനമെടുത്തു. ഇതിനെതിരെ ഉത്തരേന്ത്യയിൽ ശക്തമായ പ്രക്ഷോഭം നടന്നിരുന്നു. സുപ്രീം കോടതിയുടെ അഞ്ചംഗ ബെഞ്ച് വി.പി സിംഗിന്റെ തീരുമാനം സ്റ്റേ ചെയ്തു.

പിന്നിടു വന്ന നരസിംഹറാവു മന്ത്രിസഭയാണ് റിപ്പോർട്ട് നടപ്പിലാക്കാൻ ഉത്തരവിട്ടത്. ഈ ഉത്തരവിൽ മുന്നാക്കക്കാരിലെ സാമ്പത്തിക പിന്നാക്കക്കാർക്ക് പത്ത് ശതമാനം സംവരണം പ്രഖ്യാപിച്ചുവെങ്കിലും ഇന്ദിരാ സാഹ്നി കേസിൽ സുപ്രീം കോടതി ഇത് ഭരണഘടന വിരുദ്ധമാണെന്ന് കണ്ടെത്തുകയായിരുന്നു. പിന്നാക്ക വിഭാഗങ്ങൾക്കല്ലാതെ സംവരണമില്ലെന്ന് പ്രഖ്യാപിക്കുകയായിരുന്നു. അഥവാ സാമ്പത്തിക സംവരണത്തിന് നിയമസാധുതയില്ലെന്നർഥം. പിന്നീട് നിയോഗിച്ച രംഗനാഥ മിശ്ര കമ്മീഷനും പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റെ പിന്നാക്കവസ്ഥ പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിലും സാമ്പത്തിക സംവരണം പരാമർശിച്ചിട്ടില്ല.1958ൽ ഇഎംഎസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഭരണപരിഷ്കാര കമ്മീഷനാണ് സാമ്പത്തിക സംവരണം എന്ന ആശയം മുന്നോട്ടുവച്ചത്. സാമുദായിക സംവരണം ജാതിചിന്ത ശാശ്വതീകരിക്കും, കൂടുതൽ സമുദായങ്ങൾ സംവരണം ആവശ്യപ്പെടും, സിവിൽ സർവീസിന്റെ കാര്യക്ഷമത കുറയും എന്നിവയായിരുന്നു അവരുടെ വിലയിരുത്തൽ.

എന്നാൽ ഇന്ത്യൻ ഭരണഘടന ശിൽപികൾ കണ്ടെത്താത്ത ന്യൂനതകൾ ആരോപിച്ച് സവർ





ണർക്ക് വേണ്ടി സാമ്പത്തികവാദം ഉന്നയിച്ച് ദിശ തിരിച്ചുവിടാനുള്ള ശ്രമമാണുണ്ടായത്. ഇത്തരം ശ്രമങ്ങൾ വിജയം കണ്ടില്ല എന്നതാണ് സത്യം. ജനാധിപത്യത്തിൽ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്ന സംവരണം അട്ടിമറിച്ചുകൊണ്ട് ഭൂരിപക്ഷ വിഭാഗങ്ങളുടെ ഏകാധിപത്യത്തിലേക്ക് രാജ്യത്തെ കൊണ്ടുപോകാനുള്ള ഭൂരിപക്ഷ വർഗീയ ശക്തികളുടെ അഥവാ സംഘപരിവാരങ്ങളുടെ ഗൂഢ നീക്കമാണ് സാമ്പത്തിക സംവരണത്തിന് പിന്നിലെന്നത് നാം അറിയാതെ പോകരുത്.

**മുന്നാക്ക സംവരണത്തിന് കേരളത്തിന്റെ ധൃതി**

മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി ബിജെപി കേന്ദ്ര സർക്കാർ 2019 ജനുവരി എട്ടിന് ഭരണഘടനാഭേദഗതി പാസ്സാക്കുകയുണ്ടായി. ഇതിനെ 2020 ഒക്ടോബർ 21ന് കേരള മന്ത്രിസഭയും അംഗീകരിച്ചുവെന്നതാണ് ഏറെ ദൗർഭാഗ്യകരമായ കാര്യം. കേന്ദ്ര ഭരണകൂടം നിശ്ചയിച്ച കമ്മീഷനുകളുടെ റിപ്പോർട്ടുകൾ പരിശോധിച്ച് പരിഹരിക്കാനോ പിന്നാക്ക വിഭാഗങ്ങൾക്കായി ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കാനോ തയ്യാറാകാതെയുള്ള മുന്നാക്ക സംവരണത്തിനായുള്ള ധൃതി ആരെയും ആശ്ചര്യപ്പെടുത്തുന്നവയാണ്.

2000 ഫെബ്രുവരി 11 സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായ കമ്മീഷൻ കണ്ടെത്തിയ ഭീകരമായ പിന്നാക്കാവസ്ഥയെ പരിഹരിക്കാനുള്ള ശ്രമങ്ങളുണ്ടായില്ല. 2006 ൽ ഡോ. മൻമോഹൻ സിംഗിന്റ നേതൃത്വത്തിലുള്ള കേന്ദ്ര മന്ത്രിസഭ നിയോഗിച്ച ജസ്റ്റിസ് സചീന്ദർ സച്ചാർ ചെയർമാനായ കമ്മീഷൻ കണ്ടെത്തിയ മുസ്‌ലിം പിന്നാക്കാവസ്ഥയും പരിഹരിക്കപ്പെട്ടില്ല. പരിഹാരത്തിനായി നിർദ്ദേശിച്ച പദ്ധതികളിൽ മാറ്റം വരുത്തി പാലോളിക്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള നടപടി പൂർത്തിയാക്കാൻ ശ്രമിച്ചതുമില്ല. അതിനെല്ലാം മുന്നേതന്നെ മുന്നാക്ക സംവരണം നടപ്പിലാക്കാനുള്ള ശ്രമമാണ് സർക്കാറിന്റ ഭാഗത്തുനിന്നുണ്ടായത്. അതിനായി കെ. ശശീധരൻ നായർ ചെയർമാനും അഡ്വ.എം രാജഗോപാലൻ നായർ മെമ്പറുമായ കമ്മീഷനെ നിയോഗിക്കുകയാണുണ്ടായത്. കമ്മീഷന്റെ പഠനത്തിലോ റിപ്പോർട്ടിലോ കേരളത്തിൽ എത്ര ശതമാനമാണ് സാമ്പത്തിക സംവരണത്തിനർഹർ (Economically weaker section - EWS) എന്ന് കണക്കാക്കിയിട്ടില്ല. ഇവർക്ക് പത്ത് ശതമാനം സംവരണം നൽകുമ്പോൾ ഈ വിഭാഗം കേരള ജനസംഖ്യയിൽ എത്ര ശതമാനമുണ്ടെന്ന് കണക്കാക്കേണ്ടത് അടിസ്ഥാന വിഷയമായിരുന്നു.

കമ്മീഷന്റ നിർദേശത്തിൽ സർക്കാർ അംഗീകരിച്ച മാനദണ്ഡമനുസരിച്ച് ഗ്രാമപഞ്ചായത്തിൽ രണ്ടര ഏക്കർ ഭൂമിയും മുൻസിപ്പാലിറ്റിയിൽ 75 സെന്റ് ഭൂമിയും കോർപറേഷനിൽ 50 സെന്റ് ഭൂമിയുമുള്ള മുന്നാക്ക വിഭാഗത്തിലെ വ്യക്തി ഈ വിഭാഗത്തിൽ പെടുന്നു. കോഴിക്കോട്, കൊച്ചി, തിരുവന്തപുരം പോലെയുള്ള വൻനഗരങ്ങളിൽ 50 സെന്റ് ഭൂമിയുള്ളവനും സാമ്പത്തിക പിന്നാക്കക്കാരനാണെന്നാണ് കണക്കാക്കുന്നത്. നാല് ലക്ഷം രൂപ വാർഷിക വരുമാനമു

**2000 ഫെബ്രുവരി 11 സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ ചെയർമാനായ കമ്മീഷൻ കണ്ടെത്തിയ ഭീകരമായ പിന്നാക്കാവസ്ഥയെ പരിഹരിക്കാനുള്ള ശ്രമങ്ങളുണ്ടായില്ല. 2006 ൽ ഡോ. മൻമോഹൻ സിംഗിന്റ നേതൃത്വത്തിലുള്ള കേന്ദ്ര മന്ത്രിസഭ നിയോഗിച്ച ജസ്റ്റിസ് സചീന്ദർ സച്ചാർ ചെയർമാനായ കമ്മീഷൻ കണ്ടെത്തിയ മുസ്‌ലിം പിന്നാക്കാവസ്ഥയും പരിഹരിക്കപ്പെട്ടില്ല. പരിഹാരത്തിനായി നിർദ്ദേശിച്ച പദ്ധതികളിൽ മാറ്റം വരുത്തി പാലോളിക്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള നടപടി പൂർത്തിയാക്കാൻ ശ്രമിച്ചതുമില്ല. അതിനെല്ലാം മുന്നേതന്നെ മുന്നാക്ക സംവരണം നടപ്പിലാക്കാനുള്ള ശ്രമമാണ് സർക്കാറിന്റ ഭാഗത്തുനിന്നുണ്ടായത്. അതിനായി കെ.ശശീധരൻ നായർ ചെയർമാനും അഡ്വ. എം രാജഗോപാലൻ നായർ മെമ്പറുമായ കമ്മീഷനെ നിയോഗിക്കുകയാണുണ്ടായത്.**

**പിന്നാക്ക സമുദായത്തിന്റ പ്രാതിനിധ്യത്തെ സംബന്ധിച്ച് പാവപ്പെട്ടവരെന്നോ സമ്പന്നരെന്നോ നോക്കുന്നത് ഭരണഘടനപരമായി ശരിയല്ലെന്ന് നിയമ വിശാരദർ വിശദീകരിച്ചിട്ടുണ്ട്. ഗുജറാത്ത് സർവീസിൽ മുസ്‌ലിം പ്രാതിനിധ്യം ശരിയായ അനുപാതത്തിൽ ഉണ്ടായിരുന്നുവെങ്കിൽ കലാപം വംശഹത്യയായി മാറുമായിരുന്നില്ലെന്ന് നിരീക്ഷിക്കുന്നവരുണ്ട്. അധികാര പങ്കാളിത്തം അർഹമായ നിലയിൽ സമുദായങ്ങൾക്ക് ലഭിക്കണമെന്ന് ഈ സംഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ബാബരി മസ്ജിദ് തകർച്ചയിലും സുരക്ഷാ ഉദ്യോഗസ്ഥരിൽ സാമുദായിക പങ്കാളിത്തമില്ലാതെ പോയതാണ് വിനയായതെന്നും നിരീക്ഷണമുണ്ട്. ദാരിദ്ര്യനിർമാർജനമാണ് സംവരണംകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ എല്ലാ വിഭാഗങ്ങളിലെയും ദരിദ്രരെ പരിഗണിക്കണമായിരുന്നു. സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ പദ്ധതികളാസൂത്രണം ചെയ്യാൻ ധാരാളം മാർഗങ്ങൾ തേടാൻ അവസരമുണ്ട്. അവ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. മുസ്‌ലിം സമുദായത്തെയും ഇതര പിന്നാക്കക്കാരെയും ഉൻമൂലനം ചെയ്യാനും സാമ്പത്തികമായി തകർക്കാനും നിയമ നിർമ്മാണം നടത്തുകയാണ് സംഘപരിവാരങ്ങൾ.**

ള്ളവരും മുപ്പതിനായിരം രൂപ പ്രതിമാസ വരുമാനമുള്ളവരും സാമ്പത്തിക സംവരണത്തിനർഹരാണ്. സംവരണ സമുദായങ്ങൾക്ക് ഏറെ നഷ്ടമുണ്ടാക്കുന്നുണ്ടെന്ന വസ്തുത വിസ്മരിച്ചുകൊണ്ടാണ് ഇത് നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും വലിയ പ്രതിഫലനങ്ങൾ അതുമൂലമുണ്ടാകുന്നുണ്ട്. മെഡിക്കൽ പിജിയിൽ ഒ.ബി.സിക്ക് മൊത്തം 9 ശതമാനം ലഭിക്കുന്നിടത്ത് മുന്നോക്ക സാമ്പത്തിക സംവരണത്തിന് 10 ശതമാനം പൂർണമായും ലഭിക്കുന്നു. അഥവാ ജനസംഖ്യയുടെ 27 ശതമാനം വരുന്ന മുസ്‌ലിംകൾക്ക് രണ്ട് ശതമാനവും ജനസംഖ്യയിൽ അഞ്ച് ശതമാനം പോലുമില്ലാത്ത മുന്നോക്ക സാമ്പത്തിക സംവരണക്കാരന് 10 ശതമാനവും സംവരണമായി ലഭിക്കുന്നു!

2020-21 വർഷത്തെ ഹയർ സെക്കന്ററി അലോട്ട്മെന്റിലും ഇത് പ്രതിഫലിച്ചതായിക്കാണാം. എംബിബിഎസ് അഡ്മിഷന് ആകെ 1555 സീറ്റിൽ 27 ശതമാനം വരുന്ന മുസ്‌ലിം സമുദായത്തിന് എട്ട് ശതമാനം കണക്കാക്കി 84 സീറ്റാണ് ലഭിച്ചത്. എന്നാൽ ജനസംഖ്യയിൽ അഞ്ച് ശതമാനം പോലുമില്ലാത്ത സാമ്പത്തിക സംവരണക്കാർക്ക് 10 ശതമാനപ്രകാരം 130 സീറ്റ് ലഭിച്ചു. എൽഎൽബി പ്രവേശനത്തിൽ മുസ്‌ലിം സമുദായത്തിന് ലഭിച്ചത് 555 സീറ്റുകളാണെങ്കിൽ സാമ്പത്തിക സംവരണക്കാർക്ക് 4798 സീറ്റുകളാണ് ലഭിച്ചത്. സർക്കാർ കോളേജുകളിലെ എംഎസ്‌സി നഴ്സിംഗ് കോഴ്സിൽ മുസ്‌ലിം സമുദായത്തിന് 146ഉം സാമ്പത്തിക സംവരണക്കാർക്ക് 580ഉം സീറ്റുകളാണ് നീക്കിവച്ചത്. ഇവിടെ എസ്‌സി വിഭാഗത്തെക്കാൾ കൂടുതലാണ് ഇവർക്ക് ലഭിച്ചതെന്ന് പറയുമ്പോൾ എത്രമാത്രം അപകടകരമാണെന്ന് ബോധ്യപ്പെടും. ഇത് സർക്കാർ മേഖലയിലെ തൊഴിൽ രംഗത്തേയും രൂക്ഷമായി ബാധിക്കുമെന്നതിൽ സംശയമില്ല. കേരള ജനസംഖ്യയുടെ 27 ശതമാനം വരുന്ന മുസ്‌ലിംകൾ ഉദ്യോഗ പ്രാതിനിധ്യത്തിൽ -136%ലാണ് നിൽക്കുന്നതെന്ന് ശാസ്ത്ര സാഹിത്യ പരിഷത്തിന്റ സർവെയിൽ കണ്ടെത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇരട്ടിയിലധികം ഈ രംഗത്ത് പ്രാതിനിധ്യം ഉറപ്പിച്ച മുന്നാക്ക വിഭാഗത്തിന് സാമ്പത്തിക സംവരണത്തിന്റ പേരിൽ പത്ത് ശതമാനം കൂടി വർധിപ്പിച്ചത് അനീതിയാണെന്ന കാര്യത്തിൽ തർക്കമില്ല.

### സംവരണ രംഗത്ത് നീതി സാധ്യമാകണം

1969ൽ ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് കാസർകോട് എളനീർമഠം അധികാരി തളിപ്പറമ്പ് തൃച്ചംബരത്ത് സ്വാമി കേശവാനന്ദ ഭാരതി കേരള സർക്കാറിനെതിരെ നൽകിയ കേസിന്റ വിധിയിൽ സുപ്രീം കോടതിയുടെ 13 അംഗ ഭരണഘടനാ ബെഞ്ച് പ്രഖ്യാപിച്ചത് ഭരണഘടനാ ഭേദഗതിക്ക് പാർലമെന്റിന് അവകാശമുണ്ടെങ്കിലും അടിസ്ഥാനതത്ത്വം ഭേദഗതി ചെയ്യാൻ പാടില്ലെന്നാണ്. സംവരണം ഭരണഘടനാടിസ്ഥാന തത്ത്വമായിരിക്കെ ഭരണഘടന വിചക്ഷണൻമാർ എഴുതിച്ചേർക്കാത്ത ഭാഗമാണ് 103ാം ഭേദഗതിയിലൂടെ ഭരണഘടനയിൽ എഴുതിച്ചേർത്ത് ഇപ്പോൾ സുപ്രീം കോടതി വിധി പ്രസ്താവിച്ചത്.

എന്നാൽ പിന്നാക്ക സമുദായത്തിന്റ പ്രാതിനിധ്യത്തെ സംബന്ധിച്ച് പാവപ്പെട്ടവരെന്നോ സമ്പന്നരെന്നോ നോക്കുന്നത് ഭരണഘടനപരമായി ശരിയല്ലെന്ന് നിയമ വിശാരദർ വിശദീകരിച്ചിട്ടുണ്ട്. ഗുജറാത്ത് സർവീസിൽ മുസ്‌ലിം പ്രാതിനിധ്യം ശരിയായ അനുപാതത്തിൽ ഉണ്ടായിരുന്നുവെങ്കിൽ കലാപം വംശഹത്യയായി മാറുമായിരുന്നില്ലെന്ന്

നിരീക്ഷിക്കുന്നവരുണ്ട്. അധികാര പങ്കാളിത്തം അർഹമായ നിലയിൽ സമുദായങ്ങൾക്ക് ലഭിക്കണമെന്ന് ഈ സംഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്നുണ്ട്. ബാബരി മസ്ജിദ് തകർച്ചയിലും സുരക്ഷാ ഉദ്യോഗസ്ഥരിൽ സാമുദായിക പങ്കാളിത്തമില്ലാതെ പോയതാണ് വിനയായതെന്നും നിരീക്ഷണമുണ്ട്.

ദാരിദ്ര്യനിർമാർജനമാണ് സംവരണംകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ എല്ലാ വിഭാഗങ്ങളിലെയും ദരിദ്രരെ പരിഗണിക്കണമായിരുന്നു. സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ പദ്ധതികളാസൂത്രണം ചെയ്യാൻ ധാരാളം മാർഗങ്ങൾ തേടാൻ അവസരമുണ്ട്. അവ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. മുസ്‌ലിം സമുദായത്തെയും ഇതര പിന്നാക്കക്കാരെയും ഉൻമൂലനം ചെയ്യാനും സാമ്പത്തികമായി തകർക്കാനും നിയമ നിർമ്മാണം നടത്തുകയാണ് സംഘപരിവാരങ്ങൾ. സംവരണങ്ങളിൽ കൈവെക്കാൻ അവരെ പ്രേരിപ്പിക്കുന്നതും അങ്ങനെയൊരു വികാരമാണ്. അതിന് സഹായമാകുന്ന തീരുമാനങ്ങളും നിയമനിർമാണങ്ങളും കേരള സർക്കാരിൽനിന്ന് കൂടി ഉണ്ടാകുന്നത് വലിയ അപരാധമാണ്. സുപ്രീം കോടതിയുടെ വിധി വന്ന സാഹചര്യത്തിൽ അത് കൂടുതൽ വേഗതയോടെ നടപ്പിലാക്കുന്നതോടെ സംവരണ സമുദായങ്ങൾ അതിദൂരം പിന്നിലേക്ക് തള്ളപ്പെടും.

മുസ്‌ലിംകൾ അനർഹമായി പലതും നേടിയെടുക്കുന്നുവെന്ന ഗുരുതരമായ ആരോപണമുന്നയിക്കുന്നവരുടെ മുൻപന്തിയിലും സോഷ്യലിസ്റ്റ് വാദികൾ ഉണ്ടെന്നത് നിരാശാജനകമാണ്. മുന്നാക്ക വിഭാഗത്തിന്റ കാര്യത്തിൽ അതീവ താൽപര്യം കാണിക്കുന്ന ഇടതുപക്ഷ സർക്കാർ സംവരണ സമുദായങ്ങൾക്ക് അവകാശപ്പെട്ട തസ്തികകൾ നൽകുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ തിടുക്കം കാണിക്കുന്നുമില്ല.



**ഇന്നുവരെയുള്ള വിവരങ്ങളുടെ പിൻബലത്തിൽ പരിശോധിച്ചാൽ സംവരണ സമുദായങ്ങളുടെ അവകാശങ്ങൾ സവർണവിഭാഗം കൈവശപ്പെടുത്തിയെന്നതല്ലാതെ ഒരു സമുദായത്തിന്റെയും അവകാശം സംവരണ സമുദായങ്ങൾ കൈവശപ്പെടുത്തിയതായി കാണാൻ സാധ്യമല്ല. ബഹുജനമുന്നേറ്റം അനിവാര്യമായ സാഹചര്യമാണുള്ളത്. ഇതര സംവരണ സമുദായങ്ങളെ കൂടി ബോധവൽകരിച്ച് സാമൂഹ്യനീതിക്കായി അണിനിരക്കാൻ പ്രേരിപ്പിക്കണം. അതിനുള്ള മാർഗം കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധത എളുപ്പമാക്കിത്തരും. വിചാരവിപ്ലവത്തിലൂടെ അവകാശങ്ങൾ നേടിയെടുക്കാൻ ഐക്യപ്പെടണം. അതിനുവേണ്ടിയുള്ള ദിനങ്ങളുടെ പുലരിയെ കാത്തിരിക്കാം.**

അതിലുപരി അവകാശങ്ങൾക്കായി ശബ്ദിക്കുന്നവരെ വർഗീയ ചാപ്പകുത്തി നിശ്ശബ്ദരാക്കാൻ സർക്കാർ നേതൃത്വത്തിൽ പ്രചാരണം ശക്തമാക്കുകയും ചെയ്യുന്നു. സർക്കാർ 77.5 ശതമാനം വരുന്ന പിന്നാക്ക വിഭാഗത്തെ അവഗണിച്ച് 22.5 ശതമാനം വരുന്ന സവർണ വിഭാഗത്തിന് അനുകൂല സമീപനം സ്വീരിക്കുകയാണ്.

ഇന്നുവരെയുള്ള വിവരങ്ങളുടെ പിൻബലത്തിൽ പരിശോധിച്ചാൽ സംവരണ സമുദായങ്ങളുടെ അവകാശങ്ങൾ സവർണവിഭാഗം കൈവശപ്പെടുത്തിയെന്നതല്ലാതെ ഒരു സമുദായത്തിന്റെയും അവകാശം സംവരണ സമുദായങ്ങൾ കൈവശപ്പെടുത്തിയതായി കാണാൻ സാധ്യമല്ല.

ബഹുജനമുന്നേറ്റം അനിവാര്യമായ സാഹചര്യമാണുള്ളത്. ഇതര സംവരണ സമുദായങ്ങളെ കൂടി ബോധവൽകരിച്ച് സാമൂഹ്യനീതിക്കായി അണിനിരക്കാൻ പ്രേരിപ്പിക്കണം. അതിനുള്ള മാർഗം കേരളത്തിലെ രാഷ്ട്രീയ പ്രബുദ്ധത എളുപ്പമാക്കിത്തരും. വിചാരവിപ്ലവത്തിലൂടെ അവകാശങ്ങൾ നേടിയെടുക്കാൻ ഐക്യപ്പെടണം. അതിനുവേണ്ടിയുള്ള ദിനങ്ങളുടെ പുലരിയെ കാത്തിരിക്കാം. ■



# ശാരീരിക വളർച്ചയും വിനോദത്തിന്റെ പ്രാധാന്യവും

അശ്റഫ് ഏകരൂൽ

കളികൾക്കും വിനോദങ്ങൾക്കും കുട്ടികളുടെ വളർച്ചയിൽ ചെറുതല്ലാത്ത പങ്കുണ്ട്. അവ കുട്ടികളിൽ ഊട്ടപ്പെട്ട നൈസർഗികമായ ഒരു ചോദനയാണ്. ആ ചോദനയെ ശമിപ്പിക്കുന്നതിലൂടെ ശരീരം പ്രകൃതിപരമായ രീതിയിൽ ബലവത്തായ വളർച്ചനേടുന്നു. ഇതര ജീവികളിൽനിന്ന് വ്യത്യസ്തമായി, മനുഷ്യനാണ് ഏറ്റവും നീണ്ട കുട്ടിക്കാലമുള്ളത്. ഈ കാലയളവിലാണ് പേശികളടക്കം ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും ഏറ്റവും കൂടുതൽ വളർച്ച പ്രാപിക്കുന്നത്. ഇതിനുശേഷം ഇത്ര വേഗത്തിലും ശക്തമായും വളർച്ച പ്രാപിക്കാനോ ഉറപ്പ് നേടിയെടുക്കാനോ സാധ്യമല്ല. കുട്ടിക്കാലത്തു കായികവിനോദങ്ങളിലൊന്നും ഏർപ്പെടാത്ത ഒരാൾക്ക് മുതിർന്നതിനുശേഷം ഉറച്ച കായികബലമുള്ള ഒരു ശരീരമുണ്ടാക്കിയെടുക്കുക എളുപ്പമല്ല. അതുകൊണ്ട്തന്നെ കുട്ടിക്കാലത്തെ ശാരീരിക വളർച്ചക്ക് അനിവാര്യമായ അവസരങ്ങളും പരിശീലനങ്ങളും ലഭ്യമാക്കൽ വളരെ പ്രധാനപ്പെട്ടതാണ്.

ഇസ്‌ലാമിക പണ്ഡിതന്മാർ പണ്ടുമുതലേ കുട്ടികളുടെ വിനോദത്തിനും ശാരീരികക്ഷമതയ്ക്കും ഉതകുംവിധം സമുദായത്തെ പ്രോത്സാഹിപ്പിച്ചിരുന്നതായി കാണാം. ഇമാം ഗസ്സാലി(റഹി) പറയുന്നു: “ഓത്തു പള്ളിയിലെ/പള്ളിക്കൂടത്തിലെ പഠനത്തിൽനിന്ന് കുട്ടികൾ വിരമിച്ചാൽ രസകരമായ കളികളിൽ ഏർപ്പെടാൻ അവരെ അനുവദിക്കൽ അനിവാര്യമാണ്. അത് പഠനത്തിന്റെ ഭാരത്തിൽനിന്നും വിരക്തിയിൽനിന്നും അവരെ മുക്തമാക്കും. മറിച്ച്, കളിക്കാൻ അവരെ അനുവദിക്കാതിരിക്കുന്നതുമൂലം ക്ഷീണവും വിരസതയും നിമിത്തം അവരുടെ മനസ്സ് മരിക്കുകയും ബൗദ്ധിക വളർച്ച മുരടിക്കുകയും അവസാനം പാഠശാലയിൽനിന്ന് രക്ഷപ്പെടാൻ തന്ത്രം കണ്ടെത്തുകയും ചെയ്യും” (ഇഹ്‌യാ ഉലൂമുദ്ദീൻ).

> **കുട്ടിക്കാലത്ത് കായികവിനോദങ്ങളിലൊന്നും ഏർപ്പെടാത്ത ഒരാൾക്ക് മുതിർന്നതിനുശേഷം ഉറച്ച കായികബലമുള്ള ഒരു ശരീരമുണ്ടാക്കിയെടുക്കുക എളുപ്പമല്ല. അതുകൊണ്ട്തന്നെ കുട്ടിക്കാലത്തെ ശാരീരിക വളർച്ചക്ക് അനിവാര്യമായ അവസരങ്ങളും പരിശീലനങ്ങളും ലഭ്യമാക്കൽ വളരെ പ്രധാനപ്പെട്ടതാണ്. ഇസ്‌ലാമിക പണ്ഡിതന്മാർ പണ്ടുമുതലേ കുട്ടികളുടെ വിനോദത്തിനും ശാരീരികക്ഷമതയ്ക്കും ഉതകുംവിധം സമുദായത്തെ പ്രോത്സാഹിപ്പിച്ചിരുന്നതായി കാണാം. ഇമാം ഗസ്സാലി(റഹി) പറയുന്നു: "ഓത്തു പള്ളിയിലെ/പള്ളിക്കൂടത്തിലെ പഠനത്തിൽനിന്ന് കുട്ടികൾ വിരമിച്ചാൽ രസകരമായ കളികളിൽ ഏർപ്പെടാൻ അവരെ അനുവദിക്കൽ അനിവാര്യമാണ്. അത് പഠനത്തിന്റെ ഭാരത്തിൽനിന്നും വിരക്തിയിൽനിന്നും അവരെ മുക്തമാക്കും. മറിച്ച്, കളിക്കാൻ അവരെ അനുവദിക്കാതിരിക്കുന്നതുമൂലം ക്ഷീണവും വിരസതയും നിമിത്തം അവരുടെ മനസ്സ് മരിക്കുകയും ബൗദ്ധിക വളർച്ച മുരടിക്കുകയും അവസാനം പാഠശാലയിൽനിന്ന് രക്ഷപ്പെടാൻ തന്ത്രം കണ്ടെത്തുകയും ചെയ്യും'' (ഇഹ്‌യാ ഉലൂമുദ്ദീൻ).**

ശാരീരിക വളർച്ചയെയും ആന്തരിക കെട്ടുറപ്പിനെയും സഹായിക്കുംവിധമുള്ള കായികവിനോദങ്ങൾ അനുവദിക്കുകയും പങ്കാളികളാക്കുകയും ചെയ്യുന്നതിലൂടെ ശക്തവാനായ ഒരു വിശ്വാസിയായി വളരാൻ രക്ഷിതാക്കൾ മക്കൾക്ക് വഴിയൊരുക്കേണ്ടതുണ്ട്. ശക്തനും ബലവനുമായ ഒരു വിശ്വാസി അല്ലാഹുവിന്റെ അടുക്കൽ ദുർബലനായ വിശ്വാസിയെക്കാൾ പ്രിയപ്പെട്ടവനാണ്.

കുട്ടിക്കാലം കടന്നു പ്രായപൂർത്തിയും വിവേകവും എത്തുന്നതിലൂടെ ചോദ്യം ചെയ്യപ്പെടുന്ന ഉത്തരവാദിത്തങ്ങളിലേക്ക് അവർ പ്രവേശിക്കുകയായി. അതോടെ അവരുടെ ചെറുതും വലുതുമായ കർമങ്ങൾ രേഖപ്പെടുത്തപ്പെടുകയുമായി. നമുക്കറിയാവുന്നതുപോലെ മതപരവും ഭൗതികവുമായ ഈ ഉത്തരവാദിത്തങ്ങളെല്ലാം നിർവഹിക്കാൻ ആരോഗ്യമുള്ള, ബലിഷ്ഠമായ ശരീരം ഉണ്ടാവുകയെന്നത് ആശ്വാസകരമാണ്. നമസ്കാരവും നോമ്പും ഹജ്ജും പ്രബോധന മേഖലയിലും മറ്റുമുള്ള ധർമസമരവും അന്നത്തിനായുള്ള അധ്വാനവുമെല്ലാം ശരിയാംവിധം ഒരു വിശ്വാസിക്ക് അനായാസം നിർവഹിക്കാൻ കഴിയണമെങ്കിൽ ആരോഗ്യവും ശക്തിയും ആവശ്യമാണെന്നു നമ്മൾ ചിന്തിക്കാറുണ്ടോ? സത്യത്തിൽ അതിന്ന് അടിത്തറയിടുന്നവർ രക്ഷിതാക്കളായ നമ്മളല്ലാതെ മറ്റാരാണ്?

പ്രവാചക അധ്യാപനങ്ങളും ജീവിത ചരിത്രവും പരതിയാൽ ശാരീരിക വളർച്ചയിൽ ശ്രദ്ധയൂന്നാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്ന ധാരാളം മാർഗദർശനങ്ങൾ കാണാൻ കഴിയും. ഒരു പക്ഷേ, ചിലതെല്ലാം റസൂലി(സ)ന്റെ കാലവും പരിസരവും പരിഗണിച്ചുള്ള സൂചകങ്ങളാവാമെങ്കിലും അവ കാലാനുസൃത പുനർവായനയിലൂടെ എന്നും എവിടെയും സാധ്യമാക്കാവുന്നതാണ്. കുട്ടികളിൽ കായികതാൽപര്യം നിലനിർത്താനും തന്മൂലം ശാരീരിക വളർച്ചയും പുഷ്ടിയും നേടിയെടുക്കാനും സഹായിക്കുന്ന നാലു വഴികളെ നമുക്ക് പരിശോധിക്കാം.

**1. നീന്തൽ, അമ്പെയ്ത്ത്, കുതിരസവാരി പോലുള്ളവയിൽ പരിശീലനം നൽകൽ**

ചില പ്രത്യേക കായികവിനോദങ്ങൾ പരിശീലിക്കലും അതിൽ പ്രാവീണ്യം നേടലും ഹദീസുകളിൽ എടുത്തു പറഞ്ഞതിൽനിന്നും അവയിൽ കുട്ടികൾക്കു നേരത്തെ മുതൽ പരിശീലനം ലഭ്യമാക്കുന്നത് മാതാപിതാക്കളുടെ കടമയാണെന്ന് പല പണ്ഡിതമാരും പറഞ്ഞതായി കാണാം. ഇത്തരം കായികമായ കഴിവുകൾ നേടിയടുക്കുന്നതിലൂടെ ആത്മവിശ്വാസവും ധൈര്യവും കുട്ടികളിൽ സ്ഥിരപ്പെടുത്താൻ കഴിയും. മാത്രവുമല്ല കുട്ടിക്കാലത്താണ് കൂടുതൽ നിർഭയത്തോടെയും തന്മയത്തോടെയും ഇത് പരിശീലിക്കാൻ കഴിയുന്നത്. ഇത്തരത്തിൽ പെട്ട മൂന്നെണ്ണമാണ് മുകളിൽ ഉദ്ധരിച്ച കായിക മേഖലകൾ. ഇമാം അൽബാനി(റഹി) സ്വഹീഹാണെന്നു വിലയിരുത്തിയ ഒരു നബിവചനത്തിൽ ഇപ്രകാരം വന്നിട്ടുണ്ട്: "നാലു കാര്യങ്ങളൊഴികെ ദൈവസ്മരണയില്ലാത്തതെല്ലാം (അനഭിലഷണീയമായ) വിനോദങ്ങളിൽ പെട്ടതാണ്: ഒരാൾ തന്റെ ഇണയുമായി കൊഞ്ചിക്കുഴയുന്നത്, ഒരാൾ തന്റെ കുതിരയെ പരിശീലിപ്പിക്കുന്നത്, രണ്ടു ലക്ഷ്യസ്ഥാനത്തിന് ഇടയിലുള്ള നടത്തം (അമ്പെയ്ത്ത് പരിശീലനം), നീന്തൽ ശീലിക്കുന്നത്" (ത്വബ്‌റാനി).

അമ്പെയ്ത്ത് പരിശീലിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നിരവധി ഹദീസുകൾ കാണാൻ കഴിയും. ഒരിക്കൽ നബി(സ) അമ്പെയ്ത്ത് പരിശീലിച്ചുകൊണ്ടിരിക്കുന്ന അസ്‌ലം ഗോത്രത്തിൽ പെട്ട ഒരുപറ്റം ചെറുപ്പക്കാർക്കടുത്തുകൂടി കടന്നുപോയി. അപ്പോൾ



നബി(സ്വ) അവരോടു പറഞ്ഞു: "ഇസ്മാഈൽ സന്തതികളേ, നിങ്ങൾ നന്നായി അമ്പെയ്യൂ, നിങ്ങളുടെ പിതാവ് നല്ല ഒരു അമ്പെയ്ത്തുകാരനായിരുന്നു. അമ്പെയ്യൂ, ഞാൻ ഇന്നാലിന്നവരുടെ കൂടെയാണ്.'' സൽമാൻ ഇബ്നു അക്വാ(റ) പറഞ്ഞു: "അപ്പോൾ ഒരു ടീം അമ്പെയ്യുന്നത് നിർത്തിവച്ചു. അപ്പോൾ നബി(സ്വ) ചോദിച്ചു: "എന്താണ് നിങ്ങൾ അമ്പെയ്യാത്തത്?'' അവർ പറഞ്ഞു: "താങ്കൾ അവരോടപ്പമാണെങ്കിൽ ഞങ്ങൾ എങ്ങനെ അമ്പെയ്യും?'' അപ്പോൾ നബി (സ്വ) പറഞ്ഞു: "അമ്പെയ്യൂ, ഞാൻ നിങ്ങളെല്ലാവരോടൊപ്പവുമാണ്'' (ബുഖാരി).

സൂറതുൽ അൻഫാലിലെ 'നിങ്ങൾ ശത്രുക്കൾക്കെതിരെ സാധ്യമായ എല്ലാത്തരം ശക്തിയിൽനിന്നും ഒരുക്കിവയ്ക്കുക'യെന്ന 60ാം വചനം പാരായണം ചെയ്തുകൊണ്ട് നബി(സ്വ) പറഞ്ഞു: "തീർച്ചയായും 'ശക്തി' അമ്പെയ്ത്താണ്.'' ഇത് പ്രവാചകൻ മൂന്നു പ്രാവശ്യം ആവർത്തിച്ചു (മുസ്‌ലിം). കാലാനുസൃതമായ ആയോധന കലകളിലും കായിക ഇനങ്ങളിലും വൈദഗ്ധ്യം നേടുന്നതിന്റെ പ്രാധാന്യമാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

**2. കുട്ടികൾക്കിടയിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.**

മത്സരബുദ്ധിയോടെ ഇടപെടാൻ അവസരമുണ്ടാകുമ്പോഴാണ് കായിക താൽപര്യങ്ങൾ വർധിക്കുക. പ്രവാചകൻ(സ്വ) തന്റെ പ്രിതൃവ്യൻ അബ്ബാസി(റ)ന്റെ മക്കൾക്കിടയിൽ ഓട്ടമത്സരം സംഘടിപ്പിക്കുകയും മുന്നിലെത്തുന്നവരെ തന്റെ മാറോടു ചേർക്കുകയും തുടർന്ന് വരുന്നവരെ പിന്നാലെ സ്വീകരിക്കുകയും ചെയ്തിരുന്നു.

ഇമാം അഹ്മദ് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം: നബി(സ്വ) അവരോടു പറയും: 'വിജയികൾക്ക് ഇന്നാലിന്നത് തരും.' എന്നിട്ട് അവർ നബിക്കുനേരെ ഓടിവരും. നബിയുടെ മുതുകിലും നെഞ്ചിലും അവർ വന്നുപതിക്കും. നബി(സ്വ) അവരെയെല്ലാം ഉമ്മവയ്ക്കുകയും ആലിംഗനം ചെയ്യുകയും ചെയ്യും. നബി(സ്വ) ഇത്തരം മത്സരങ്ങളിൽ വിജയികളെ മാത്രമല്ല പരിഗണിച്ചതും ഉമ്മവച്ചതും. മറിച്ച്, അവർക്കിടയിൽ അസൂയയും പകയും കടന്നുവരാതിരിക്കും വിധം എല്ലാവരെയും ചേർത്തുപിടിച്ചു; പ്രോത്സാഹിപ്പിച്ചു.

**3. മുതിർന്നവർ ചെറിയവരോടൊപ്പവും കുഞ്ഞുങ്ങളോടൊപ്പവും കളികളിൽ ഏർപ്പെടുക.**

പ്രവാചക ജീവിതത്തിലേക്കു നോക്കിയാൽ നമ്മെ അത്ഭുതപ്പെടുത്തും വിധം ഈ രംഗത്തുള്ള ചില ഏടുകൾ കാണാം. പ്രബോധന നേതൃത്വവും രാഷ്ട്രീയ നേതൃത്വവും കൊണ്ടുള്ള തിരക്കിനിടയിലും പ്രവാചകൻ(സ്വ) കുട്ടികളോടൊപ്പം കളിക്കാൻ സമയം കണ്ടെത്തിയിരുന്നു എന്നത്, ഇന്നത്തെ നമ്മുടെ (ജോലിത്തിരക്കുള്ള) മാതാപിതാക്കൾ ഓർക്കേണ്ടതാണ്.

നബി(സ്വ) പേരമക്കളായ

**ശക്തനും ബലവനുമായ ഒരു വിശ്വാസി അല്ലാഹുവിന്റെ അടുക്കൽ ദുർബലനായ വിശ്വാസിയെക്കാൾ പ്രിയപ്പെട്ടവനാണ്. നമുക്കറിയാവുന്നതുപോലെ മതപരവും ഭൗതികവുമായ ഈ ഉത്തരവാദിത്തങ്ങളെല്ലാം നിർവഹിക്കാൻ ആരോഗ്യമുള്ള, ബലിഷ്ഠമായ ശരീരം ഉണ്ടാവുകയെന്നത് ആശ്വാസകരമാണ്. നമസ്കാരവും നോമ്പും ഹജ്ജും പ്രബോധന മേഖലയിലും മറ്റുമുള്ള ധർമസമരവും അന്നത്തിനായുള്ള അധ്വാനവുമെല്ലാം ശരിയാംവിധം ഒരു വിശ്വാസിക്ക് അനായാസം നിർവഹിക്കാൻ കഴിയണമെങ്കിൽ ആരോഗ്യവും ശക്തിയും ആവശ്യമാണെന്നു നമ്മൾ ചിന്തിക്കാറുണ്ടോ? സത്യത്തിൽ അതിന്ന് അടിത്തറയിടുന്നവർ രക്ഷിതാക്കളായ നമ്മളല്ലാതെ മറ്റാരാണ്? പ്രവാചക അധ്യാപനങ്ങളും ജീവിത ചരിത്രവും പരതിയാൽ ശാരീരിക വളർച്ചയിൽ ശ്രദ്ധയൂന്നാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്ന ധാരാളം മാർഗദർശനങ്ങൾ കാണാൻ കഴിയും. ഒരു പക്ഷേ, ചിലതെല്ലാം റസൂലി(സ്വ)ന്റെ കാലവും പരിസരവും പരിഗണിച്ചുള്ള സൂചകങ്ങളാവാമെങ്കിലും അവ കാലാനുസൃത പുനർവായനയിലൂടെ എന്നും എവിടെയും സാധ്യമാക്കാവുന്നതാണ്.**

ഹസൻ(റ), ഹുസൈൻ(റ) എന്നിവരുമായി അവരുടെ കുട്ടിക്കാലത്ത് കളിക്കുന്നതിന്റെ എത്രയോ നേരനുഭവങ്ങൾ സ്വഹാബികൾ വിവരിക്കുന്നത് നിരവധി ഹദീസുകളിൽ വന്നിട്ടുണ്ട്. നബി(സ്വ) അവർക്കു മുമ്പിൽ ഒട്ടകമാകും. കുട്ടികൾ ഒട്ടകത്തിനുമുകളിൽ കയറും. എന്നിട്ട് അവിടുന്ന് അവരെയുംകൊണ്ട് നടക്കും. വീഴാതിരിക്കാൻ മുറുകെ പിടിക്കാൻ നബി (സ്വ) അവരോട് ആശ്യപ്പെടും. ഇത് കാണുന്ന സ്വഹാബിമാർ 'നിങ്ങളുടെ ഒട്ടകം എത്ര നല്ല ഒട്ടകം' എന്നു നബിയെ ഉദ്ദേശിച്ചു പറയും. ചിലപ്പോൾ അവരെയും അബ്ബാസി(റ)ന്റെ മക്കളെയുമെല്ലാം തോളിലേറ്റി നടക്കും. ഇതൊക്കെ നമുക്ക് പാഠമാകേണ്ടതാണ്.

ഇത്തരം സന്ദർഭങ്ങളിൽ നബി (സ്വ) മറ്റുള്ളവർക്ക് മുമ്പിൽവച്ച് അവരെ അഭിനന്ദിക്കുകയും ചെയ്യും. അത് കുട്ടികൾക്ക് ആത്മസംതൃപ്തിയും ഉന്മേഷവും സമ്മാനിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒരിക്കൽ പേരക്കുട്ടികളെ പുറത്തേറ്റി നബി(സ്വ) നടക്കുന്നത് കണ്ടപ്പോൾ 'എത്ര നല്ല ഒട്ടകമാണ് നിങ്ങളുടെത്' എന്ന് പ്രതികരിച്ച സ്വഹാബിയോട് നബി(സ്വ) പ്രതികരിച്ചത് 'ഒട്ടകത്തിന്റെ മുകളിലുള്ളവരും എത്ര നല്ല സവാരിക്കാരാണ്' എന്നാണ്. ഇടക്കിടെ മുതിർന്നവർ കുട്ടികളോടൊപ്പം ചേർന്ന് കളിക്കുന്നതും മുതിർന്നവരുടെമേൽ അവർ വിജയം നേടുന്നതുമെല്ലാം ഉണ്ടാക്കുന്ന ആവേശവും മാനസിക ഔന്നത്യവുമെല്ലാം അവരുടെ ശാരീരിക-മാനസിക വളർച്ചയെ ത്വരിതപ്പെടുത്തും. മടി, ഏകാന്തത, മാനസിക സമ്മർദങ്ങൾ തുടങ്ങിയ നിരവധി പ്രതിസന്ധികളിൽ അകപ്പെടാതിരിക്കാൻ അവർക്ക് കഴിയും.

**4. കുട്ടികളെ ഒന്നിച്ച് കളിക്കാൻ അനുവദിക്കുക.**

എല്ലാ മാതാപിതാക്കൾക്കും കുട്ടികളോടൊപ്പം കായിക വിനോദങ്ങളിൽ ഏർപ്പെടാൻ കഴിയണമെന്നില്ല. സ്വന്തം സഹോദരങ്ങൾ, അയൽവാസികളായ കുട്ടികൾ എന്നിവരുമൊത്ത് കളിവിനോദങ്ങളിൽ ഏർപ്പെടാൻ അവസരമൊരുക്കണം. എന്നാൽ സൽസ്വഭാവവും സംസ്കാരവുമുള്ളവരോടൊപ്പമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അശ്ലീലവാക്കുകളും മാന്യമല്ലാത്ത വൈകാരിക പ്രതികരണങ്ങളുമൊക്കെ കുട്ടികളിലേക്ക് കയറി വരുന്നത് തെരെഞ്ഞടുപ്പില്ലാത്ത കളിസ്ഥലങ്ങളിൽനിന്നും കൂട്ടുകെട്ടിൽ നിന്നുമാണ്.

> **'വിജയികൾക്ക് ഇന്നാലിന്നത് തരും.' എന്നിട്ട് അവർ നബിക്കുനേരെ ഓടിവരും. നബിയുടെ മുതുകിലും നെഞ്ചിലും അവർ വന്നുപതിക്കും. നബി(സ്വ) അവരെയെല്ലാം ഉമ്മ വയ്ക്കുകയും ആലിംഗനം ചെയ്യുകയും ചെയ്യും. നബി(സ്വ) ഇത്തരം മത്സരങ്ങളിൽ വിജയികളെ മാത്രമല്ല പരിഗണിച്ചതും ഉമ്മവച്ചതും. മറിച്ച്, അവർക്കിടയിൽ അസൂയയും പകയും കടന്നുവരാതിരിക്കുംവിധം എല്ലാവരെയും ചേർത്തുപിടിച്ചു; പ്രോത്സാഹിപ്പിച്ചു.**

നബി(സ്വ)യുടെ കാലത്ത് കുട്ടികൾ കൂട്ടംകൂടി കളിക്കാറുണ്ടായിരുന്നുവെന്നു മാത്രമല്ല, അവിടുന്ന് അവരുടെ അടുത്തുപോയി കളി വീക്ഷിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. നബി(സ്വ) തന്റെ കുട്ടിക്കാലത്ത് മറ്റു കുട്ടികളോടൊപ്പം കളിക്കാറുണ്ടായിരുന്നു. ഒരിക്കൽ അത്തരം ഒരു സന്ദർഭത്തിലാണ് മലക്കുകൾ വന്നു നബിയുടെ ഹൃദയം പിളർത്തിയ സംഭവമുണ്ടാകുന്നത്. ഉഹുദ് യുദ്ധത്തിനുള്ള തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനെത്തിയ രണ്ട് കൗമാരക്കാരിൽ ഒരാൾക്കു മാത്രം സെലക്ഷൻ കിട്ടിയപ്പോൾ മറ്റെ കൗമാരക്കാരൻ നബിയോട് പരാതി പറഞ്ഞതും എനിക്കാണ് അവനുമായി ഗുസ്തി പിടിച്ചാൽ വിജയമുണ്ടാവുകയെന്നതിനാൽ എങ്ങനെയാണ് എന്നെക്കൂടാതെ അവനെ സൈന്യത്തിൽ എടുത്തതെന്ന് ചോദിച്ച കൗമാരക്കാരനോട് കൂട്ടുകാരനുമായി ഗുസ്തിയിൽ എർപ്പെടാൻ നബി ആവശ്യപ്പെടുകയും അത് അവിടുന്ന് വീക്ഷിക്കുകയും അവസാനം രണ്ടു പേർക്കും അവസരം നൽകുകയും ചെയ്തതുമായ ചരിത്രം പ്രസിദ്ധമാണ്.

**പെൺകുട്ടികളും കായികവിനോദങ്ങളും**

ആൺകുട്ടികളി നിന്ന് പല നിലയ്ക്കും വ്യത്യസ്തമാണ് കളികളോടും വിനോദങ്ങളോടുമുള്ള പെൺകുട്ടികളുടെ താൽപര്യങ്ങൾ. കളിക്കോപ്പുകളുമായി ഇടപെട്ടു കളിക്കാനാണ് പലപ്പോഴും അവർ മുൻഗണന നൽകാറുള്ളത്. ചെറുപ്രായത്തിൽ നബി(സ്വ)യുടെ വീട്ടുകാരിയായി വന്ന ആഇശ(റ) കളിക്കോപ്പുകളുമായി കളിച്ചുകൊണ്ടിരിക്കുക പതിവായിരുന്നു. ഇമാം അബൂദാവൂദ് ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇങ്ങനെ വന്നിട്ടുണ്ട്: ആഇശ(റ) പറയുന്നു: 'ഒരിക്കൽ നബി(സ്വ) ഹുനൈൻ യുദ്ധമോ അതോ തബൂക് യുദ്ധമോ കഴിഞ്ഞു വീട്ടിലേക്കു വന്നു. അവിടെ റൂമിൽ വിരിപ്പിട്ടു മറച്ച ഒരിടമുണ്ടായിരുന്നു. കാറ്റിൽ അത് നീങ്ങിപ്പോയി. അപ്പോൾ അവിടെ മറച്ചുവച്ചിരുന്ന പെൺകുട്ടികളുടെ രൂപത്തിലുള്ള, ആഇശ(റ)യുടെ കളിപ്പാട്ടങ്ങൾ വെളിപ്പെട്ടു. നബി(സ്വ) ചോദിച്ചു: 'എന്താണ് ആഇശാ ഇത്?' 'ഇത് എന്റെ പെണ്മക്കളാണ്.' അവയ്ക്കിടയിൽ രണ്ടു ചിറകുള്ള ഒരു കുതിരയെ കണ്ടു. നബി(സ്വ) ചോദിച്ചു: 'അവയ്ക്കിടയിലെന്താണ് മറ്റൊന്ന് (പെൺമക്കളല്ലാത്തത്)?' അവർ പറഞ്ഞു: 'കുതിരയാണ്.' അവിടുന്ന് വീണ്ടും ചോദിച്ചു: 'അതിന്റെ മേലെന്താണ്?' അവർ പറഞ്ഞു: 'രണ്ടു ചി

**ആൺകുട്ടികളെ പോലെത്തന്നെ പെൺകുട്ടികൾക്കും ശാരീരികവളർച്ചയും കരുത്തും അനിവാര്യം തന്നെയാണ്. കായിക വിനോദങ്ങൾ അതിന് അവർക്കും സഹായകമാണ്. മാത്രവുമല്ല, ചെറുപ്രായത്തിൽ അവർക്ക് ശാരീരിക ആരോഗ്യവും വളർച്ചയുമെല്ലാം എത്രത്തോളം അനിവാര്യമാണെന്ന് തുടർന്നുള്ള അവരുടെ ജീവിത ഘട്ടങ്ങളെക്കുറിച്ചോർത്താൽ നമുക്ക് ബോധ്യമാകും. ആരാധനകൾ നിർവഹിക്കൽ അവർക്കും ബാധ്യതയാണ്. ആർത്തവം, പ്രസവം, മുലയൂട്ടൽ തുടങ്ങി ആരോഗ്യം അനിവാര്യമാകുന്ന തലങ്ങളിലൂടെ കടന്നുപോകേണ്ടവരാണ് പെണ്മക്കൾ. അതിനാൽ അവർക്ക് ആവശ്യത്തിന് കായികബലവും ശാരീരിക വളർച്ചയുമെല്ലാം കുട്ടിക്കാലത്തുതന്നെ കിട്ടേണ്ടതുണ്ട്.**



റകുകൾ.' നബി(സ്വ) ചോദിച്ചു: 'കുതിരക്ക് ചിറകുകളോ?' ആഇശ(റ) തിരിച്ചു ചോദിച്ചു: 'നിങ്ങൾ കേട്ടിട്ടില്ലേ, സുലൈമാൻ നബിക്ക് ചിറകുകളുള്ള കുതിരയുണ്ടായിരുന്നെന്ന്?' അപ്പോൾ നബി(സ്വ) തന്റെ അണപ്പല്ല് വെളിപ്പെടുംവിധം ചിരിച്ചു

ഇമാം ബുഖാരിയും മുസ്‌ലമും ഉദ്ധരിക്കുന്ന മറ്റൊരു ഹദീസിൽ ആഇശ(റ) പറയുന്നു: 'നബിയുടെ അടുത്തായിരിക്കുന്ന അവസ്ഥയിൽ ഞാൻ എന്റെ കൂട്ടുകാരികളുമായി കളികളിൽ ഏർപെടുമായിരുന്നു. അവർ എന്റെ വീട്ടിലേക്കു വരും. നബിയെ കണ്ടാൽ അവർ മുങ്ങാൻ ശ്രമിക്കും. അപ്പോൾ നബി(സ്വ) അവരെ എന്റെ അടുത്തേക്ക് തിരിച്ചുകൊണ്ടുവരും. അങ്ങനെ ഞങ്ങൾ കളിക്കും.'

ആൺകുട്ടികളെ പോലെത്തന്നെ പെൺകുട്ടികൾക്കും ശാരീരികവളർച്ചയും കരുത്തും അനിവാര്യം തന്നെയാണ്. കായിക വിനോദങ്ങൾ അതിന് അവർക്കും സഹായകമാണ്. മാത്രവുമല്ല, ചെറുപ്രായത്തിൽ അവർക്ക് ശാരീരിക ആരോഗ്യവും വളർച്ചയുമെല്ലാം എത്രത്തോളം അനിവാര്യമാണെന്ന് തുടർന്നുള്ള അവരുടെ ജീവിത ഘട്ടങ്ങളെക്കുറിച്ചോർത്താൽ നമുക്ക് ബോധ്യമാകും.

ആരാധനകൾ നിർവഹിക്കൽ അവർക്കും ബാധ്യതയാണ്. ആർത്തവം, പ്രസവം, മുലയൂട്ടൽ തുടങ്ങി ആരോഗ്യം അനിവാര്യമാകുന്ന തലങ്ങളിലൂടെ കടന്നുപോകേണ്ടവരാണ് പെണ്മക്കൾ. അതിനാൽ അവർക്ക് ആവശ്യത്തിന് കായികബലവും ശാരീരിക വളർച്ചയുമെല്ലാം കുട്ടിക്കാലത്തുതന്നെ കിട്ടേണ്ടതുണ്ട്.

എന്നാൽ ആൺകുട്ടികളെ അപേക്ഷിച്ച ധാർമികതയുടെ ചട്ടക്കൂടിനുള്ളിൽ പെൺസൗഹൃദ കായികാവസരങ്ങൾ തുലോം കുറവാണെന്നു കാണാം. വീടുകളിലും കലാലയങ്ങളിലും മറ്റ് സാമൂഹ്യ ഇടങ്ങളിലും ആൺകുട്ടികൾക്ക് നിരവധി അവസരങ്ങൾ തുറന്നു കിടക്കുമ്പോൾ മുസ്‌ലിം പെൺകുട്ടികളുടെ മുമ്പിൽ രണ്ടു വഴികളേയുള്ളൂ. ഒന്നുകിൽ ജെന്റർ ന്യൂട്രാലിറ്റിയുടെ ചൂഷണാത്മക ഇടങ്ങൾക്ക് വിധയരായി സ്വകാര്യതകളെയും ധാർമിക പരിധികളെയും ബലികൊടുക്കുക. അല്ലെങ്കിൽ ജീവിതത്തിൽനിന്ന് എല്ലാ കായിക താൽപര്യങ്ങളും കുഴിച്ചുമൂടുക.

ശാരീരിക വളർച്ചയും ബൗദ്ധിക മികവും മാനസികോല്ലാസവും ലക്ഷ്യംവച്ചുകൊണ്ട് പെൺകുട്ടികൾ കായിക വിനോദങ്ങളിൽ ഏർപെടുന്നതിൽ ഇസ്‌ലാമിക വിലക്കുകളൊന്നുമില്ല. പക്ഷേ, അവരുടെ സ്വകാര്യതകളും ധാർമിക ചട്ടക്കൂടും സംരക്ഷിച്ചുകൊണ്ടാവണം എന്നുമാത്രം. ഈ അർഥത്തിൽ മുസ്‌ലിം പെൺകുട്ടികൾക്ക് അനുയോജ്യമായ കളിയിടങ്ങളും കായിക പരിശീലനത്തിനുള്ള അവസരങ്ങളും തീർക്കുന്നതിൽ നമ്മൾ തീർത്തും പിന്നിലാണ്. മഹല്ലുകളും ഇസ്‌ലാമിക സംഘടനകളും അവരുടെ അജണ്ടകളിൽ പെൺകുട്ടികളുടെ ശാരീരിക-മാനസിക വികാസത്തിനും ഉല്ലാസത്തിനും ഉതകുന്ന, അവരുടേത് മാത്രമായ കായിക വിനോദ ഇടങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

ചുരുക്കത്തിൽ, കായിക വിനോദങ്ങൾക്ക് ശാരീരിക വളർച്ചയിൽ ചെറുതല്ലാത്ത പങ്കുണ്ട്. നീണ്ട കുട്ടിക്കാലം അതിനുകൂടിയുള്ളതാണ്. സംസ്കാരവും ശാരീരികശക്തിയും ആർജിച്ചെടുക്കുമാറ് അതിനു മക്കൾക്ക് അവസരം ഉണ്ടാവേണ്ടതുണ്ട്. ഓരോ പ്രദേശങ്ങളിലും നിലനിൽക്കുന്ന ഇസ്‌ലാമിക സ്ഥാപനങ്ങൾ ധാർമികതയുടെ ശുദ്ധവായു ശ്വസിച്ചുകൊണ്ട് തന്നെ വളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളിലുള്ള കുട്ടികളുടെ കായിക വിനോദ താൽപര്യങ്ങളെ പരിഗണിക്കേണ്ടതുണ്ട്.

**(തുടരും)**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
✆:95444 92089



അധ്യായം: 43

# അസ്സുഖ്റുഫ്

## (സുവർണാലങ്കാരം)

(മക്കയിൽ അവതരിച്ചത്)

وَقَالُوٓا۟ ءَأَـٰلِهَتُنَا خَيْرٌ أَمْ هُوَ ۚ مَا ضَرَبُوهُ لَكَ إِلَّا جَدَلًۢا ۚ بَلْ هُمْ قَوْمٌ خَصِمُونَ ﴿٥٨﴾

إِنْ هُوَ إِلَّا عَبْدٌ أَنْعَمْنَا عَلَيْهِ وَجَعَلْنَـٰهُ مَثَلًا لِّبَنِىٓ إِسْرَٰٓءِيلَ ﴿٥٩﴾

وَلَوْ نَشَآءُ لَجَعَلْنَا مِنكُم مَّلَـٰٓئِكَةً فِى ٱلْأَرْضِ يَخْلُفُونَ ﴿٦٠﴾

وَإِنَّهُۥ لَعِلْمٌ لِّلسَّاعَةِ فَلَا تَمْتَرُنَّ بِهَا وَٱتَّبِعُونِ ۚ هَـٰذَا صِرَٰطٌ مُّسْتَقِيمٌ ﴿٦١﴾

وَلَا يَصُدَّنَّكُمُ ٱلشَّيْطَـٰنُ ۖ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٦٢﴾

58. ഞങ്ങളുടെ ദൈവങ്ങളാണോ ഉത്തമം, അതല്ല, അദ്ദേഹമാണോ എന്നവർ പറയുകയും ചെയ്തു. അവർ നിന്റെ മുമ്പിൽ അതെടുത്തുകാണിച്ചത് ഒരു തർക്കത്തിനായി മാത്രമാണ്. എന്നുതന്നെയല്ല അവർ പിടിവാശിക്കാരായ ഒരു ജനവിഭാഗമാകുന്നു.
59. അദ്ദേഹം നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു. അദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും അദ്ദേഹത്തെ ഇസ്റാഈൽ സന്തതികൾക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു.
60. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ (നിങ്ങളുടെ) പിൻതലമുറയായിരിക്കത്തക്കവിധം നിങ്ങളിൽനിന്നുതന്നെ നാം മലക്കുകളെ ഭൂമിയിൽ ഉണ്ടാക്കുമായിരുന്നു.
61. തീർച്ചയായും അദ്ദേഹം അന്ത്യസമയത്തിന്നുള്ള ഒരു അറിയിപ്പാകുന്നു. അതിനാൽ അതിനെ(അന്ത്യസമയത്തെ) പ്പറ്റി നിങ്ങൾ സംശയിച്ചുപോകരുത്. എന്നെ നിങ്ങൾ പിന്തുടരുക. ഇതാകുന്നു നേരായ പാത.
62. പിശാച് (അതിൽനിന്ന്) നിങ്ങളെ തടയാതിരിക്കട്ടെ. തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു.

وَلَمَّا جَآءَ عِيسَىٰ بِٱلۡبَيِّنَٰتِ قَالَ قَدۡ جِئۡتُكُم
بِٱلۡحِكۡمَةِ وَلِأُبَيِّنَ لَكُم بَعۡضَ ٱلَّذِي
تَخۡتَلِفُونَ فِيهِۖ فَٱتَّقُواْ ٱللَّهَ وَأَطِيعُونِ ٦٣

إِنَّ ٱللَّهَ هُوَ رَبِّي وَرَبُّكُمۡ فَٱعۡبُدُوهُۚ هَٰذَا صِرَٰطٞ
مُّسۡتَقِيمٞ ٦٤

63. വ്യക്തമായ തെളിവുകളുംകൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവുംകൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്തുവന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായ ഭിന്നത പുലർത്തികൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ.

64. തീർച്ചയായും അല്ലാഹുതന്നെയാകുന്നു എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ പാത.

58) (ഞങ്ങളുടെ ദൈവങ്ങളാണോ ഉത്തമം അതല്ല അദ്ദേഹമാണോ എന്നവർ പറയുകയും ചെയ്തു) അതായത് ഈസാ(അ) ആണോ; എല്ലാവർക്കുമുള്ള ആരാധനയും വിലക്കി. താക്കീതെല്ലാവർക്കും ബാധകമാണുതാനും. അല്ലാഹു പറഞ്ഞു:

إِنَّكُمۡ وَمَا تَعۡبُدُونَ مِن دُونِ ٱللَّهِ
حَصَبُ جَهَنَّمَ أَنتُمۡ لَهَا وَٰرِدُونَ ٩٨

"തീർച്ചയായും നിങ്ങളുടെ അല്ലാഹുവിനുപുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിലെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വന്നുചേരുക തന്നെ ചെയ്യുന്നതാണ്" (അമ്പിയാഅ് 98).

മുഹമ്മദേ, നീയും ഞങ്ങളും അംഗീകരിക്കുന്ന കാര്യമാണ് ഈസാ അല്ലാഹുവിന്റെ സാമീപ്യം ലഭിച്ച നല്ലവനായ ദാസന്മാരിൽപെട്ടവനാണെന്നത്. ആരാധിക്കാൻ പാടില്ലെന്ന് പറഞ്ഞവരിൽ അദ്ദേഹത്തെയും ഞങ്ങളുടെ ആരാധ്യരെയും ഒരുപോലെയാക്കുന്നത് എന്തിനാണ്? നിന്റെ വാദം ശരിയാണെങ്കിൽ വൈരുധ്യമുണ്ടാകില്ലല്ലോ? നീ പറഞ്ഞില്ലേ:

إِنَّكُمۡ وَمَا تَعۡبُدُونَ مِن دُونِ ٱللَّهِ
حَصَبُ جَهَنَّمَ أَنتُمۡ لَهَا وَٰرِدُونَ ٩٨

"തീർച്ചയായും നിങ്ങളുടെ അല്ലാഹുവിനുപുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിലെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വന്നുചേരുക തന്നെ ചെയ്യുന്നതാണ്" (അമ്പിയാഅ് 98).

നരകത്തിൽ പ്രവേശിക്കുമെന്ന് പറഞ്ഞതിൽ ഈസാ നബി(അ)യും ഉൾപ്പെടുമല്ലോ എന്നതാണ് അവരുടെ വാദം. ഇതിൽ വൈരുധ്യമില്ലേ? തെളിവിലെ വൈരുധ്യം അതിന്റെ നിരർഥകതയെ അറിയിക്കുന്നു. അവരന്യോന്യം ഏറെ ആഘോഷിച്ചു. ഒരു ആശയക്കുഴപ്പമാണിത്. അതാവട്ടെ-അൽഹംദുലില്ലാഹ്-ഏറ്റവും ദുർബലമായ വാദവുമാണ്. വിഗ്രഹാരാധനയെയും ഈസാ നബി(അ)യെ ആരാധിക്കുന്നതിനെയും തുല്യപ്പെടുത്തി എന്നതാണവരുടെ വാദം. ആരാധന അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. അതാവട്ടെ സൃഷ്ടികളിൽ ഒരാൾക്കും; മലക്കായാലും പ്രവാചകന്മാരായാലും പാടില്ല. ഈസാനബിയെ ആരാധിക്കുന്നത് മറ്റുള്ളവരെ ആരാധിക്കുന്നതിനോട് തുല്യപ്പെടുത്തുന്നതിൽ എന്ത് ആശയക്കുഴപ്പമാണുള്ളത്?

59) ഈസാ നബി(അ)യുടെ മഹത്ത്വമോ അദ്ദേഹം അല്ലാഹുവിന്റെ സാമീപ്യം സിദ്ധിച്ചവനാണെന്നതോ ഇവിടെ അദ്ദേഹത്തിനും അവർക്കുമിടയിൽ വേർതിരിവ് കൽപിക്കണമെന്നതിന് തെളിവല്ല. അല്ലാഹു പറഞ്ഞതുപോലെ, (അദ്ദേഹം നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു. അദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും ചെയ്തു) പ്രവാചകത്വം, യുക്തിജ്ഞാനം, അറിവ്, പ്രവർത്തനം എന്നിവയെക്കൊണ്ട്. (അദ്ദേഹത്തെ ഇസ്റാഈൽ സന്തതികൾക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു) പിതാവില്ലാതെ അദ്ദേഹത്തെ ഉണ്ടാക്കാൻ കഴിയുമെന്ന് അതുമൂലം അവർ മനസ്സിലാക്കുന്നു. എന്നാൽ അല്ലാഹു പറഞ്ഞത്:

إِنَّكُمۡ وَمَا تَعۡبُدُونَ مِن دُونِ ٱللَّهِ
حَصَبُ جَهَنَّمَ أَنتُمۡ لَهَا وَٰرِدُونَ ٩٨

"തീർച്ചയായും നിങ്ങളും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിലെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വന്നുചേരുകതന്നെ ചെയ്യുന്നതാണ്."

മൂന്നു രൂപത്തിൽ ഇതിന് മറുപടി പറയാം: (അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് എന്നതിൽ) 'മാ' എന്ന നാമം ജീവനില്ലാത്തവയെ കുറിക്കുന്നു. അപ്പോൾ അതിൽ ഈസാനബി(അ) ഉൾപ്പെട്ടിട്ടില്ല. രണ്ട്, ഈ അഭിസംബോധന അന്ന് മക്കയിലും പരിസരത്തുമുണ്ടായിരുന്ന മുശ്‌രിക്കുകളോടാണ്. അവർ ഈസാ നബിയെ ആരാധിച്ചിരുന്നില്ല. അവർ ബിംബങ്ങളെയും പ്രതിമകളെയും ആയിരുന്നു ആരാധിച്ചിരുന്നത്. മൂന്ന്, ഈ വചനത്തിനുശേഷം അല്ലാഹു പറഞ്ഞത്:

إِنَّ ٱلَّذِينَ سَبَقَتْ لَهُم مِّنَّا ٱلْحُسْنَىٰٓ
أُو۟لَـٰٓئِكَ عَنْهَا مُبْعَدُونَ ﴿١٠١﴾

"തീർച്ചയായും നമ്മുടെ പക്കൽനിന്നു മുമ്പേ നന്മ ലഭിച്ചവരാരോ അവർ അതിൽ (നരകത്തിൽ)നിന്ന് അകറ്റിനിർത്തപ്പെടുന്നവരാകുന്നു" (അമ്പിയാഅ് 101).

ഇവരിൽ ഈസാനബിയും മറ്റു പ്രവാചകന്മാരും മഹത്തുക്കളും ഉൾപ്പെടും എന്ന കാര്യത്തിൽ സംശയമില്ല.

60) (നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ പിൻതലമുറയായിരിക്കത്തക്കവിധം നിങ്ങളിൽനിന്നുതന്നെ നാം മലക്കുകളെ ഭൂമിയിൽ ഉണ്ടാക്കുമായിരുന്നു) നിങ്ങൾക്കു പകരം പിൻഗാമികളായി ഭൂമിയിൽ നാം മലക്കുകളെ നിശ്ചയിക്കുമായിരുന്നു. ഭൂമിയിൽ അവരായിരിക്കുമ്പോൾ അതേവർഗത്തിൽപെട്ട മലക്കുകളെത്തന്നെ നാം അവരിലേക്ക് അയക്കേണ്ടിവരും. എന്നാൽ മനുഷ്യരായ മലക്കുകൾ നിയോഗിക്കപ്പെടുന്നത് നിങ്ങൾക്ക് സാധിക്കാത്തതാണ്. നിങ്ങളുടെ വർഗത്തിൽപെട്ട പ്രവാചകന്മാരെ നിങ്ങളിലേക്കയച്ചത് നിങ്ങൾക്ക് അനുഗ്രഹമാണ്. അവരിൽനിന്ന് സ്വീകരിക്കാൻ നിങ്ങൾക്ക് സൗകര്യപ്പെടുകയും ചെയ്യുന്നു.

61). (തീർച്ചയായും അദ്ദഹം അന്ത്യസമയത്തിനുള്ള ഒരു അറിയിപ്പുമാകുന്നു) ഈസാ നബി(അ) അന്ത്യസമയത്തിന്റെ ഒരു തെളിവാണ്. പിതാവില്ലാതെ മാതാവിൽനിന്ന് മാത്രമായി ഒരാളെ ഉണ്ടാക്കാൻ കഴിവുള്ളവൻ മരിച്ചവരെ ഖബ്റുകളിൽനിന്നും ഉയിർത്തെഴുന്നേൽപിക്കാൻ കഴിവുള്ളവനാണ്. അന്ത്യനാളിൽ ഈസാനബി(അ) ഇറങ്ങിവരികയും ചെയ്യും. അത് അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാണ്. (അതിനാൽ നിങ്ങൾ സംശയിച്ചുപോകരുത്) അന്ത്യസമയം സംഭവിക്കുമെന്നതിൽ നിങ്ങൾ സംശയിക്കുതന്നെ ചെയ്യരുത്. അതിൽ സംശയിക്കുന്നത് വിശ്വാസത്തിൽനിന്ന് പുറത്തുപോകുന്ന കാര്യമാണ് (എന്നെ നിങ്ങൾ പിന്തുടരുക) നിങ്ങളോട് ഞാൻ കൽപിച്ചത് പിന്തുടർന്നും വിരോധിച്ചത് ഉപേക്ഷിച്ചും. (ഇതാകുന്നു നേരായ പാത) അല്ലാഹുവിലേക്കെത്തിക്കുന്ന.

62). (പിശാച് നിങ്ങളെ തടയാതിരിക്കട്ടെ) അല്ലാഹു നിങ്ങളോട് കൽപിച്ചതിൽനിന്ന്. (തീർച്ചയായും അവൻ) പിശാച്. (നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു) അതിനുവേണ്ട പരിശ്രമങ്ങൾ ചെയ്ത് നിങ്ങളെ വഴിപിഴപ്പിക്കാൻ അതീവതൽപരനാണവൻ.

63). (വ്യക്തമായ തെളിവുകളുംകൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു) അദ്ദേഹത്തിന്റെ പ്രവാചകത്വത്തെയും കൊണ്ടുവന്ന സന്ദേശങ്ങളുടെ സത്യതയെയും സ്ഥാപിക്കുന്ന തെളിവുകൾ, മരിച്ചവരെ ജീവിപ്പിക്കുക, ജന്മനാ കാഴ്ചയില്ലാത്തവനെയും പാണ്ടുരോഗിയെയും സുഖപ്പെടുത്തുക തുടങ്ങിയ ദൃഷ്ടാന്തങ്ങൾ. (അദ്ദേഹം പറഞ്ഞു) ഇസ്റായേൽ സന്തതികളോട്. (തീർച്ചയായും വിജ്ഞാനവും കൊണ്ടാണ് ഞാൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നത്) പ്രവാചകത്വവും അനിവാര്യമായ അറിവുകളും കൊണ്ട്. (നിങ്ങൾ അഭിപ്രായഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന വിഷയങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും) അതിലെ ശരിയും മറുപടിയും നിങ്ങൾക്ക് വ്യക്തമാക്കിത്തരാൻ. അപ്പോൾ നിങ്ങളുടെ ആശയക്കുഴപ്പങ്ങൾ നീങ്ങും. മൂസാനബിതന്റെ ശരീഅത്തും തൗറാത്തിന്റെ വിധികളും പൂർത്തീകരിക്കാനാണ് വന്നത്. അദ്ദേഹത്തിന് അവർ കീഴ്പ്പെടാനും സന്ദേശങ്ങൾ സ്വീകരിക്കാനും ചില ലഘൂകരണങ്ങൾ അദ്ദേഹം കൊണ്ടുവന്നു. (നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ) നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ പങ്കുചേർക്കാതിരിക്കുകയും ചെയ്യുക. അവന്റെ കൽപനകൾ പാലിക്കുക. വിരോധങ്ങളുപേക്ഷിക്കുക. എന്നിൽ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്യുക.

64). (തീർച്ചയായും അല്ലാഹുതന്നെയാകുന്നു എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക, ഇതാകുന്നു നേരായ പാത) സൃഷ്ടികർതൃത്വത്തിലുള്ള ഏകത്വം (തൗഹീദുർറുബൂബിയ്യത്ത്) ഈ ആയത്തിൽ സ്ഥിരപ്പെടുത്തുന്നുണ്ട്. മുഴുവൻ സൃഷ്ടികളെയും വ്യത്യസ്തമായ അനുഗ്രഹങ്ങൾ നൽകി സംരക്ഷിക്കുന്ന പരിപാലകനാണവൻ. ആരാധ്യതയിലെ ഏകത്വവും (തൗഹീദുൽ ഉലൂഹിയ്യത്ത്) ഈ ആയത്തിൽ സ്ഥിരപ്പെടുത്തുന്നുണ്ട്. അതായത് അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ, അവനിൽ പങ്കുചേർക്കരുതെന്നുമുള്ള കൽപന. ഈസാനബി(അ) അല്ലാഹുവിന്റെ ദാസന്മാരിൽപെട്ട ഒരു ദാസനാണ്. ക്രിസ്ത്യാനികൾ വാദിക്കുന്നതുപോലെ, മൂന്നിൽ മൂന്നാമനോ ദൈവപുത്രനോ അല്ല. ചൊവ്വായപാത എന്നത് അല്ലാഹുവിലേക്കും സ്വർഗത്തിലേക്കും എത്തിക്കുന്ന വഴിയാണ്.




# ശിരോവസ്ത്ര നിരോധനം ഭ്രാതൃഭാവം തകർക്കും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

മുസ്‌ലിം പെൺകുട്ടികൾക്ക് മേൽ നടപ്പാക്കുന്ന ശിരോവസ്ത്ര നിരോധനം സ്ത്രീകൾക്കെതിരെയുള്ള വിവേചനമാണെന്നും നിരോധനത്തിന്റെ പിന്നിൽ മുസ്‌ലിം വിരോധമെന്ന ഹിന്ദുത്വ രാഷ്ട്രീയമാണെന്നും ഇസ്‌ലാമിക പ്രമാണങ്ങൾ പരിശോധിക്കുന്നതിനെക്കാൾ ഊന്നൽ മുസ്‌ലിംകൾ വളരെക്കാലമായി സ്വീകരിച്ചുവരുന്ന നടപ്പുരീതികളും കീഴ്‌വഴക്കങ്ങളും എന്താണെന്ന് അന്വേഷിക്കുന്നതിനാണ് നൽകേണ്ടതെന്നും എല്ലാവരെയും ഉൾക്കൊള്ളുന്ന ഭാരതത്തിന്റെ പ്രഖ്യാപിത നയമാണ് ഇവിടെയും നടപ്പാക്കേണ്ടതെന്നും അഭിഭാഷകരായ ആദിത്യ സോന്ധിയും രാജീവ് ധവാനും ചൂണ്ടിക്കാണിച്ചതിന് ശേഷം സുപ്രീംകോടതി സീനിയർ അഭിഭാഷകൻ ഹുസേഫാ അഹ്മദിയാണ് കോടതിക്ക് മുമ്പാകെ കക്ഷികൾക്ക് വേണ്ടി ഹാജരായത്. വിദ്യാർഥികൾക്കിടയിലെ സാഹോദര്യബോധത്തെ തകർക്കാൻ മാത്രമെ പുതിയ തീരുമാനം ഉതകുകയുള്ളൂ എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട വാദം.

### ഹുസേഫാ അഹ്മദി

സർക്കാരിന്റെ സർക്കുലറിൽ പറയുന്നത് പുതിയ തീരുമാനം വിദ്യാർഥികൾക്കിടയിൽ സാഹോദര്യം ഉണർത്തുന്ന ഭ്രാതൃഭാവം (fraternity) വളർത്തുമെന്നാണ്. എന്നാൽ വിപരീതഫലമാണ് ഇത് ഉണ്ടാക്കാൻ പോകുന്നത്. കർണാടക എഡ്യൂക്കേഷൻ ആക്റ്റ് എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളണം എന്ന് അനുശാസിക്കുന്ന ഇൻക്ലൂസിവിറ്റിയെയും എല്ലാവരുമായും സൗഹൃദത്തിൽ കഴിയണമെന്ന് പഠിപ്പിക്കുന്ന

**സർക്കാരിന്റെ സർക്കുലറിൽ പറയുന്നത് പുതിയ തീരുമാനം വിദ്യാർഥികൾക്കിടയിൽ സാഹോദര്യം ഉണർത്തുന്ന ഭ്രാതൃഭാവം (fraternity) വളർത്തുമെന്നാണ്. എന്നാൽ വിപരീതഫലമാണ് ഇത് ഉണ്ടാക്കാൻ പോകുന്നത്. കർണാടക എഡ്യൂക്കേഷൻ ആക്റ്റ് എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളണം എന്ന് അനുശാസിക്കുന്ന ഇൻക്ലൂസിവിറ്റിയെയും എല്ലാവരുമായും സൗഹൃദത്തിൽ കഴിയണമെന്ന് പഠിപ്പിക്കുന്ന ഫ്രറ്റേർണിറ്റിയെയുമാണ് ഉയർത്തിപ്പിടിക്കുന്നത്. ഈ ആക്റ്റിന് വിരുദ്ധമാണ് സർക്കാരിന്റെ ഉത്തരവ് എന്നത് വ്യക്തമാണ്. ഭരണകൂടത്തിന്റെ താൽപര്യം വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം. വിദ്യാഭ്യാസത്തിന് നിയന്ത്രണം കൊണ്ടുവരുന്ന തരത്തിലുള്ള തീരുമാനങ്ങൾ സർക്കാർ നയമാവാൻ പാടില്ല. ശിരോവസ്ത്രം അനുവദിക്കാതെ വന്നാൽ വിദ്യാർഥിനികളുടെ കൊഴിഞ്ഞുപോക്കാവും സംഭവിക്കുക.**

ഫ്രറ്റേർണിറ്റിയെയുമാണ് ഉയർത്തിപ്പിടിക്കുന്നത്. ഈ ആക്റ്റിന് വിരുദ്ധമാണ് സർക്കാരിന്റെ ഉത്തരവ് എന്നത് വ്യക്തമാണ്. ഭരണകൂടത്തിന്റെ താൽപര്യം വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം. വിദ്യാഭ്യാസത്തിന് നിയന്ത്രണം കൊണ്ടുവരുന്ന തരത്തിലുള്ള തീരുമാനങ്ങൾ സർക്കാർ നയമാവാൻ പാടില്ല. ശിരോവസ്ത്രം അനുവദിക്കാതെ വന്നാൽ വിദ്യാർഥിനികളുടെ കൊഴിഞ്ഞുപോക്കാവും സംഭവിക്കുക.

### ശബരിമല വിധിയും ശിരോവസ്ത്രവും

സർക്കാരിന്റെ സർക്കുലർ പ്രത്യക്ഷത്തിൽ നിഷ്പക്ഷമെന്ന് തോന്നാമെങ്കിലും പരോക്ഷമായി വിവേചനപരമാണ്. മതപ്രമാണങ്ങളിലെ വാചകങ്ങളാണോ പണ്ഡിതന്റെ വാക്കാണോ അതല്ല, മതാചാരങ്ങളുടെ പരിധിയിൽ വരുന്ന അറിയപ്പെടുന്ന എല്ലാ ആചാരങ്ങളുമാണോ അത്യന്താപേക്ഷിത മതാചാരങ്ങൾ (ERP) എന്ന് നിശ്ചയിക്കാൻ സാധിക്കില്ല എന്നാണ് ശബരിമല കേസിൽ സുപ്രീം കോടതി പറഞ്ഞത്. അവയിൽ ഏതാണ് പരിഗണിക്കേണ്ടത് എന്ന കാര്യത്തിൽ നാം ആശയക്കുഴപ്പത്തിലാണ്. ഭരണഘടനയുടെ ആമുഖത്തിൽ (Preamble) പറയുന്നത് വ്യക്തിയുടെ അന്തസ്സ് ഉറപ്പാക്കിക്കൊണ്ടാണ് സാഹോദര്യം സാധ്യമാക്കേണ്ടത് എന്നാണ്. (Fraternity which assures the dignity of individual). രാഷ്ട്രത്തിന്റെ ഐക്യത്തെ കുറിച്ച് പറയുന്നതിന് മുമ്പാണ് ഓരോ വ്യക്തിയുടെയും അന്തസ്സിനെ കുറിച്ച് പ്രതിപാദിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദങ്ങൾ 51A(e), 51A(f) എന്നിവയിൽ പ്രതിപാദിക്കുന്ന സംയോജിത സംസ്കാരത്തെ കുറിച്ചും അതിലൂടെ ഉണ്ടാവുന്ന സഹിഷ്ണുതാ മനോഭാവത്തെ കുറിച്ചും ഹുസേഫാ അഹ്മദി അവതരിപ്പിച്ചു.

### ഫ്രറ്റേർണിറ്റിയിലെ ആശയപ്രപഞ്ചം


സാഹോദര്യത്തെ ഭരണഘടനാ മൂല്യമായി അവതരിപ്പിച്ചതിന്റെ ഉദ്ദേശ്യം സാമൂഹിക അസമത്വം ഉന്മൂലനം ചെയ്യുന്നതിനായി സമൂഹത്തിന്റെ സംവേദനക്ഷമതയെ ഉണർത്തുക എന്നതാണ്. സമത്വം (equality), സ്വാതന്ത്ര്യം (liberty) എന്നിവ പോലെ ജുഡീഷ്യൽ വ്യാഖ്യാനം ലഭിച്ചിട്ടില്ലാത്ത ഒരു സംജ്ഞയാണ് ഭ്രാതൃഭാവം (fraternity). സാഹോദര്യം എന്ന അർഥത്തിലാണ് ഫ്രറ്റേർണിറ്റി മനസ്സിലാക്കപ്പെട്ടു വന്നിട്ടുള്ളത്. നമ്മുടെ ഭരണഘടനയിൽ ഫ്രറ്റേർണിറ്റി



എന്ന പദം കാര്യമായ ആശയമാണ് നൽകുന്നത്. ഫ്രഞ്ച് വിപ്ലവത്തോടെയാണ് ഈ പദം പ്രചാരത്തിൽ വന്നത്. ഭരണഘടനയുടെ വർണരാജിക്ക് ചൈതന്യവത്തായ പ്രതീതി നൽകിയത് ഈ പദമാണ്. ഈ സംജ്ഞയുടെ ആശയം ജനതയുടെ സാമൂഹിക സ്വഭാവത്തിന്റെ ഭാഗമായി വളർത്തിയെടുക്കേണ്ട ഭരണഘടനാ മൂല്യമായിട്ടാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്. സുപ്രീം കോടതി കേസുകൾ സമാഹരിക്കപ്പെട്ടവയിൽ (2016) 7 SCC 221 ആയി റിപ്പോർട്ട് ചെയ്യപ്പെട്ട വിധിയിൽ നിന്നുള്ള ഭാഗങ്ങൾ അദ്ദേഹം പരാമർശിച്ചു. ഡോ. അംബേദ്കറുടെ പ്രസംഗം വിധിയിൽ ഉദ്ധരിച്ചിട്ടുണ്ട്. സാമൂഹിക അസമത്വത്തെ ഉന്മൂലനം ചെയ്യുക എന്ന പശ്ചാത്തലത്തിലാണ് ഫ്രറ്റേർണിറ്റിയെ ഇന്ദ്രാ സാഹ്നി കേസിൽ വിവരിച്ചിട്ടുള്ളത് എന്ന് ജസ്റ്റിസ് പി.ബി. സാവന്തിന്റെ പരാമർശങ്ങൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വിവരിച്ചു.

### ജി.ഒ ഫ്രറ്റേർണിറ്റിയെ ദുർവ്യാഖ്യാനിക്കുന്നു

വിവാദ സർക്കാർ ഉത്തരവ് ഫ്രറ്റേർണിറ്റി എന്ന ആശയത്തെ തെറ്റിദ്ധരിപ്പിക്കുകയും നാനാത്വം എന്ന ആശയത്തിനെതിരെയുള്ള ഉപന്യാസമാക്കി ആശയക്കുഴപ്പത്തിലാക്കുകയുമാണ് ചെയ്തത്. കർണാടക വിദ്യാഭ്യാസ നിയമത്തിൽ വിദ്യാർഥികൾ അവരുടെ ഗ്രൂപ്പ് ഐഡന്റിറ്റിക്ക് അതീതമായി സാഹോദര്യത്തോടെ പെരുമാറണമെന്നാണ് നിഷ്കർഷിക്കുന്നത്. ഫ്രറ്റേർണിറ്റിയുടെ പര്യായമായല്ല 'ഗ്രൂപ്പ് ഐഡന്റിറ്റിക്ക് അതീതമായി' എന്ന പ്രയോഗം എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ടെന്നും ഹുസഫേ അഹമ്മദി പറഞ്ഞു. മതപരമായ അനുഷ്ഠാനങ്ങൾ നിർവഹിക്കുന്ന വിദ്യാർഥികൾ ഐക്യത്തിന് തടസ്സമാണെന്ന് സർക്കാർ ഉത്തരവിൽ പ്രസ്താവിക്കുന്നതും അദ്ദേഹം ഉദ്ധരിച്ചു. വസ്ത്രധാരണത്തിന്റെ കാര്യത്തിലും ചിന്തകളുടെ കാര്യത്തിലുമുള്ള ഏകത നിയമാനുസൃതമാക്കാനുള്ള ശ്രമം ഒരു



സന്ദേശമാക്കി അവതരിപ്പിക്കാൻ ജി.ഒ. ശ്രമിക്കുന്നുണ്ട്. ആചാരങ്ങളെ ഏകരൂപത്തിലാക്കാനല്ല, വൈവിധ്യങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്.

**വസ്ത്രധാരണത്തിന്റെ കാര്യത്തിലും ചിന്തകളുടെ കാര്യത്തിലുമുള്ള ഏകത നിയമാനുസൃതമാക്കാനുള്ള ശ്രമം ഒരു സന്ദേശമാക്കി അവതരിപ്പിക്കാൻ ജി.ഒ. ശ്രമിക്കുന്നുണ്ട്. ആചാരങ്ങളെ ഏകരൂപത്തിലാക്കാനല്ല, വൈവിധ്യങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ശ്രമിക്കേണ്ടത്. ഒരാളുടെ മതപരമായ ആചരണങ്ങൾ മറ്റൊരാളുടെ ലൗകിക വിദ്യാഭ്യാസത്തിനോ ഐക്യത്തിനോ തടസ്സമാകുന്നു എന്ന് തോന്നേണ്ട ആവശ്യമെന്താണ്? ആരെങ്കിലും ശിരോവസ്ത്രം ധരിച്ച് വിദ്യാലയത്തിൽ പോയാൽ എന്തിന് പ്രകോപിതരാവണം? മറ്റൊരു വിദ്യാർഥിക്ക് അതെങ്ങനെയാണ് പ്രശ്നമാകുന്നത്? പ്രകോപനങ്ങൾക്കെതിരെ നടപടി ഉണ്ടാവുകയാണ് വേണ്ടത്. അല്ലാത്തപക്ഷം ഭീഷണികളിലൂടെ കാര്യം സാധിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയാകും ഫലം.**

ഒരാളുടെ മതപരമായ ആചരണങ്ങൾ മറ്റൊരാളുടെ ലൗകിക വിദ്യാഭ്യാസത്തിനോ ഐക്യത്തിനോ തടസ്സമാകുന്നു എന്ന് തോന്നേണ്ട ആവശ്യമെന്താണ്? ആരെങ്കിലും ശിരോവസ്ത്രം ധരിച്ച് വിദ്യാലയത്തിൽ പോയാൽ എന്തിന് പ്രകോപിതരാവണം? മറ്റൊരു വിദ്യാർഥിക്ക്

അതെങ്ങനെയാണ് പ്രശ്നമാകുന്നത്? പ്രകോപനങ്ങൾക്കെതിരെ നടപടി ഉണ്ടാവുകയാണ് വേണ്ടത്. അല്ലാത്തപക്ഷം ഭീഷണികളിലൂടെ കാര്യം സാധിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയാകും ഫലം.

### സാമൂഹിക സ്വത്വബോധത്തിനെതിരെ

ശിരോവസ്ത്രം ധരിക്കുന്ന ഒരാളെ അംഗീകരിക്കാൻ കഴിയില്ല എന്ന് പറയുന്നത് ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന ഫ്രറ്റേർണിറ്റി എന്ന ആശയത്തിന് എതിരാണ്. സ്വന്തം സാമൂഹിക സ്വത്വബോധത്തെ (Group Identity) ഒഴിവാക്കി യൂണിഫോമിറ്റിയുടെ പേരിൽ ഉണ്ടാക്കിയ സമ്പ്രദായങ്ങൾ പിന്തുടരണം എന്ന് നിർദേശിച്ചുകൊണ്ട് ആശയക്കുഴപ്പം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. ഏകശിലാത്മകതയെ നിർബന്ധമായി അടിച്ചേൽപിക്കുന്നതിനെ ഈ കോടതിതന്നെ നിരാകരിച്ചിട്ടുള്ളതാണ്. 2020 ലെ ദേശീയ വിദ്യാഭ്യാസനയം നല്ല വിദ്യാഭ്യാസത്തെ കുറിച്ചുള്ള വിശദീകരണത്തിൽ

യൂണിഫോം എന്ന വാക്ക് ഉപയോഗിച്ചിട്ടുപോലുമില്ല. വിദ്യാലയങ്ങൾ വൈവിധ്യങ്ങളുടെയും വിമർശനാത്മക ചിന്തയുടെയും ഇടങ്ങളാണെന്ന ചിന്തയാണ് ദേശീയ വിദ്യാഭ്യാസ നയം ഉൾക്കൊള്ളുന്നത്. എന്നാൽ സർക്കാർ ഉത്തരവ് ഫ്രറ്റേർണിറ്റിയെ കുറിച്ച് പറയുന്നുണ്ടെങ്കിലും അക്ഷരത്തിലും ആത്മാവിലും അതിനെ എതിർക്കുകയാണ് ചെയ്യുന്നത്.

### മതേതര വിദ്യാഭ്യാസം തകരും

മദ്റസകളിൽ മാത്രം ഒതുങ്ങിക്കൂടിയിരുന്ന ഒരുവിഭാഗം അവരുടെ സ്ഥിരസങ്കൽപങ്ങളെ ഒഴിവാക്കി മതേതര വിദ്യാഭ്യാസത്തിലേക്ക് കാലെടുത്ത് വെക്കുമ്പോൾ അവർ അത്യന്താപേക്ഷിത മതാചാരമായി കാണുന്ന ശിരോവസ്ത്രം ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിച്ചാൽ അവർ പഴയപോലെ മതേതര വിദ്യാഭ്യാസത്തെ കൈയൊഴിഞ്ഞ് മദ്റസകളിലേക്ക് തന്നെ തിരിച്ചുപോവുകയായിരിക്കും സംഭവിക്കുക. എന്നാൽ ഇത് റിട്ട് പെറ്റീഷനിൽ എന്തുകൊണ്ട് ഉന്നയിച്ചില്ല എന്ന് ബെഞ്ച് ചോദിച്ചു. വളരെയധികം പ്രാധാന്യമുള്ള, നിരവധി ആളുകളെ സ്വാധീനിക്കുന്ന ഒരു കാര്യം പരിഗണിക്കുമ്പോൾ ഇങ്ങനെയുള്ള കാര്യങ്ങൾ വിശദീകരിക്കുക സാമാന്യബുദ്ധിയുടെ ഭാഗമാണെന്ന് അഹ്മദി പറഞ്ഞു. എന്തുകൊണ്ടാണ് അവർ ശിരോവസ്ത്രം ധരിക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം, അവർ യാഥാസ്ഥിതിക പശ്ചാത്തലത്തിൽ നിന്നുമാണ് വരുന്നത്. അത് അനുവദിക്കാതിരുന്നാൽ സ്വാഭാവികമായും എന്താണ് സംഭവിക്കുക എന്നത് സാമാന്യബുദ്ധി നമ്മോട് പറയുന്നുണ്ട്.

### പ്രത്യാഘാതങ്ങൾ പി.യു.സി.എൽ റിപ്പോർട്ടിൽ

ശിരോവസ്ത്രം സ്വന്തം നിലയ്ക്ക് ധരിക്കാൻ പെൺകുട്ടികൾക്ക് ഇഷ്ടമില്ലെന്നും രക്ഷിതാക്കളുടെ നിർബന്ധത്തിന് വഴങ്ങിയാണ് അവർ ധരിക്കുന്നതെന്നുമുള്ള വാദത്തെ താങ്കൾ എങ്ങനെ കാണുന്നു എന്ന് ബെഞ്ച് ചോദിച്ചു. അങ്ങനെയല്ല, ശിരോവസ്ത്രം ധരിച്ചു വിദ്യാലയങ്ങളിൽ പോകാൻ സാധിക്കുന്നില്ലെങ്കിൽ മറ്റൊരുഹിതം അവരുടെ മുമ്പിൽ ഇല്ലാത്തതുകൊണ്ട് രക്ഷിതാക്കൾ മദ്റസകളിലേക്ക് അയക്കുകയാണ് ചെയ്യുന്നതെന്ന് അഹ്മദി പറഞ്ഞു. ഈ ഒരു പോയിന്റ് ആരും ഇതുവരെ ഉന്നയിച്ചിട്ടില്ലെന്ന് ജസ്റ്റിസ് ധൂലിയ പറഞ്ഞു. സർക്കാർ തീരുമാനത്തിന്റെ പ്രത്യാഘാതം എന്താണെന്ന് പി.യു.സി.എൽ റിപ്പോർട്ടിൽ ഉണ്ടെന്ന് അഹ്മദി പറഞ്ഞു. മുസ്‌ലിം പെൺകുട്ടികളുടെ ഭൗതിക വിദ്യാഭ്യാസത്തിന്റെ മരണമണിയായിരിക്കും ഈ തീരുമാനത്തിലൂടെ മുഴങ്ങുക എന്നാണ് റിപ്പോർട്ട് പറയുന്നത്. എന്നാൽ പി.യു.സി.എൽ റിപ്പോർട്ട് കർണാടക ഹൈക്കോടതി വിധിയോടുള്ള വിമർശനം' എന്ന തലക്കെട്ടോടെയാണ് ആരംഭിക്കുന്നത് എന്നും അതുകൊണ്ടുതന്നെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനം അംഗീകരിക്കാൻ സാധിക്കില്ല എന്നും ജസ്റ്റിസ് ധൂലിയ പറഞ്ഞു. വിമർശനത്തെ നമുക്ക് അവഗണിക്കാം, ഞാൻ ഉന്നയിക്കുന്നത് ഈ പെൺകുട്ടികളുടെ പ്രശ്നങ്ങളാണ്. ഒരു മുസ്‌ലിം പെൺകുട്ടിയുടെ അന്തസ്സിനേയും അവളുടെ വിദ്യാഭ്യാസ അവകാശത്തെയും ബാധിക്കുന്ന വിഷയമാണിത്. ശിരോവസ്ത്രം ഊരിവെക്കാൻ നിർബന്ധിതരായ അനുഭവം അപമാനകരമായിരുന്നു എന്നാണ് പെൺകുട്ടികളുടെ പരാതി. ഹിജാബ് ധരിച്ച പെൺകുട്ടികളെ അധ്യാപകർ ബുദ്ധിമുട്ടിക്കുകയും ആൺകുട്ടികൾ കളിയാക്കുകയും അസഭ്യ സന്ദേശങ്ങൾ അയക്കുകയും ചെയ്ത സംഭവങ്ങൾ ഉണ്ടായി. വളരെക്കാലമായി ശിരോവസ്ത്രം ധരിച്ചുവന്നിരുന്ന അവരെ പെട്ടെന്നുള്ള സർക്കാർ തീരുമാനം ഞെട്ടിക്കുകയും ക്രമരഹിതമാക്കുകയും ചെയ്തിരിക്കുകയാണ്.

> **ശിരോവസ്ത്രം അത്യന്താപേക്ഷിത മതാചാരമല്ലെന്ന് വാദത്തിന് വേണ്ടി സമ്മതിച്ചാലും അത് അനുച്ഛേദം 29 പ്രകാരം സംരക്ഷിക്കപ്പെടേണ്ട ഒരു സാംസ്കാരിക ആചാരമാണ് എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ആർട്ടിക്കിൾ 29 പ്രകാരം സാംസ്കാരിക അവകാശം ഓരോരുത്തരുടെയും അവകാശമാണ്. സർ സയ്യിദ് അഹ്മദ് ഖാൻ, ചിമൻലാൽ സെദൽവാദ് തുടങ്ങിയവർ കോടതികളിൽ ഫീറ്റ എന്ന തലപ്പാവ് ധരിച്ചുവന്നത് അറിയപ്പെട്ട കാര്യമാണല്ലോ. സാംസ്കാരികമായ അടയാളങ്ങളും വസ്ത്രങ്ങളും ഇന്ത്യയുടെ വൈവിധ്യത്തിന്റെ ഭാഗമാണ്. ഒരു സമുദായത്തിന്റെ സംസ്കാരത്തിൽ അന്തർലീനമായിട്ടുള്ള വസ്ത്രം അനുച്ഛേദം 29 നൽകുന്ന സാംസ്കാരിക അവകാശത്തിന്റെ ഭാഗമായി ധരിച്ചതിന്റെ പേരിൽ ഒരാൾക്ക് വിദ്യാഭ്യാസം നിഷേധിക്കും എന്ന് ഒരു സർക്കുലർ വഴി പറയാൻ സാധിക്കുമോ? ശിരോവസ്ത്രം കാണുമ്പോൾ പ്രകോപിതനാകുകയല്ല വേണ്ടത്, മറിച്ച് സാഹോദര്യവും ഭ്രാതൃഭാവവും പ്രകടമാക്കുകയാണ് വേണ്ടത്.**


### ശിരോവസ്ത്രം ഒരു സാംസ്കാരിക ആചാരം

ശിരോവസ്ത്രം അത്യന്താപേക്ഷിത മതാചാരമല്ലെന്ന് വാദത്തിന് വേണ്ടി സമ്മതിച്ചാലും അത് അനുച്ഛേദം 29 പ്രകാരം സംരക്ഷിക്കപ്പെടേണ്ട ഒരു സാംസ്കാരിക ആചാരമാണ് എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ആർട്ടിക്കിൾ 29 പ്രകാരം സാംസ്കാരിക അവകാശം ഓരോരുത്തരുടെയും അവകാശമാണ്. സർ സയ്യിദ് അഹ്മദ് ഖാൻ, ചിമൻലാൽ സെദൽവാദ് തുടങ്ങിയവർ കോടതികളിൽ ഫീറ്റ എന്ന തലപ്പാവ് ധരിച്ചുവന്നത് അറിയപ്പെട്ട കാര്യമാണല്ലോ. സാംസ്കാരിക

മായ അടയാളങ്ങളും വസ്ത്രങ്ങളും ഇന്ത്യയുടെ വൈവിധ്യത്തിന്റെ ഭാഗമാണ്. ഒരു സമുദായത്തിന്റെ സംസ്കാരത്തിൽ അന്തർലീനമായിട്ടുള്ള വസ്ത്രം അനുച്ഛേദം 29 നൽകുന്ന സാംസ്കാരിക അവകാശത്തിന്റെ ഭാഗമായി ധരിച്ചതിന്റെ പേരിൽ ഒരാൾക്ക് വിദ്യാഭ്യാസം നിഷേധിക്കും എന്ന് ഒരു സർക്കുലർ വഴി പറയാൻ സാധിക്കുമോ? ശിരോവസ്ത്രം കാണുമ്പോൾ പ്രകോപിതനാകുകയല്ല വേണ്ടത്, മറിച്ച് സാഹോദര്യവും ഭ്രാതൃഭാവവും പ്രകടമാക്കുകയാണ് വേണ്ടത്. നാം കൂടുതൽ മുൻഗണന നൽകേണ്ടത് വിദ്യാഭ്യാസത്തിനാണോ അതല്ല, ഇത്തരം കാര്യങ്ങൾക്ക് വേണ്ടിയാണോ എന്നുകൂടി ചിന്തിക്കേണ്ടതുണ്ട്.

### ജി.ഒ വിദ്യാഭ്യാസ ആക്ടിന് എതിര്

കർണാടക സർക്കാരിന്റെ പുതിയ ജി.ഒ സർക്കാരിന്റെ തന്നെ കർണാടക വിദ്യാഭ്യാസ ആക്റ്റിന് എതിരാണ്. ആക്റ്റിലെ 15 (b), 39(1)(b), 39(1)(c) എന്നീ വകുപ്പുകൾ മതപരമായ അവകാശങ്ങൾ സ്ഥാപിക്കുന്നവയാണ്. മതവികാരത്തെ വ്രണപ്പെടുത്തുന്ന യാതൊന്നും വിദ്യാലയങ്ങളിൽ പാടില്ലെന്ന് ആക്റ്റ് നിഷ്കർഷിക്കുന്നുണ്ട്. മതപരമായ വൈവിധ്യങ്ങളെ അംഗീകരിക്കണമെന്ന് ആക്റ്റ് പറയുമ്പോൾ സർക്കാരിന്റെ സർക്കുലർ വൈവിധ്യങ്ങൾക്ക് വിരുദ്ധമായി യൂണിഫോമിനെയാണ് ഉയർത്തിക്കാട്ടുന്നത്. ആക്റ്റ് ശിരോവസ്ത്രത്തെ നിരസിക്കുന്നില്ല എന്നതോടൊപ്പം തന്നെ അത് ശിരോവസ്ത്രത്തോട് പൊരുത്തപ്പെടുകയാണ് ചെയ്യുന്നത്. ജി.ഒ യുടെ വിചിത്രസ്വഭാവവും അത് പുറപ്പെടുവിച്ച സമയവും സംശയാസ്പദമാണ്. അക്കാദമിക വർഷത്തിന്റെ മധ്യത്തിൽ പരീക്ഷയുടെ ഒരു മാസം മുമ്പാണ് ശിരോവസ്ത്രം നിരോധിക്കപ്പെടുന്നത്. 2022 ഫെബ്രുവരിയിൽ പുറപ്പെടുവിച്ച ജി.ഒ 2021 ഡിസംബറിൽ തന്നെ നടപ്പാക്കിയതായാണ് കാണുന്നത്.



### കുട്ടികളുടെ കൊഴിഞ്ഞുപോക്കും കോടതിയുടെ ആശങ്കയും

അച്ചടക്കം നടപ്പാക്കുന്നതിലായാലും വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിലായാലും പൊതുതാൽപര്യം എന്താണെന്ന് മനസ്സിലാക്കണം. പ്രത്യക്ഷത്തിൽ നിഷ്പക്ഷമെന്നു തോന്നിപ്പിക്കുന്ന വിധത്തിൽ ഒരു സമുദായത്തെ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ സർക്കുലർ വന്നിട്ടുള്ളത്. എങ്കിൽ അത് ആർട്ടിക്കിൾ 14-ന്റെ ലംഘനമാണ്. ശിരോവസ്ത്രം അനുവദിച്ചതുകൊണ്ട് യാതൊരുവിധത്തിലുമുള്ള അച്ചടക്കരാഹിത്യവും ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് സാമാന്യം വലുതാണ്. എന്നാൽ എന്തുകൊണ്ട് അത് ഹൈക്കോടതിയുടെ മുമ്പിൽ വന്നില്ല എന്ന് ജസ്റ്റിസ് ധൂലിയ ചോദിച്ചു. കോടതിവിധിക്ക് ശേഷമാണ് കൊഴിഞ്ഞുപോക്ക് ഉണ്ടായതെന്നും പി.യു.സി.എൽ റിപ്പോർട്ട് അതാണ് വ്യക്തമാക്കുന്നതെന്നും അഹ്മദി വിശദീകരിച്ചു. എന്നാൽ പി.യു.സി.എൽ റിപ്പോർട്ട് എത്ര മാത്രം ആധികാരികമാണെന്ന് അറിയില്ലെന്നായിരുന്നു ജസ്റ്റിസ് ധൂലിയയുടെ പ്രതികരണം. യാഥാസ്ഥിതിക കുടുംബംങ്ങളിൽ നിന്നും വരുന്ന വിദ്യാർഥിനികളാണ് എന്ന സാമാന്യജ്ഞാനത്തിലൂടെ അത് മനസ്സിലാക്കാവുന്നതേയുള്ളൂ എന്ന് അഹ്മദി പ്രതികരിച്ചു. എന്നാൽ ഇവർ പിന്നാക്ക വിഭാഗങ്ങളിൽ നിന്നാണെന്ന യാതൊരു അപേക്ഷയും ഇവിടെ വന്നിട്ടില്ലെന്നായിരുന്നു ജസ്റ്റിസ് ഗുപ്തയുടെ മറുപടി. എത്ര കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടെന്ന് പറയാമോ എന്ന ധൂലിയയുടെ ചോദ്യത്തിന് 17000 കുട്ടികൾ പരീക്ഷ എഴുതിയിട്ടില്ലെന്നാണ് ലഭിച്ച വിവരമെന്ന് അഹ്മദി പറഞ്ഞു.

### ഭയപ്പെടുത്തുന്ന ഒറ്റപ്പെടുത്തലുകൾ

ശിരോവസ്ത്രം ധരിച്ചിരുന്ന നിയമ വിദ്യാർഥിനികൾക്ക് കോടതികളിൽപോലും പ്രവേശനം ലഭിച്ചിട്ടില്ലെന്ന് അഹ്മദി പറഞ്ഞു. ഹൈക്കോടതിയുടെ വിധിന്യായത്തിന് ശേഷം ശിരോവസ്ത്രം ധരിക്കുന്നവരോട് ശത്രുതാമനോഭാവത്തോടെയാണ് പലരും പെരുമാറുന്നത്. അവർക്ക് ഉപദ്രവങ്ങൾ നേരിടേണ്ടി വരുന്നു. മുസ്‌ലിം ഡ്രൈവർമാർ ഓടിക്കുന്ന വാഹനങ്ങളിൽ മാത്രം യാത്ര ചെയ്യേണ്ട സ്ഥിതിവിശേഷം ഉണ്ടാവുന്നു. നേരത്തെ സൗഹൃദത്തിലായിരുന്ന അയൽക്കാരിൽനിന്നും

പോലും വ്യത്യസ്തമായ പെരുമാറ്റങ്ങൾ ഉണ്ടാകുന്നു. ഇതെല്ലാം ഒരു സർക്കാർ ഉത്തരവിലൂടെ സംഭവിച്ചതാണ്.

ഹുസേഫാ അഹ്മദിക്ക് ശേഷം സുപ്രീംകോടതിയിലെ പ്രമുഖ വനിതാ അഭിഭാഷക ജെയ്ന കൊത്താരിയാണ് വാദങ്ങൾ അവതരിപ്പിച്ചത്. മുസ്‌ലിം പെൺകുട്ടികളെയാണ് കർണാടകയുടെ തീരുമാനം ബാധിച്ചിട്ടുള്ളത് എന്നത് കൊണ്ടുതന്നെ അത് ലിംഗ വിവേചനമായും പെൺകുട്ടികളുടെ അവകാശ ധ്വംസനമായുമാണ് നിരീക്ഷിക്കേണ്ടത് എന്നായിരുന്നു അവരുടെ പ്രധാന വാദം.

**ജെയ്ന കോത്താരി**

മതത്തിന്റെയും ലിംഗത്തിന്റെയും അടിസ്ഥാനത്തിലുള്ള വിവേചനത്തെ കുറിച്ച് പ്രതിപാദിക്കുന്ന അനുച്ഛേദം 15(1)നെ കുറിച്ച് പ്രത്യേകിച്ച് അല്പം വിശദമായി ഊന്നിപ്പറയാനാണ് ഉദ്ദേശിക്കുന്നത്. മതം, വർഗം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിൽ രാഷ്ട്രം ഒരു പൗരനോടും വിവേചനം കാണിക്കാൻ പാടില്ല എന്നാണ് 15(1) അനുശാസിക്കുന്നത്. ഒരു കാര്യം മതത്തിലെ അത്യന്താപേക്ഷിത മതാചാരം അല്ലെങ്കിൽ പോലും ഒരാൾ ഒരു മതാചാരം അനുഷ്ഠിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനുള്ള അവകാശം അനുച്ഛേദം 15(1) നൽകുന്നുണ്ട്. അതുകൊണ്ട് ശിരോവസ്ത്രം മതത്തിലെ അത്യന്താപേക്ഷിത ആചാരമാണോ അല്ലയോ എന്നത് പ്രസക്തമായി കാണുന്നില്ല. അതുകൊണ്ടുതന്നെ ശിരോവസ്ത്രം മതത്തിലെ നിർബന്ധമായ അനുഷ്ഠാനമാണോ എന്ന് പരിശോധിക്കേണ്ട ആവശ്യമില്ല. ഇത് എല്ലാ പെൺകുട്ടികളെയും ബാധിക്കുന്നുണ്ടോ, എല്ലാ മുസ്‌ലിംകളെയും ബാധിക്കുന്നുണ്ടോ എന്നല്ല, മറിച്ച് മുസ്‌ലിം പെൺകുട്ടികളെ പൊതുവിൽ ഈ വിധി പ്രതികൂലമായി ബാധിച്ചിട്ടുണ്ട് എന്നതാണ് വിഷയം.

> **ഇവിടെ വിദ്യാലയങ്ങൾ എന്ന കവലയിൽ നിലനിൽക്കുന്ന ഒട്ടനവധി വ്യതിരിക്ത സമൂഹങ്ങളിലെ ഒരു ഉപവിഭാഗമാണ് മുസ്‌ലിം പെൺകുട്ടികൾ. അവരുടെ വേഷം പരിഗണിക്കുവാൻ നിയമത്തിന് ബാധ്യതയുണ്ട്. ഉപവിഭാഗീയ വിവേചനങ്ങൾ ഉണ്ടായിത്തീരുന്നതോടെ അത്തരം വിഭാഗങ്ങൾ പാർശ്വവൽക്കരിക്കപ്പെടുകയോ അക്രമങ്ങൾക്ക് വിധേയരായിത്തീരുകയോ ചെയ്യും. ദളിത് അതിക്രമങ്ങൾക്ക് പിന്നിൽ പ്രധാനമായും ഈ ഉപവിഭാഗീയ വിവേചനങ്ങളാണ്.**

**പഠാൻ ജമാൽ വാലി കേസും ഉപവിഭാഗീയ വിവേചനവും**

2021 ലെ പഠാൻ ജമാൽ വാലി കേസിലെ (ദളിത് പെൺകുട്ടി ബലാൽസംഗം ചെയ്യപ്പെട്ട കേസ്) ജസ്റ്റിസ് ചന്ദ്രചൂഡിന്റെ വിധിയിൽ പരാമർശിക്കപ്പെട്ട ഉപവിഭാഗീയ വിവേചനം (Intersectional discrimination) ഈ കേസിലും പ്രസക്തമാണ്. ഒരു സ്ത്രീയുടെ സ്വത്വം, ജാതി, വർഗം, മതം തുടങ്ങിയ കാരണങ്ങളാൽ അവൾക്ക് അക്രമവും വിവേചനവും നേരിടേണ്ടി വരാൻ പാടില്ല എന്നാണ് വിധിയുടെ കാതൽ. വിവിധ സാമൂഹിക വ്യതിരിക്തതകളുള്ള ഒരു കവലയിൽ നിലനിൽക്കുന്ന ഒരു ഉപവിഭാഗം സ്ത്രീകളുടെ വ്യതിരിക്തതയെ പരിഗണിക്കണമെന്ന് വിധിയിൽ പ്രത്യേകം എടുത്തുപറയുന്നുണ്ട്. ഇവിടെ വിദ്യാലയങ്ങൾ എന്ന കവലയിൽ നിലനിൽക്കുന്ന ഒട്ടനവധി വ്യതിരിക്ത സമൂഹങ്ങളിലെ ഒരു ഉപവിഭാഗമാണ് മുസ്‌ലിം പെൺകുട്ടികൾ. അവരുടെ വേഷം പരിഗണിക്കുവാൻ നിയമത്തിന് ബാധ്യതയുണ്ട്. ഉപവിഭാഗീയ വിവേചനങ്ങൾ ഉണ്ടായിത്തീരുന്നതോടെ അത്തരം വിഭാഗങ്ങൾ പാർശ്വവൽക്കരിക്കപ്പെടുകയോ അക്രമങ്ങൾക്ക് വിധേയരായിത്തീരുകയോ ചെയ്യും. ദളിത് അതിക്രമങ്ങൾക്ക് പിന്നിൽ പ്രധാനമായും ഈ ഉപവിഭാഗീയ വിവേചനങ്ങളാണ്. ഇതുതന്നെയാണ് മുസ്‌ലിം പെൺകുട്ടികളും ശിരോവസ്ത്ര നിരോധനത്തിലൂടെ അനുഭവിക്കാൻ പോകുന്നത്.

ഐക്യരാഷ്ട്ര സഭക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കെതിരായ എല്ലാത്തരം വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള കൺവെൻഷനിലെ (CEDAW) ആർട്ടിക്കിൾ 2(c), 2(d) എന്നിവ ഈ വിഷയത്തിൽ പ്രസക്തമാണെന്നും ഇന്ത്യ CEDAW അംഗീകരിച്ചിട്ടുള്ള രാഷ്ട്രമാണെന്നും കോത്താരി ഓർമിപ്പിച്ചു.

**ഭരണഘടന ബെഞ്ചിന് വിടണം**

അതിനിടയിൽ സീനിയർ അഭിഭാഷകൻ ദുഷ്യന്ത് ദവെ ഇടപെടുകയും വിഷയം ഭരണഘടന ബെഞ്ചിന് വിടുകയാണ് വേണ്ടതെന്നും നിർദേശിച്ചു. അദ്ദേഹത്തിന്റെ വാദങ്ങൾ കൂടുതൽ സമയം ലഭ്യമാവുമ്പോൾ അവതരിപ്പിക്കാമെന്നും കോടതിയെ ധരിപ്പിച്ചു. ദശലക്ഷക്കണക്കിന് ആളുകളെ ബാധിക്കുന്ന വിഷയമായത് കൊണ്ടുതന്നെ വളരെ പെട്ടെന്ന് ചർച്ച ചെയ്ത് അവസാനിപ്പിക്കാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ഭരണഘടന നിർമാണ സഭയിൽ ഇതുസംബന്ധമായി നടന്ന ചർച്ചകളിൽ സർദാർ പട്ടേൽ നടത്തിയ ശക്തമായ താക്കീതുകളും അംബേദ്കർ നടത്തിയ പ്രസ്താവനകളും വേണമെങ്കിൽ കാണിച്ചുതരാമെന്നും ദവെ പറഞ്ഞു.

ഭരണഘടനയെ സംരക്ഷിക്കാൻ ബാധ്യതയുള്ള ഭരണകൂടം ഈ വിഷയത്തിൽ ഒരു എതിർ സത്യവാങ്മൂലം പോലും സമർപ്പിച്ചിട്ടില്ല. വളരെ നിസ്സാരമായിട്ടാണ് ഈ വിഷയത്തെ അവർ കാണുന്നത്. അവർക്ക് അനുകൂലമെന്ന് തോന്നുന്ന കാര്യങ്ങളിൽ കൗണ്ടർ ഫയൽ ചെയ്യാതിരിക്കുന്ന പ്രവണതകളാണ് കണ്ടുവരുന്നത്.

**(അടുത്ത ലക്കത്തിൽ: നിരോധനം കുട്ടികളുടെ അവകാശ നിഷേധം)**




# നമ്മുടെ രാജ്യത്തെ കോടതികൾ

## അബൂആദം അയ്മൻ

### വാദതടസ്സം

നിയമതടസ്സംമൂലം കേസു തന്നെ വിലക്കപ്പെടുമ്പോൾ കേസിലെ കക്ഷിക്ക് വാദങ്ങൾ ഉന്നയിക്കുന്ന കാര്യത്തിലും ചിലപ്പോൾ നിയമപ്രകാരമുള്ള വിലക്ക് അഥവാ വാദതടസ്സം (Estoppel) നേരിടാറുണ്ട്. നേരത്തെ പറഞ്ഞിട്ടുള്ള ഒരു കാര്യം പിന്നീട് നിഷേധിക്കാനോ ആ കാര്യ എതിർക്കാനോ ഓരാൾക്കുള്ള വിലക്കാണിത്. ഒരാൾ തന്റെ പ്രസ്താവനയിലൂടെയോ പ്രവൃത്തിയിലൂടെയോ ഉദാസീനതയിലൂടെയോ ഒരു കാര്യം സത്യമെന്ന് വിശ്വസിക്കുന്നതിനും, ആ വിശ്വാസത്തിന്മേൽ പ്രവർത്തിക്കുന്നതിനും മറ്റൊരാളെ മനപ്പൂർവം ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്യുന്നതായാൽ, അയാളെയോ അയാളുടെ പ്രതിനിധിയെയോ, മറ്റെയാളുമായോ മറ്റെയാളുടെ പ്രതിനിധിയുമായോ പിന്നീടുണ്ടാകുന്ന ഒരു വ്യവഹാരത്തിലോ നിയമനടപടിയിലോ, ആ കാര്യം സത്യമല്ലെന്നു പറയാൻ അനുവദിക്കുന്നതല്ലെന്ന് ഇന്ത്യൻ തെളിവുനിയമം 115-ാം വകുപ്പ് അനുശാസിക്കുന്നുണ്ട്. പ്രമാണം ഹേതുവായുള്ള വാദതടസ്സം (Estoppel by Deed) ഒരാൾക്ക്, തനിക്കും ബാധകമായ ഒരു ആധാരത്തിൽ താൻ ചെയ്തതായി പറഞ്ഞിട്ടുള്ള കാര്യം പിന്നീട് നിഷേധിക്കാനാവുന്നതല്ല.

### തടസ്സഹർജി

ഒരു കോടതിയിൽ ആരംഭിക്കാൻ പോകുന്നതോ, ആരംഭിച്ചുകഴിഞ്ഞതോ ആയ ഒരു കേസിൽ തനിക്കും താൽപര്യമുണ്ടെന്ന മുന്നറിയിപ്പു നൽകിയും ഈ കേസിൽ തന്നെക്കൂടി അറിയിക്കാതെ നടപടികൾ സ്വീകരിക്കരുതെന്ന് അപേക്ഷിച്ചുകൊണ്ടുള്ളതായ ഒരു തടസ്സഹർജി, ഒരാൾക്ക് പ്രസ്തുത കോടതിയിൽ സമർപ്പിക്കാവുന്നതാണ്. സിവിൽനടപടി നിയമം 118എ വകുപ്പുപ്രകാരമുള്ളതായ ഈ ഹർജി സമർപ്പിച്ചാൽ, പിന്നീട് ഹർജിക്കാരനെതിരെ ഉണ്ടാകാവുന്ന കേസുകളിൽ ഹർജിക്കാരനെ അറിയിക്കാതെ യാതൊരു ഉത്തരവും കോടതി പാസ്സാക്കുന്നതല്ല. ഹർജി സമർപ്പിച്ചുകഴിഞ്ഞാൽ അതിന് 90 ദിവസത്തേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

കോടതികൾക്ക് കേസുകളിൽ ചില ഇടക്കാല ഉത്തരവുകളും പുറപ്പെടുവിക്കേണ്ടിവരുന്നുണ്ട്. ഇവയിലൊന്നാണ് കേസിലെ എതിർകക്ഷി എന്തെങ്കിലും ചെയ്യുന്നത് നിർത്തിവയ്ക്കണമെന്ന് ആജ്ഞാപിച്ചുകൊണ്ടുള്ള കോടതി ഉത്തരവായ ഇൻജങ്ഷൻ (injunction). ഇത് ഒരു നിരോധനം തന്നെയാണ്. അനന്തര ഉത്തരവുകൾക്കു വിധേയമായി കേസ് വാദം കേൾക്കുന്നതുവരേക്ക് കോടതി അനുവദിക്കുന്ന നിരോധനമാണ് ഇടക്കാല നിരോധനം അഥവാ താൽക്കാലിക നിരോധനം (interim injunction or temporary injunction). ഒരു കേസ് തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവിനോടൊപ്പം കോടതി അനുവദിക്കുന്ന നിരോധനമാണ് ശാശ്വതനിരോധനം (permanent injunction). നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നതിൽനിന്ന് ആരെയെങ്കിലും നിരോധിച്ചുകൊണ്ടുള്ള ഉത്തരവും (prohibitory injunction) ഉണ്ട്. മറ്റൊരുതരം ഇൻജങ്ഷനാണ് നിയമപരമായ ബാധ്യതകൾ നിറവേറ്റാൻ ആവശ്യമായതെന്തെങ്കിലും നിർബന്ധമായി ചെയ്യാൻ എതിർകക്ഷിക്ക് കോടതി നൽകുന്ന ആജ്ഞ (mandatory injunction). ഇൻജങ്ഷന് സമാനമായ ഒന്നാണ് സ്റ്റേ (stay). ഒരു ഉത്തരവ് നടപ്പാക്കുന്നതോ, ഒരു നടപടിയെടുക്കുന്നതോ, ഒരു നടപടി തുടരുന്നതോ നിർത്തിവയ്ക്കുന്നതിനുള്ള കോടതിയുടെ ഉത്തരവാണ് സ്റ്റേ ഉത്തരവ് (stay order). ഇടക്കാലത്തേക്കുള്ള നിർത്തിവയ്ക്കലും (interim stay), താൽക്കാലിക നിർത്തിവയ്ക്കലും (temporary stay), ശാശ്വതമായുള്ള നിർത്തിവയ്ക്കലും (permanent stay) ഉണ്ട്.

### കമ്മീഷൻ

വ്യവഹാരവുമായി ബന്ധപ്പെട്ട ചില ആവശ്യങ്ങൾ നിർവഹിക്കുന്നതിന്, കോടതിക്ക് അതിലേക്ക് അനുയോജ്യരായ ആരെയെങ്കിലും കമ്മീഷൻ (commision) ആയി നിയോഗിക്കാവുന്നതാണ്. രോഗമോ അവശതയോമൂലം ഹാജരാക്കാനാവാതെവരുന്ന സാക്ഷിയെ വാസസ്ഥലത്തെത്തി വിസ്തരിക്കുന്നതിനോ, സ്ഥലം സന്ദർശിച്ചുള്ള പരിശോധനയ്ക്കോ, സ്വത്തുക്കളുടെ ഭാഗംചെയ്യലിനോ, കേടുവരാതെ സൂക്ഷിക്കാനാവാത്ത വസ്തുക്കളുടെ വിൽപനക്കോ, ശാസ്ത്രീയമായ അന്വേഷണത്തിനോ വേണ്ടി കോടതിക്ക് ഇപ്രകാരം അതത് കമ്മീഷനെ നിയോഗിക്കാവുന്നതാണ്.

### റിസീവർ

കേസിൽപെട്ട തർക്കവസ്തുവിന്റെ കൈവശത്തിൽനിന്നോ സൂക്ഷിപ്പിൽനിന്നോ ആരെയെങ്കിലും നീക്കംചെയ്ത്, ആ വസ്തുവിന്റെ കൈവശത്തിന്റെയും സൂക്ഷിപ്പിന്റെയും സംരക്ഷണത്തിന്റെയും ഭരണത്തിന്റെയും ചുമതല വഹിക്കുന്നതിനുള്ള അധികാരം നൽകിക്കൊണ്ട് കോടതിക്ക് ആരെയെങ്കിലും ആ വസ്തുവിന്റെ റിസീവർ (receiver) ആയി നിയമിക്കാവുന്നതാണ്.

നീതിന്യായക്കോടതികളാണല്ലോ ജനങ്ങൾക്ക് നീതിനടത്തിക്കൊടുക്കുന്നത്. അവകാശങ്ങൾ

നേടിയെടുക്കുന്നതിനോ, സംര ക്ഷിക്കപ്പെട്ടുകിട്ടുന്നതിനോ വേണ്ടിയുള്ള സിവിൽ കേസുകളിൽ സിവിൽ കോടതികൾ നടപ്പാക്കുന്ന നീതി (civil justice), ക്രിമിനൽ കുറ്റം ചെയ്തവർക്കെതിരായ കേസുകളിൽ ക്രിമിനൽകോടതികൾ നടപ്പാക്കുന്ന നീതി (criminal justice), അനാഥക്കുട്ടികൾക്കും കുട്ടിക്കുറ്റവാളികൾക്കും വേണ്ട പരിചരണവും സംരക്ഷണവും പുനരധിവാസവും വ്യവസ്ഥചെയ്യുന്ന 2000ലെ ബാലനീതിനിയമപ്രകാരം ബാലലോകത്തിന് ജുവനൈൽ കോടതികൾ നടപ്പാക്കിക്കൊടുക്കുന്ന ബാലനീതി (juvenile justice), നിയമാനുസൃതമായുള്ള നീതി (legal justice), പൂർണനീതി (full justice), സ്വാഭാവിക നീതി (natural justice), സാമ്പത്തികനീതി (economic justice), സമാധാനലംഘനം, പൊതുജനങ്ങൾക്ക് വിനാശകരമായ പ്രവർത്തനങ്ങൾ തുടങ്ങിയവ തടയുന്നതിനും ഇവയ്ക്കെതിരെ പൊതുജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും വേണ്ട അടിയന്തിരനടപടികൾ സ്വീകരിച്ചുകൊണ്ട് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് നടപ്പിലാക്കുന്ന നീതി (preventive justice), പൊതുനീതി (public justice), സാമൂഹ്യനീതി (social justice), സാരവത്തായ നീതി (substantive justice) എന്നിങ്ങനെ വിവിധ രീതികളിൽ പെടുന്ന നീതികളുണ്ട്.

രാഷ്ട്രപതി, ഉപരാഷ്ട്രപതി, ലോക്സഭാസ്പീക്കർ, കേന്ദ്രമന്ത്രിമാർ, സുപ്രീംകോടതി ജഡ്ജിമാർ, സംസ്ഥാന ഗവർണർമാർ, നിയമസഭാസ്പീക്കർമാർ, സംസ്ഥാന നിയമനിർമാണ കൗൺസിൽ ചെയർമാന്മാർ, സംസ്ഥാന മന്ത്രിമാർ. ഹൈക്കോടതി ജഡ്ജിമാർ എന്നിവർ സിവിൽ കോടതിയിൽ ഹാജരാകേണ്ടതില്ല.

സിവിൽ കേസുകളിൽ ഗവണ്മെന്റും കക്ഷിയായി (വാദിയായോയോ പ്രതിയായോ) വരാവുന്നതാണ്. ഗവണ്മെന്റ് കക്ഷിയല്ലാത്ത കേസുകളിൽ ഇരുപക്ഷത്തേക്കും വേണ്ടി അഭിഭാഷകരായിരിക്കും കോടതികളിൽ ഹാജരാകുന്നത്.

### അറ്റോർണി ജനറൽ

സുപ്രീം കോടതിയിൽ കേന്ദ്രഗവണ്മെന്റ് കക്ഷിയായി (വാദിയായോ പ്രതിയായോ) വരുന്ന കേസുകളിൽ കേന്ദ്രഗവണ്മെന്റിനു വേണ്ടി ഹാജരാകുന്നത് അറ്റോർണി ജനറൽ (Attorney General) ആണ്. രാഷ്ട്രപതി അതതുകാലങ്ങളിൽ അഭിപ്രായത്തിനയയ്ക്കുന്ന നിയമപരമായ കാര്യങ്ങളിൽ കേന്ദ്രഗവൺമെന്റിന് ഉപദേശം നൽകുന്നതിനും, ചുമതലപ്പെടുത്തുന്ന നിയമസ്വഭാവമുള്ള മറ്റു കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനും, ഭരണഘടന പ്രകാരമോ തൽക്കാലത്തേക്ക് പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമപ്രകാരമോ അർപ്പിതമാകുന്ന ചുമതലകൾ നിറവേറ്റുന്നതിനും വേണ്ടി ഇന്ത്യൻ ഭരണഘടന 76-ാം വകുപ്പുപ്രകാരം രാഷ്ട്രപതി നിയമിക്കുന്ന നിയമോദ്യോഗസ്ഥനാണ് അറ്റോർണി ജനറൽ, തന്റെ കർത്തവ്യനിർവഹണത്തിന് രാജ്യത്തെ ഏതു കോടതികളിലും കേന്ദ്രഗവൺമെന്റിനു വേണ്ടി ഹാജരാകാൻ അറ്റോർണി ജനറലിന് അവകാശമുണ്ട്. സുപ്രീം കോടതി ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ളയാളെയാണ് ഈ സ്ഥാനത്ത് നിയമിക്കുക. രാഷ്ട്രപതിക്ക് തൃപ്തിയുള്ളിടത്തോളംകാലം സ്ഥാനത്ത് തുടരാം. എന്നാൽ രാഷ്ട്രപതിയുടെ തൃപ്തി ഭരണഘടനാപരമായി കേന്ദ്രമന്ത്രിസഭയുടെ ഉപദേശത്തെ ആശ്രയിച്ചിരിക്കുമെന്നതിനാൽ അറ്റോർണി ജനറലിന്റെത് പ്രായോഗികമായി ഒരു രാഷ്ട്രീയനിയമനമായിരിക്കുന്നതാണ്.

### സോളിസിറ്റർ ജനറൽ

സോളിസിറ്റർ ജനറൽ (Solicitor General) കേന്ദ്ര ഗവണ്മെന്റിന്റെ മുഖ്യ സോളിസിറ്ററാണ്. രാജ്യത്തെ പ്രഗത്ഭനായ ഒരു അഭിഭാഷകനെയായിരിക്കും ഈ സ്ഥാനത്ത് നിയമിക്കുക. ഇന്ത്യാഗവണ്മെന്റിന്റെ മുഖ്യ നിയമോപദേഷ്ടാവും കേസുകളിൽ കേന്ദ്രഗവണ്മെന്റിനുവേണ്ടി സുപ്രീം കോടതിയിൽ ഹാജരാകുന്ന പ്രഥമസ്ഥാനീയ അഭിഭാഷകനുമായ അറ്റോർണി ജനറലിനെ ചുമതലാനിർവഹണത്തിൽ സഹായിക്കുകയെന്നതാണ് സോളിസിറ്റർ ജനറലിന്റെ കർത്തവ്യം. കേന്ദ്രഗവണ്മെന്റിന്റെ രണ്ടാംസ്ഥാനീയ അഭിഭാഷകനായ സോളിസിറ്റർ ജനറലും കേന്ദ്രഗവൺമെന്റിന് നിയമോപദേശം നൽകുകയും കേസുകളിൽ കേന്ദ്രഗവണ്മെന്റിനുവേണ്ടി സുപ്രീംകോടതിയിൽ ഹാജരാകുകയും ചെയ്യുന്നു. സോളിസിറ്റർ ജനറലിനെ ചുമതലാനിർവഹണത്തിൽ സഹായിക്കുന്നതിന് അഡീഷണൽ സോളിസിറ്റർ ജനറൽമാരും ഉണ്ടായിരിക്കുന്നതാണ്. അറ്റോർണി ജനറലിന്റെ നിയമനം ഭരണഘടനാപരമായ ഒന്നാണെങ്കിൽ, സോളിസിറ്റർ ജനറലിന്റെയും അഡീഷനൽ സോളിസിറ്റർ ജനറൽമാരുടെയും നിയമനങ്ങൾ ഇതിലേക്കുള്ള നിയമപ്രകാരം നടത്തുന്നവയായിരിക്കും.

### അഡ്വക്കേറ്റ് ജനറൽ

ഹൈക്കോടതിയിൽ സംസ്ഥാന ഗവണ്മെന്റ് ഒരു കക്ഷിയായി വരുന്ന അസൽകേസുകളിലും പ്രധാനപ്പെട്ട ക്രിമിനൽ അപ്പീൽ കേസുകളിലും ഗവണ്മെന്റിനുവേണ്ടി ഹാജരാകുന്നത് അഡ്വക്കേറ്റ് ജനറൽ ആയിരിക്കും, ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടാൻ വേണ്ട യോഗ്യതയുള്ളയാളെയാണ് ഭരണഘടന 165-ാം വകുപ്പുപ്രകാരം ഗവർണർ ഈ സ്ഥാനത്ത് നിയമിക്കുക. അഡ്വക്കേറ്റ് ജനറലായി നിയമിക്കപ്പെടുന്നയാൾക്ക് ഗവർണർക്കു തൃപ്തിയുള്ളിടത്തോളം കാലം ആ സ്ഥാനത്ത് തുടരാം. എന്നാൽ ഗവർണറുടെ തൃപ്തി ഭരണഘടനാപരമായി സംസ്ഥാന മന്ത്രിസഭയുടെ ഉപദേശത്തെ ആശ്രയിച്ചിരിക്കുമെന്നതിനാൽ, അഡ്വക്കേറ്റ് ജനറലിന്റെ നിയമനവും പ്രായോഗികമായി ഒരു രാഷ്ട്രീയനിയമനമായിരിക്കുന്നതാണ്. ആവശ്യമെങ്കിൽ അഡ്വക്കേറ്റ് ജനറലിനെ ചുമതലാനിർവഹണത്തിൽ സഹായിക്കുന്നതിനുവേണ്ടി, ഗവർണർക്ക് മേൽപ്രസ്താവിച്ച രീതിയിൽ അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാരെയും നിയമിക്കാവുന്നതാണ്.

**(അവലംബം)**



# 'ഒറ്റപ്പെട്ട' സംഭവങ്ങൾ 'തുടർക്കഥ'കളാകുമ്പോൾ

**ഡോ. ഷഹബാസ് കെ അബ്ബാസ്**

കഴിഞ്ഞമാസം സോഷ്യൽ മീഡിയയിൽ നാം കണ്ട വൈറൽ വീഡിയോകളിൽ ഒന്ന്, ആറു വയസ്സ് മാത്രം പ്രായമുള്ള അന്യ സംസ്ഥാനക്കാരനായ ഒരു കുട്ടിയെ, തന്റെ കാറിൽ ചാരിനിന്നപ്പോൾ അലാറം അടിച്ചു എന്നതിന്റെ പേരിൽ, യാതൊരു മനുഷ്യപ്പറ്റുമില്ലാതെ കാറുടമ ചവിട്ടിത്തെറിപ്പിക്കുന്ന ദൃശ്യമായിരുന്നു. ആ സംഭവത്തിനു ശേഷം, താൻ ചെയ്ത 'അതിഗുരുതരമായ' പാപം എന്താണെന്ന് മനസ്സിലാകാതെ നിഷ്‌ക്കളങ്കനായി തരിച്ച് നിൽക്കുന്ന ആ കുട്ടിയുടെ നോട്ടത്തിന്റെ സിസിടിവി ദൃശ്യം; അത് കണ്ട ഓരോരുത്തരുടെയും മനസ്സാക്ഷിയെ വേട്ടയാടുന്നതായിരുന്നു. ഡിസ്‌ലൈക്കുകളായും കമന്റുകളായും കൗണ്ടർ പോസ്റ്റുകളായുമൊക്കെ ഒരു പാടാളുകൾ ഇത്തരം സംഭവങ്ങളോട് പ്രതികരിച്ചതും നാം കണ്ടു.

കുട്ടിയെ കാറിൽ കുത്തിവരക്കുന്നതിൽനിന്ന് പലതവണ വിലക്കിയിട്ടും ആവർത്തിച്ചപ്പോഴുണ്ടായ ദേഷ്യംകൊണ്ടാണ് ചവിട്ടിയത് എന്നും വിശദീകരണമുണ്ട്. അങ്ങനെയാണെങ്കിൽപോലും ഒരു ബാലനെ അപ്രകാരം ചവിട്ടിവീഴ്ത്തിയതിന് ന്യായീകരണമാകുന്നില്ല.

അതിഥിത്തൊഴിലാളികളോട് (അന്യസംസ്ഥാനക്കാർ), പ്രത്യേകിച്ചും ഉത്തരേന്ത്യയിൽ നിന്നുള്ളവരോട്, പ്രബുദ്ധരെന്നവകാശപ്പെടുന്ന കേരളീയ സമൂഹത്തിന് കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉണ്ടായിത്തീർന്ന വെറുപ്പിന്റെ ഭാഗമാണോ ഇത് എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.

'വിവരവും വിദ്യാഭ്യാസവും കക്കൂസുമില്ലാത്ത,' കേരളമാകുന്ന ഗൾഫിലേക്ക് അഭയാർഥികളായെത്തിയ, ഭൗതികമായും സാമ്പത്തികമായും സമൂഹത്തിന്റെ അടിത്തട്ടിൽ നിൽക്കുന്ന, തനിച്ച ക്രിമിനലുകളാണ് ഉത്തരേന്ത്യക്കാർ എന്ന പൊതുബോധം ഇന്ന് മലയാളി മനസ്സിൽ വേരൂന്നിയിട്ടുണ്ട് എന്ന കാര്യം നാം വിസ്മരിച്ചുകൂടാ. എന്നാൽ നിർമാണ പ്രവർത്തനങ്ങളടക്കം സകലവിധ തൊഴിൽ രംഗങ്ങളിലും കഠിനാധ്വാനം ചെയ്തുകൊണ്ട് കേരളത്തിന്റെ വികസനത്തിൽ അവർ വഹിക്കുന്ന പങ്ക് ആർക്കാണ് നിഷേധിക്കാനാവുക?

അവർക്കിടയിൽ ക്രിമിനലുകളുണ്ട്, കള്ളന്മാരും പിടിച്ചുപറിക്കാരും സ്ത്രീപീഡകരുമുണ്ട്. എന്നാൽ എല്ലാവരും അങ്ങനെയല്ലല്ലോ. ഇപ്പറഞ്ഞ കുറ്റകൃത്യങ്ങളിൽ മലയാളികൾ ഒട്ടും പുറകിലല്ല എന്ന വസ്തുത സൗകര്യപൂർവം നാം വിസ്മരിക്കുകയാണ്.

ഇത്തരം ചില 'ഒറ്റപ്പെട്ട സംഭവങ്ങൾ' തുടർക്കഥകളായി മാറുമ്പോൾ, ഇവയ്ക്ക് ഒരറുതി വരുത്തുന്നതിൽ വിശ്വാസികൾക്ക് അവരുടെതായ പങ്കുവഹിക്കാനുണ്ട്. സ്വജീവിതം കൊണ്ട് മാതൃകയായ പ്രവാചകന്റെ(സ്വ) അധ്യാപനങ്ങൾ നാം ഇതോട് ചേർത്ത് വായിക്കണം. 'ഹൃദയത്തിൽ അണു അളവ് അഹങ്കാരം (കിബ്ർ) ഉള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല' എന്നു പറഞ്ഞതിനുശേഷം നബി(സ്വ) എന്താണ് കിബ്ർ എന്ന് വിശദീകരിക്കുന്നുണ്ട്: 'കിബ്ർ എന്നാൽ സത്യത്തെ ധിക്കരിക്കലും ജനങ്ങളെ പുച്ഛിക്കലുമാണ്.'

'ഭൂമിയിലൂടെ നടക്കുമ്പോൾ നിങ്ങൾ വിനയത്തോടുകൂടി നടക്കണം' എന്ന് പഠിപ്പിച്ച പരിശുദ്ധ വേദഗ്രന്ഥമാണ് ക്വുർആൻ. കറുത്തവർഗക്കാരനും അടിമയുമായിരുന്ന ബിലാലി(റ)നെ 'നേതാവ്' എന്ന് വിശേഷിപ്പിച്ചവരാണ് പ്രവാചകാനുചരന്മാർ. അവരെ വിവേചനങ്ങൾക്കതീതമായി സ്നേഹിക്കാൻ പഠിപ്പിച്ച മഹാനാണ് നബി(സ്വ). അതുകൊണ്ടുതന്നെ യാതൊരുവിധ വിവേചന ചിന്തയും വിശ്വാസികളിൽനിന്ന് ഉണ്ടായിക്കൂടാ. വിനയത്തിന്റെയും മാനവികതയുടെയും ഉദാത്തമായ സന്ദേശമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത് എന്നർഥം.

വില: ₹280+₹360+₹420=₹1060
ഇപ്പോൾ ബുക്ക് ചെയ്യുന്നവർക്ക്:
₹860

മുസ്‌ലിം നവോത്ഥാന ചരിത്രത്തിലെ തിളങ്ങുന്ന നക്ഷത്രമാണ് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്. വഴികേടിന്റെ പടുകുഴിയിൽ വീണുകിടന്നിരുന്ന ജനതയെ ശുദ്ധമായ തൗഹീദിന്റെ പാതയിലേക്ക് നയിച്ചതിൽ അദ്ദേഹത്തിന് അനൽപമായ പങ്കുണ്ട്. തന്റെ പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ നിരവധി എതിർപ്പുകൾ അദ്ദേഹം അഭിമുഖീകരിച്ചു. ദുരാരോപണങ്ങളുടെ എല്ലാ രീതികളും ശത്രുക്കൾ അദ്ദേഹത്തിനെതിരെ പയറ്റി. കളവുകൾ കുത്തിനിറച്ച നിരവധി ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. പക്ഷേ തൗഹീദിന്റെ കൊടിവാഹകനെ തളർത്താൻ അതൊന്നും മതിയായിരുന്നില്ല.

ശൈഖിന്റെ ദഅവത്തിനെ സംശയത്തോടെയും വിമർശനത്തോടെയും നോക്കിക്കണ്ടവർക്കെല്ലാം ഇതിൽ പ്രാമാണികമായ മറുപടിയുണ്ട്. ശീഈ, സൂഫീ, ഇഖ്‌വാനീ കൂട്ടുകെട്ട് ഈ മഹാനായ മനുഷ്യനോട് ചെയ്തത് വായിക്കുമ്പോൾ ശരിക്കും നമ്മൾ അത്ഭുതപ്പെടും. എഴുത്തുകാരനും ഗവേഷകനുമായ യൂസുഫ് സാഹിബ് നദ്‌വിയാണ് ഇത് തയ്യാറാക്കിത്തന്നത്. ഡോ. ടി.ജമാൽ മുഹമ്മദ്, ഡോ. അബ്ദുറഹ്മാൻ ആദൃശ്ശേരി എന്നിവരുടെ അവതാരികകൾ ഈ ഗ്രന്ഥത്തിന്റെ മാറ്റ് കൂട്ടുന്നു. ശൈഖിന്റെ ചരിത്രം സത്യസന്ധമായി പഠിക്കണം എന്നാഗ്രഹിക്കുന്നവർക്കെല്ലാം ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണെന്നതിൽ സംശയമില്ല.

**കോപ്പികൾ ബുക്ക് ചെയ്യാനായി ഈ നമ്പറിൽ ബന്ധപ്പെടുക: 7356766478**

മൂന്ന് വാല്യങ്ങൾ




# വഹാബി നവോത്ഥാനം
## വിമർശകരും വസ്തുതകളും
ഇ യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 7356766478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 DECEMBER 03

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM
ISLAMIC ORGANIZATION

300ൽ അധികം ലക്കങ്ങൾ പിന്നിട്ട്,
ഏഴാം
വയസ്സിലേക്ക്...

7




ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ: ₹624

പ്രചാരണ
മാസത്തിൽ: ₹550

നേരിന്റെ വരമൊഴി
# നേർപഥം
വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

വരി ചേരുക,
വായിക്കുക...

## പ്രചാരണ മാസം
## 2022 നവംബർ: 10 - ഡിസംബർ: 10

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 9207965244 | mail@nerpatham.com | www.nerpatham.com